# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായംകുളം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024





കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ 8/135/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കായംകുളം മുനിസിപ്പാലിറ്റി

സർ,

**വിഷയം : കായംകുളം മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(എയിംസ് മുഖേന)
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, ആലപ്പുഴ ജില്ല
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി/ജി.എ 8/135/2025 തീയ്യതി: 27/03/2025

## ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 65 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 05-02-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ് ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-01-2025 | 05-02-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-01-2025 | 05-02-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി മായാദേവി സി.എസ്., ഓഡിറ്റ് ഓഫീസർ
ശ്രീ.റോയ് റ്റി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സുഷ റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ ജി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മീകാന്ത് പി., ഓഡിറ്റർ
ശ്രീമതി ടീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പി.കെ.ശശികല | ചെയർപേഴ്സൺ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ.സനിൽ.എസ്സ് | സെക്രട്ടറി | 01-04-2023 | 31-03-2024 |

**<u>നിർവ്വഹണഉദ്യോഗസ്ഥർ</u>**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജെ.ഉഷ | അസി,ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ | 01-04-2023 | 31-03-2024 |
| ഡോ.സൂരജ് | സീനിയർ വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഡോ.ഷാജി എസ്. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2023 | 31-03-2024 |
| ഡോ.ഗംഗ.ബി.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2023 | 14-05-2023 |
| ഡോ.മനേഷ്കുമാർ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 15-05-2023 | 06-08-2023 |
| ഡോ.ഗംഗ.ബി.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 07-08-2023 | 20-08-2023 |
| ഡോ.അജിത.ഐ റ്റി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 21-08-2023 | 31-03-2024 |
| ഡോ.സീബ മേരി ഫെർണാണ്ടസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2023 | 16-06-2023 |

| | | | |
|---|---|---|---|
| ഡോ. സുമേഷ് പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 17-06-2023 | 22-08-2023 |
| ഡോ.സ്നേഹ വി.എസ്സ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 23-08-2023 | 31-03-2024 |
| ശ്രീമതി.മോനി ഫിലിപ്പ് | സി.ഡി.പി.ഒ | 01-04-2023 | 31-03-2024 |
| ശ്രീ.സുനിൽ ചന്ദ്രൻ.എസ് | പ്രിൻസിപ്പാൾ | 01-04-2023 | 31-03-2024 |
| ശ്രീമതി.സിനി.പി | അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ബിന്ദു.എസ്.നായർ | പ്രോജക്ട് ഓഫീസർ | 01-04-2023 | 07-07-2023 |
| ശ്രീമതി.രജനി ആർ | പ്രോജക്ട് ഓഫീസർ | 08-07-2023 | 31-03-2024 |
| ശ്രീമതി.ആര്യാശങ്കർ എം എസ് | അസി.എഞ്ചിനിയർ | 17-09-2023 | 16-01-2024 |
| ശ്രീ.ജയകുമാർ റ്റി എസ്. | അസി.എഞ്ചിനിയർ | 17-01-2024 | 31-03-2024 |
| ശ്രീമതി..സൈന സമദ് | അക്രഡിറ്റഡ് എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീമതി സെമീന ആർ. | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ വിനുരാജ് .ഡി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 16-09-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വെള്ളക്കരമിനത്തിൽ ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല | 1-1-3 |
| 5 | ഡിമാൻഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | B-4 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല | 1-1-5 |
| 7 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തികളായി മാറ്റുന്നില്ല | 1-1-6 |
| 8 | ഡി.സി.ബി രജിസ്റ്ററുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലോൺ ബാധ്യത ആസ്തിയായി കാണിച്ചിട്ടില്ല | 1-1-8 |
| 10 | ഋണശീർഷകണക്കുകൾ - കൃത്യത ഉറപ്പാക്കാനുള്ള രേഖകളില്ല | 1-1-9 |
| 11 | സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പിക്കാനാവശ്യമായ രേഖകളില്ല | 1-1-10 |
| 12 | മുൻകൂറുകൾ - പെയ്മെന്റ് എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു | 1-1-11 |

| | | |
|---|---|---|
| 13 | സ്റ്റെയിൽ ചെക്കുകളുടെ ബാധ്യതയായി നെഗറ്റീവ് സംഖ്യ ഉൾപ്പെടുന്നു | 1-1-12 |
| 14 | സ്റ്റോർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല | 1-1-13 |
| 15 | പാസ് ബുക്ക്- ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല | 1-1-14 |
| 16 | വിവിധ ക്ഷേമ പദ്ധതികൾ, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-15 |
| 17 | ഭരണചെലവിനായി മുൻകൂറായി നൽകുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല | 1-1-16 |
| 18 | നഗരസഭ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും അക്കൗണ്ടിങ്ങും കാലികമായിട്ടില്ല | 1-1-17 |
| 19 | ലോൺ ബാധ്യതാ കണക്കിൽ കൃത്യതയില്ല | 1-1-18 |
| 20 | വികസനഫണ്ട് (ജനറൽ, എസ്.സി.പി)ചെലവ് വാർഷിക കണക്കുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-19 |
| 21 | ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ പത്രിക എന്നിവ പൂർണ്ണമായി ഹാജരാക്കിയില്ല, വർഷാന്ത്യ ക്ലോസിംഗ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഗ്രാന്റ് വിനിയോഗം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾ | 1-7 |

| | | |
|---|---|---|
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത – ഗണ്യമായ വരുമാന നഷ്ടം | 1-10 |
| 31 | കെ-സ്മാർട്ട് മുഖേന വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 1-11 |
| 32 | അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല, വസ്തു നികുതി നിർണ്ണയിക്കാതിരുന്നതിനാൽ നികുതി നഷ്ടം | 1-12 |
| 33 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല- വരുമാന നഷ്ടം | 1-13 |
| 34 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വരുമാന നഷ്ടം | 1-14 |
| 35 | സ്വകാര്യ വണ്ടിത്താവളങ്ങൾ (Pay&Park) അനധികൃതമായി പ്രവർത്തിക്കുന്നു- ഫീസിനത്തിൽ നഷ്ടം | 1-15 |
| 36 | ലേലത്തുക ഇനത്തിൽ കുടിശ്ശിക നിൽക്കുന്നു | 1-16 |
| 37 | യു.എ നമ്പർ നൽകിയെങ്കിലും മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല | 1-17 |
| 38 | കെ സ്മാർട്ട് ആപ്ലിക്കേഷൻ - പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും | 1-18 |
| 39 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല, ഡി.സി.ബി തയ്യാറാക്കിയില്ല – ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകളില്ല | 1-19 |
| 40 | 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-20 |
| 41 | പിഴപ്പലിശ ഈടാക്കാത്തതിനാൽ വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് 24,454/- രൂപയുടെ നഷ്ടം | 1-21 |

| | | |
|---|---|---|
| 42 | വസ്തു നികുതി പിരിവ് കാര്യക്ഷമമമായില്ല - വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു | 1-22 |
| 43 | പെയ്മെന്റ് റീഫണ്ട് മോഡ് കെ-സ്മാർട്ടിൽ സജ്ജമായില്ല, അധിക പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ തിരികെ നൽകിയില്ല | 1-23 |
| 44 | സ്പോർട്സ് ടർഫുകൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ വസ്തുനികുതി ചുമത്തിയില്ല- വരുമാന നഷ്ടം | 1-24 |
| 45 | അനുമതിയില്ലാതെ നിർമ്മിച്ച ടർഫ്/ഇൻഡോർ കോർട്ടുകളുടെ പെർമിറ്റ് ഫീസ്/ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല, നഗരസഭയ്ക്ക് വരുമാന നഷ്ടം | 1-25 |
| 46 | രസീത് ബുക്ക്- സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുന്നില്ല, ക്രമരഹിതമായ വിതരണം | 1-26 |
| 47 | OFC പോളുകളുടെ വാടക – തുടർ വർഷങ്ങളിൽ വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല | 1-27 |
| 48 | ബയോ കമ്പോസ്റ്റർ ബിൻ വിതരണം - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 49 | ഗവ.യു.പി.എസ്. കൃഷ്ണപുരം കെട്ടിടം അറ്റകുറ്റ പ്പണി പാതി വഴിയിൽ | 1-29 |
| 50 | ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ – സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു | 1-30 |
| 51 | അർബൻ ഹെൽത്ത് & വെൽനെസ് സെന്ററിലേയ്ക്ക് സ്റ്റാഫ് നിയമനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1-31 |
| 52 | ഓഡിറ്റ് ഇംപാക്ട് - സ്കോളർഷിപ്പിനത്തിൽ അധികം നൽകിയ തുക വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി | 1-32 |
| 53 | വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു | 1-33 |

| | | |
|---|---|---|
| 54 | ഭവന അറ്റകുറ്റപ്പണി ജനറൽ - മൂല്യനിർണ്ണയസാക്ഷ്യപത്ര പ്രകാരമുള്ള തുക നൽകിയില്ല | 1-34 |
| 55 | UH&W സെന്ററിലേയ്ക്ക് ഫർണീച്ചറും അനുബന്ധ സാധനങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം ലംഘിച്ച് വാങ്ങൽ നടത്തി | 1-35 |
| 56 | ലൈബ്രറി സെസ് യഥാസമയം അടവാക്കിയില്ല - നഗരസഭക്ക് 1.09 കോടി രൂപയുടെ ബാധ്യത | 1-36 |
| 57 | ഓഡിറ്റ് റിക്കവറിയിനത്തിൽ 7.19 ലക്ഷം രൂപയുടെ ബാധ്യത – തുക സർക്കാർ ഫണ്ടിൽ ഒടുക്കിയില്ല | 1-37 |
| 58 | മൂല്യവർദ്ധിത നികുതി- 1.4 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കിയില്ല | 1-38 |
| 59 | വിവിധ മുൻകൂറുകൾ കാലാവധി കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല | 1-39 |
| 60 | പ്രോക്യുർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങൽ നടത്തുന്നു | 1-40 |
| 61 | ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (റെഗുലർ & കണ്ടിജന്റ്) കൃത്യമായി അടവാക്കുന്നില്ല, കുടിശ്ശിക കോടികൾ | 1-41 |
| 62 | ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ -പ്ലാന്റ് പ്രവർത്തന സജ്ജമായില്ല | 1-42 |
| 63 | പി.എം.എ.വൈ ഭവന നിർമ്മാണം ഗുണഭോക്താവ് തിരിച്ചടച്ച തുക നഗരസഭയുടെ പി.എം.എ.വൈ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-43 |
| 64 | സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവർക്ക് തുക അക്കൌണ്ടിലേക്ക് നൽകി | 1-44 |
| 65 | ആധുനിക വാതകശ്മശാനം -നടപടിക്രമങ്ങൾ മന്ദഗതിയിൽ | 1-45 |
| 66 | അങ്കണവാടി നവീകരണം -പെയിന്റിംഗ് ഇനത്തിൽ തുക അധികം ചെലവഴിച്ചു | 1-46 |
| 67 | ജി.എസ്.റ്റി. - ടി.ഡി.എസ് ഉറവിടത്തിൽ കുറവ് ചെയ്തില്ല | 1-47 |

| | | |
|---|---|---|
| 68 | ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല | 1-48 |
| 69 | താലൂക്കാശുപത്രിയിലെ മരുന്നുകളുടെ ലഭ്യത – രേഖകൾ കൃത്യമല്ല | 1-49 |
| 70 | പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല | 1-50 |
| 71 | അഡ്വാൻസ് തുക നല്കി ഒരു വർഷത്തോളമായിട്ടും എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല | 1-51 |
| 72 | തെരുവ് വിളക്ക് പരിപാലനം - രേഖകൾ കൃത്യമല്ല | 1-52 |
| 73 | നടപടിക്രമങ്ങൾ പാലിയ്ക്കാതെ പദ്ധതി നടപ്പിലാക്കി | 1-53 |
| 74 | അർഹരായ ഗുണഭോക്തക്കൾക്ക് ആശ്രയ ഫണ്ട് വിനിയോഗിച്ചു-ഓഡിറ്റ് ഇംപാക്ട് | 1-54 |
| 75 | ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ പത്രിക, ബാങ്ക് ബുക്ക് എന്നിവ പൂർണ്ണമായി ഹാജരാക്കിയില്ല, വർഷാന്ത്യ ബാലൻസ് തുകകളിൽ അവ്യക്തത | 1-55 |
| 76 | ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല | 1-56 |
| 77 | ഫിസിയോതെറാപ്പി ഉപകരണങ്ങൾ അടിസ്ഥാന സൌകര്യമൊരുക്കാതെ വാങ്ങൽ നടത്തി | 1-57 |
| 78 | ജീവനക്കാരുടെ എസ്.എൽ.ഐ ഈടാക്കുന്നില്ല | 1-58 |
| 79 | ഫണ്ട് ലഭ്യമായില്ല -ആധുനിക അറവുശാലാ നിർമ്മാണം അനന്തമായി നീളുന്നു | 1-59 |
| 80 | സ്ട്രീറ്റ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു | 1-60 |
| 81 | ചേരാവള്ളി യു.പി.എച്ച്.സിയ്ക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ -വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-61 |

| | | |
|---|---|---|
| 82 | എൻ എസ് ഡി പി മുഖേന ഭവന നിർമ്മാണം - ലോൺ ബാധ്യത തീർപ്പാക്കി - ഗുണഭോക്താക്കൾക്ക് ആശ്വാസകരമായ നടപടി | 1-62 |
| 83 | സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിച്ചില്ല - പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക കോടികൾ | 1-63 |
| 84 | ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നഷ്ട പരിഹാരം ലഭിച്ചില്ല | 1-64 |
| 85 | നഗരസഭാ സ്റ്റേഡിയം, ഗവ.ഐ.റ്റി.ഐ, ആധുനിക അറവ് ശാല എന്നിവയ്ക്കായി സ്ഥലമെടുപ്പ്- പൂർത്തിയായില്ല | 1-65 |
| 86 | എം സി എഫ് നിർമ്മാണം -ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവർത്തികൾ നടപ്പാക്കുന്നതിൽ കാലതാമസം | 1-66 |
| 87 | അമൃത് പദ്ധതി -പ്രവർത്തന പുരോഗതിയില്ല | 1-67 |
| 88 | ഡമ്പിംഗ് ഗ്രൌണ്ട് മാലിന്യം നീക്കം- രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു | 1-68 |
| 89 | ഗവ. ഗേൾസ് എച്ച് എസ് എസ് -കായംകുളം സ്ട്രക്ചറൽ ഡിസൈൻ ചെയ്തതിന് തുക അനുവദിച്ചു- നാളിതുവരെ നിർമ്മാണം ആരംഭിച്ചില്ല | 1-69 |
| 90 | പി.എം.എ.വൈ ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചില്ല | 1-70 |
| 91 | മുനിസിപ്പൽ പെൻഷൻ ഫണ്ട് വിതരണത്തിലെ ന്യൂനതകൾ | 1-71 |
| 92 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യ സംസ്കരണം - ഒരു അവലോകനം | 1-72 |


**ഭാഗം 2**

| | | |
|---|---|---|
| 1 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല- വരുമാന നഷ്ടം | 2-1 |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വരുമാന നഷ്ടം | 2-2 |
| 3 | സ്വകാര്യ വണ്ടിത്താവളങ്ങൾ (Pay&Park) അനധികൃതമായി പ്രവർത്തിക്കുന്നു- ഫീസിനത്തിൽ നഷ്ടം | 2-3 |
| 4 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത – ഗണ്യമായ വരുമാന നഷ്ടം | 2-4 |
| 5 | കെ-സ്മാർട്ട് മുഖേന വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് | 2-5 |
| 6 | പിഴപ്പലിശ ഈടാക്കാത്തതിനാൽ വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് 24,454/- രൂപയുടെ നഷ്ടം | 2-6 |
| 7 | അനുമതിയില്ലാതെ നിർമ്മിച്ച ടർഫ്/ഇൻഡോർ കോർട്ടുകളുടെ പെർമിറ്റ് ഫീസ്/ റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല, നഗരസഭയ്ക്ക് വരുമാന നഷ്ടം | 2-7 |
| 8 | സ്പോർട്സ് ടർഫുകൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ വസ്തുനികുതി ചുമത്തിയില്ല- വരുമാന നഷ്ടം | 2-8 |
| **ഭാഗം 3** | | |
| 1 | വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു | 3-1 |
| 2 | ഗവ.യു.പി.എസ്. കൃഷ്ണപുരം കെട്ടിടം അറ്റകുറ്റപ്പണി പാതിവഴിയിൽ | 3-2 |
| 3 | അങ്കണവാടി നവീകരണം -പെയിന്റിംഗ് ഇനത്തിൽ തുക അധികം ചെലവഴിച്ചു | 3-3 |
| 4 | ഫിസിയോതെറാപ്പി ഉപകരണങ്ങൾ അടിസ്ഥാന സൌകര്യമൊരുക്കാതെ വാങ്ങൽ നടത്തി | 3-4 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കായംകുളം നഗരസഭയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30.07.2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 31.07.2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007-ലെ കേരള മുനിസിപ്പാലിറ്റി (അക്കൌണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷികധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൌണ്ടിംഗ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും

അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടേയും, സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കായംകുളം നഗരസഭയുടെ 2023-24 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 വെള്ളക്കരമിനത്തിൽ ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നുണ്ടെങ്കിലും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭയുടെ 31.03.2024 ലെ പൊതുടാപ്പ് വെള്ളക്കരം കുടിശ്ശിക 12.56 കോടിയാണ്. എന്നാൽ ഈ ബാദ്ധ്യത വാർഷിക ധനകാര്യ പത്രികയിൽ (ബാലൻസ് ഷീറ്റിൽ) ഉൾപ്പെടുത്തിയിട്ടില്ല. 31.12.2024 ആയപ്പോൾ കുടിശ്ശിക 17.22 കോടിയായി ഉയർന്നിട്ടുണ്ട്.

**1-1-2 ധനകാര്യകമ്മീഷൻ ഗ്രാന്റ് വരവ് ചെലവ് തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല**

ധനകാര്യകമ്മീഷൻ അവാർഡ് ഇനത്തിൽ തൻവർഷം യഥാർത്ഥത്തിൽ ലഭിച്ച തുകയും യഥാർത്ഥ ചെലവും അല്ല എ.സി.ആർ, സുലേഖ പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിന്റെ ഇൻകം & എക്സ്പെൻഡിച്ചർ I-6 ൽ സി.എഫ്.സി (ടൈഡ് & അൺടൈഡ്)ചെലവ് വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല. സി.എഫ്.സി (ടൈഡ് & അൺടൈഡ് ) ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ (I-6) ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

**1-1-3 വാർഷിക കണക്കുകളിൽ എല്ലാ പത്രികകളും ഉൾപ്പെടുന്നില്ല**

കേരള മുൻസിപ്പാലിറ്റി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A) റേഷ്യോസ്

B) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

**1-1-4 ഡിമാൻഡ് ഉത്ഭവസമയത്ത് രേഖപ്പെടുത്തുന്നില്ല**

വസ്തുനികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) എന്നിവയുടെ വരുമാനം സംബന്ധിക്കുന്ന ലെഡ്ജർ പരിശോധിച്ചതിൽ സമയബന്ധിതമായി ഡിമാൻഡ് എൻട്രികളില്ലായെന്ന് കാണുന്നു. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല.

**1-1-5 B-4 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത വിശദീകരിക്കപ്പെട്ടില്ല**

B4 പത്രികയിൽ 320200102, 320200106 എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള വികസനഫണ്ട് (SCP), വികസനഫണ്ട് (സ്പെഷ്യൽ ഗ്രാന്റ്) എന്നിവയും 320100100, 320801000, 320802000, 320809900 എന്നീ ഹെഡുകളിൽ ബാദ്ധ്യതയായി ഉൾപ്പെട്ട തുകകളുടെ കൃത്യതയും വിശദീകരിക്കേണ്ടതാണ്. പ്രസ്തുത ഷെഡ്യൂളിൽ ബാദ്ധ്യതയായി നിൽക്കുന്ന എല്ലാ ഗ്രാന്റുകളുടേയും കൃത്യത നിരീക്ഷിക്കുന്നതിനാവശ്യമായ എ.സി.ആർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തികളായി മാറ്റുന്നില്ല**

നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തുന്ന തുകകൾ ആസ്തിയായി മാറ്റുന്നില്ല. 2023-24 ലെ കണക്കുകളിൽ മുന്നിരിപ്പ് ഉൾപ്പെടെ 412100100 എന്ന ഹെഡ്ഡിൽ 6,96,88,192/- രൂപ നിൽക്കുന്നു. ഇത്രയും ഗണ്യമായ തുക ചെലവുണ്ടെങ്കിലും ആസ്തി രൂപീകരണം പൂർത്തിയാകാത്തത് വിശദീകരിക്കേണ്ടതാണ്.

**1-1-7 ഡി.സി.ബി രജിസ്റ്ററുകളും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല**

വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് എന്നീ വരവിനങ്ങൾക്ക് വർഷാന്ത്യം ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ലൈസൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

**1-1-8 ലോൺ ബാധ്യത ആസ്തിയായി കാണിച്ചിട്ടില്ല**

ഭവന നിർമ്മാണത്തിനായി എടുക്കുന്ന ലോൺ (HUDCO), K.U.R.D.F.C ലോൺ എന്നിവയിൽ ചെലവഴിച്ച തുക Prepaid Expenses ആയി ബി-16 ഷെഡ്യൂളിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിട്ടില്ല.

**1-1-9 ഋണശീർഷകണക്കുകൾ - കൃത്യത ഉറപ്പാക്കാനുള്ള രേഖകളില്ല**

സർക്കാരിലേക്ക്, അല്ലെങ്കിൽ മറ്റ് ഏജൻസികൾക്ക് നൽകുവാനുള്ളത് എന്ന നിലയിൽ B-9 പത്രികയിലുൾപ്പെടുന്ന തുകകളുടെ കൃത്യത വ്യക്തമാക്കുന്ന രജിസ്റ്ററുകൾ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ലെഡ്ജർ ബുക്കുകളിലെ രേഖപ്പെടുത്തലുകൾ

അപൂർണ്ണമായതിനാൽ ഇവ യഥാർത്ഥത്തിൽ ഒടുക്കുവാനുള്ള തുകയാണോയെന്ന് പരിശോധിച്ചുറപ്പാക്കാനായില്ല.

**1-1-10 സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ കൃത്യത ഉറപ്പിക്കാനാവശ്യമായ രേഖകളില്ല**

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി സ്വീകരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഇ.എം.ഡി, റിട്ടെൻഷൻ തുടങ്ങിയ തിരികെ നൽകേണ്ട ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചും വർഷം തിരിച്ചുമുള്ള കണക്ക് ബന്ധപ്പെട്ട രജിസ്റ്ററിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാനായിട്ടില്ല.

**1-1-11 മുൻകൂറുകൾ - പെയ്മെന്റ് എന്ന നിലക്ക് വാർഷികകണക്കിൽ ഉൾപ്പെടുത്തുന്നു**

വിവിധ നിർവ്വഹണ ഏജൻസികൾക്ക് നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂറുകൾ നൽകുന്നുണ്ട്. എന്നാൽ ഈ തുകകൾ പേയ്മെന്റ് എന്ന നിലക്കാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നത്. ആകയാൽ നിക്ഷേപ പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കാനാകാത്ത സാഹചര്യമുണ്ട്. തൻവർഷം വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത ഈ തുകകൾ വാർഷിക കണക്കുകളിലെ B-18 (Loans Advances & Deposits) പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് നിർവ്വഹണ ഏജൻസികളുടേയും നിർവഹണ ഉദ്യോഗസ്ഥരുടേയും പക്കൽ നിക്ഷേപ പ്രവൃത്തികൾക്കായി മുൻകൂർ നൽകിയതും നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതും ക്രമീകരിക്കാത്തതുമായ മുഴുവൻ തുകകളും ഉൾപ്പെടുത്തി വാർഷിക കണക്ക് കൃത്യമാക്കേണ്ടതാണ്.

**1-1-12 സ്റ്റെയിൽ ചെക്കുകളുടെ ബാധ്യതയായി നെഗറ്റീവ് സംഖ്യ ഉൾപ്പെടുന്നു**

സ്റ്റെയിൽ ചെക്കുകളുടെ ബാധ്യത (-)32000/- രൂപയാണെന്ന് കാണുന്നു. മുൻ വർഷങ്ങളിൽ മുതൽ നിലനിൽക്കുന്ന പ്രസ്തുത നെഗറ്റീവ് സംഖ്യയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

**1-1-13 സ്റ്റോർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല**

B-14 എന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്റ്റോർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

**1-1-14 പാസ് ബുക്ക്- ബാങ്ക് ബുക്ക് പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ല**

2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൌണ്ട്സ് ചട്ടങ്ങളിലെ ചട്ടം 53 പ്രകാരം നഗരസഭയുടെ വിവിധ അക്കൌണ്ടുകളുടെ ബാങ്ക് ബുക്ക് പാസ് ബുക്കുമായി വർഷാന്ത്യം പൊരുത്തപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ബാങ്ക് അക്കൗണ്ടുകളുടെ പാസ് ബുക്ക്/ സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീകൺസിലേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-15 വിവിധ ക്ഷേമ പദ്ധതികൾ, അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വിവിധ ക്ഷേമ പെൻഷൻ ചെലവുകൾ, തൊഴിൽ രഹിത വേതനം ഇനങ്ങളിലെ ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ (I-6) ഉൾപ്പെട്ടിട്ടില്ല. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന 30 ഗുണഭോക്താക്കൾ നിലവിൽ ഉണ്ട്. കൂടാതെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ചെലവുകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-16 ഭരണചെലവിനായി മുൻകൂറായി നൽകുന്ന തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഭരണചെലവിനായി മുൻസിപ്പൽ ഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. സാധാരണ പേയ്മെന്റായാണ് തുക ചെലവഴിക്കപ്പെടുന്നത്. എന്നാൽ ഇപ്രകാരം ചെലവഴിക്കപ്പെടുന്ന തുകയുടെ കണക്കോ റീക്ലപ്പ് ചെയ്യേണ്ട തുകയുടെ കണക്കോ ലഭ്യമല്ല. മുൻകൂറായി നൽകിയ തുകകൾ വാർഷിക കണക്ക് ബി-18 ഷെഡ്യൂളിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-17 നഗരസഭ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും അക്കൗണ്ടിങ്ങും കാലികമായിട്ടില്ല**

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി നഗരസഭാ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01.04.2023 ൽ മുന്നിരിപ്പായുള്ള ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ അനുബന്ധ രേഖകൾ ലഭ്യമല്ല. സ്ഥിര ആസ്തികളുടെ ഡേറ്റാബേസ് നിലവിലില്ലാത്തതിനാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ

മൂല്യത്തിന്റേയും ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റേയും കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. കൂടാതെ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റും ഓഡിറ്റിൽ ഹാജരാക്കിയില്ല.

**<u>1-1-18 ലോൺ ബാധ്യതാ കണക്കിൽ കൃത്യതയില്ല</u>**

ഹഡ്കോ ലോൺ തിരിച്ചടവിന്റെ ഭാഗമായി തൻവർഷം ജി.ഒ പ്രോജക്ടായി 38,66,666/- രൂപ സോഴ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എങ്കിലും വാർഷിക ധനകാര്യ പത്രികയിലെ ലോൺ ബാധ്യതയിൽ നിന്നും പ്രസ്തുത തുക കുറവ് ചെയ്തിട്ടില്ല. ജി.ഒ പ്രോജക്ട് മുഖേന അടവാക്കിയ 38,66,666/- രൂപ ബാധ്യതയിൽ നിന്ന് കുറവ് വരുത്താതിരുന്നതിനാൽ പ്രസ്തുത തുക കൂടി ചേർന്ന തുകയാണ് വാർഷിക കണക്ക് ബി-5 ൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളത്.

**<u>1-1-19 വികസനഫണ്ട് (ജനറൽ, എസ്.സി.പി)ചെലവ് വാർഷിക കണക്കുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു</u>**

സുലേഖ ചെലവ് പത്രിക പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നുള്ള ചെലവ് 3,86,34,673/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ചെലവ് 3,23,72,501/- രൂപയാണ്.

സുലേഖ ചെലവ് പത്രിക പ്രകാരം വികസനഫണ്ട് എസ്.സി.പി ഇനത്തിലുള്ള ചെലവ് 69,08,795/- രൂപയാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം ചെലവ് 76,98,581/- രൂപയാണ്. വാർഷിക കണക്കിലെ ചെലവുകൾ യഥാർത്ഥ ചെലവിനെ പ്രതിഫലിപ്പിക്കുന്നില്ല. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

**<u>1-1-20 ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ പത്രിക എന്നിവ പൂർണ്ണമായി ഹാജരാക്കിയില്ല, വർഷാന്ത്യ ക്ലോസിംഗ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായില്ല</u>**

31.03.2024 തീയതിയിലെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ പത്രിക എന്നിവ പൂർണ്ണമായി ഹാജരാക്കിയില്ല, വർഷാന്ത്യ ക്ലോസിംഗ് തുകകളുടെ കൃത്യത ഉറപ്പ് വരുത്താനായില്ല.

അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്ക് (1/27.01.2025, 45/01.02.2025) മറുപടി ഹാജരാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും ആവശ്യമായ രജിസ്റ്ററുകളും രേഖകളും

തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 12.02.2024 ലെ I(1)- ാം നമ്പർ തീരുമാന പ്രകാരം പുതുക്കി അംഗീകരിച്ചു. പുതുക്കിയ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം 2023-24 | 72,17,76,639 | 74,31,44,517 |
| പുതുക്കിയ ബജറ്റ് പ്രകാരം | 57,94,08,598 | 58,47,04,371 |
| വാർഷിക കണക്ക് പ്രകാരം(ഇൻകം&എക്സ്പെൻറ്റീച്ചർ) | 20,25,63,063 | 20,46,15,869 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12,30,55,152.98 |
| വരവ് | 26,84,08,340 |
| ആകെ | 39,14,63,492.98 |
| ചെലവ് | 27,30,76,932 |
| നീക്കിയിരിപ്പ് | 11,83,86,560.98 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | ജി.ഒ പ്രോജക്ട് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 3,98,78,389 | 64,85,133 | 4,63,63,522 | 3,86,34,673 | 77,28,849 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | - | 1,82,48,145 | 53,333 | 1,83,01,478 | 69,08,795 | 1,13,92,683 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് | 0 | 1,58,86,000 | - | 1,58,86,000 | 1,50,51,848 | 8,34,152 (നീക്കിയിരിപ്പ്) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് | 1,02,53,572 | 10590500+1009605(പലിശ)= 11600105 | - | 2,18,53,677 | 1,93,83,814 | 24,69,863 (നീക്കിയിരിപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1,96,96,000 | - | 1,96,96,000 | 82,66,122 | 1,14,29,878 (ലാപ്സായി) |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 3,20,77,400 | - | 3,20,77,400 | 2,23,78,313 | 96,99,087 (ലാപ്സായി) |

*വാർഷിക ധനകാര്യ പത്രികയിൽ അപാകതയുള്ളതിനാൽ സുലേഖ ചെലവ് പത്രികയിലെ യഥാർത്ഥ ചെലവും വാർഷിക ധനകാര്യ പത്രികയിലെ ചെലവും തമ്മിൽ പൊരുത്തമില്ല. ആയതിനാൽ സുലേഖ പത്രികയിലെ ചെലവ് തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## **1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| 376 | 29,14,25,978 | 376 | 12,73,702 | 158 | 73 | 145 | 42.02% |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി AUEGS | 33,995 | 1,38,27,284 | 1,38,61,279 | 1,34,99,876 | 3,61,403 |

## 1-7 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 10,000 | 52 |
| കർഷക തൊഴിലാളി പെൻഷൻ | 31,10,530 | 163 |
| വിധവാ പെൻഷൻ | 4,08,44,611 | 2518 |
| വാർദ്ധക്യകാല പെൻഷൻ | 10,15,22,526 | 6390 |
| വികലാംഗ പെൻഷൻ | 1,38,08,602 | 768 |
| അവിവാഹിത പെൻഷൻ | 7,29,470 | 41 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് - 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.01.2025 തീയതിയിൽ 3.30PM-ന് സ്ഥാപനമേധാവിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 2,01,720/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുള്ള പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകളായ വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവയിൽ വാർഷിക ഡി സി ബി തയാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) വികസന ഫണ്ട് (ജനറൽ), എസ്. സി പി പദ്ധതികളുടെ സുലേഖ പത്രിക പ്രകാരമുള്ള ചെലവും വാർഷിക കണക്കുകൾ തമ്മിലുള്ള ചെലവും പൊരുത്തപ്പെടുന്നില്ല.

3) വിവിധ ക്ഷേമ പെൻഷനുകൾക്കായി ലഭിച്ച തുകയുടെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) മുൻകൂറായി വിവധ ഏജൻസികളിൽ നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ലാത്തതുമായ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5) 1.1.2024 ന് ശേഷം കെ സ്മാർട്ട് നിലവിൽ വന്നെങ്കിലും വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നാവശ്യമായ ഓഡിറ്റർ ലോഗ് ഇൻ ലഭ്യമല്ല. പകരം സംവിധാനമായ എംപ്ലോയീസ് ലോഗിനിൽ പ്രവേശിച്ചാണ് വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാൻ സാധിക്കുന്നത്.

6) നഗരസഭാ പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾക്കൊള്ളിച്ച് കൊണ്ട് വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തായാറാക്കിയിട്ടില്ല. അതിനാൽ തന്നെ നഗരസഭാ പരിധിയിലെ എല്ലാ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞില്ല. വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് ഇനത്തിലെ വരവിന്റെ വാർഷിക സംക്ഷിപ്തം തയാറാക്കിയിട്ടില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തു നികുതി നിർണ്ണയത്തിൽ അപാകത – ഗണ്യമായ വരുമാന നഷ്ടം

2011 ലെ കേരള മുൻസിപ്പാലിറ്റി നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസൃതമായി അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതും നിയമാനുസൃത വർദ്ധനവും ഇളവും ചുമത്തേണ്ടതുമാണ്. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവയിലെ നിർദ്ദേശ പ്രകാരം നഗരസഭയിലെ 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയോടൊപ്പം 15% വർദ്ധനവ് വരുത്തണമെന്ന് നർദ്ദേശിക്കുന്നു. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നികുതിയും നിയമാനുസൃത വർദ്ധനവും ചുമത്തിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട ഉടമ, സ്ഥാപനത്തിന്റെ പേര് | വാർഡ്, കെട്ടിട നം., | വിസ്തീർണ്ണം (ച.മീ.) | ചുമത്തിയ നികുതി നിരക്ക്/ ച.മീ. | ചുമത്തിയ വർദ്ധനവ്/ ഇളവ് | ചുമത്തിയ നികുതി | ചുമത്തേണ്ട വർദ്ധനവ്/ ഇളവ് | ചുമത്തേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1. | സീന/ അശ്വതി (കല്യാൺ ജ്വവലേഴ്സ്) | 33/512 | 37.28 | @80 | വഴി + 20%<br>ബഹുനില ഇളവ്-5% | 3400 | ശീതീകരണം+10%<br>വഴി + 20%<br>ബഹുനില ഇളവ്-5% | 3683 | 283 |
| | **ആകെ** | | **37.28** | | | | | | **283** |
| 2. | ഗോപാലകൃഷ്ണൻ / തുളസി (എൽമെക്സ് വെഡ്ഡിംഗ് കാസിൽ, എൽമെക്സ് ഗോൾഡ്, സിൽവർ & ഡയമണ്ട്) | 36/620 | 835 | @60 | വഴി സൌകര്യം വർദ്ധനവ് + 20%<br>ബഹുനില ഇളവ്-5% | 57114 | ശീതീകരണം +10%<br>വഴി + 20%<br>തറവിസ്തൃതി+15%<br>ബഹുനില ഇളവ്-5%<br>വിസ്തീർണ്ണം @ 80/ച.മീ | 92017 | 34903 |
| | | 36/621 | 835 | @80 | വഴി സൌകര്യം വർദ്ധനവ് + 20%<br>ബഹുനില ഇളവ്-5% | 76152 | വഴി + 20%<br>ശീതീകരണം +10%<br>തറവിസ്തൃതി+15%<br>ബഹുനില ഇളവ്-5% | 92017 | 15865 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | **ആകെ** | | **1670** | | | | | | **50768** |
| 3. | കൃഷ്ണകുമാർ (ഭീമാ ജൂവലേഴ്സ്) | 36/1700 | 185.72 | @120 | വഴി സൌകര്യം വർദ്ധനവ്+ 20% ശീതീകരണം+10% | 28972 | വഴി+ 20% തറവിസ്തൃതി+15% ശീതീകരണം+10% | 32315 | 3343 |
| | | 36/1701 | 210.56 | @120 | | 32847 | | 36637 | 3790 |
| | | 36/1702 | 214.78 | @120 | | 33506 | | 37372 | 3866 |
| | **ആകെ** | | **611.06** | | | | | | **10999** |
| 4. | ബിജി സുരേഷ്, അപ്പു സുരേഷ് (റിലയൻസ്) | 36/1000 | 150.69 | @60 | വഴി സൌകര്യം വർദ്ധനവ്+ 20% | 10850 | വഴി+ 20% ശീതീകരണം +10% വിസ്തീർണ്ണം@80/ച.മീ | 15672 | 4822 |
| | | 36/1001 | 239.05 | @80 | വഴി+ 20% | 22949 | വഴി+20% ശീതീകരണം +10% | 24861 | 1912 |
| | **ആകെ** | | **389.74** | | | | | | **6734** |
| 5. | സെക്രട്ടറി, അൽഫിദ ചാരിറ്റബിൾ ട്രസ്റ്റ് | 2/243 | 169 | @60 | വഴി സൌകര്യം വർദ്ധനവ്+20% | 12168 | വഴി+ 20% വിസ്തീർണ്ണം @80/ച.മീ | 16224 | 4056 |
| | **ആകെ** | | **169** | | | | | | **4056** |
| 6. | സേതുനാഥൻ(മികാസ് കൺവെൻഷൻ സെന്റർ) | 22/88 | 3646.5 | @50 | വർദ്ധനവ് +45% മേഖല ഇളവ്-10% | 246139 | ആകെ വർദ്ധനവ് +45% (കെ.പി റോഡിന് സമീപം പ്രഥമ മേഖലയായതിനാൽ മേഖലാ ഇളവിന് അർഹതയില്ല) | 264371 | 18232 |
| | **ആകെ** | | **3646.50** | | | | | | **18232** |
| 7. | താജുദ്ദീൻ (ഹിബ ഫ്യൂവൽസ് - പെട്രോൾ പമ്പ്) | 21/410 | 46.8 | @60 | വർദ്ധനവ് വഴി+20% ഇളവ്(കാലപ്പഴക്കം)-10% | 3089 | വർദ്ധനവ് വഴി+20% ഇളവ്(കാലപ്പഴക്കം)-10% വിസ്തീർണ്ണം @70/ച.മീ | 3604 | 515 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | **ആകെ** | | **46.80** | | | | | | **515** |
| 8. | താഹിറ മജീദ് (മോർ സൂപ്പർ മാർക്കറ്റ്) | 15/277 | 115.34 | @60 | വർദ്ധനവ് വഴി+20% | 8304 | വിസ്തീർണ്ണം @ 80/ച.മീ<br>ശീതീകരണം +10%<br>തറവിസ്തൃതി+15%<br>വഴി+20% | 13379 | 5075 |
| | | 15/278 | 115.34 | @60 | വർദ്ധനവ് വഴി+20% | 8304 | വിസ്തീർണ്ണം @80/ച.മീ<br>ശീതീകരണം +10%<br>തറവിസ്തൃതി+15%<br>വഴി+20% | 13379 | 5075 |
| | | 15/279 | 115.34 | @60 | വർദ്ധനവ് വഴി+20% | 8304 | വിസ്തീർണ്ണം @80/ച.മീ<br>ശീതീകരണം+10%<br>തറവിസ്തൃതി+15%<br>വഴി+20% | 13379 | 5075 |
| | | 15/280 | 115.34 | @60 | വർദ്ധനവ് വഴി+20% | 8304 | വിസ്തീർണ്ണം @80/ച.മീ<br>ശീതീകരണം +10%<br>തറവിസ്തൃതി+15%<br>വഴി+20% | 13379 | 5075 |
| | **ആകെ** | | **461.36** | | | | | | **20300** |
| 9. | അബ്ദുൾ റഷീദ്, ഷംല (റിലയൻസ് റീറ്റെയിൽ മാൾ) | 15/744 | 400.60 | @120 | വർദ്ധനവ് വഴി+20%<br>തറവിസ്തൃതി+15% | 64897 | വഴി+20%<br>ശീതീകരണം +10%<br>തറവിസ്തൃതി+15% | 69704 | 4807 |
| | | 15/745 | 399.17 | @120 | വർദ്ധനവ് വഴി+20%<br>തറവിസ്തൃതി+15% | 64666 | ശീതീകരണം +10%<br>വഴി+20% | 69455 | 4789 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | തറവിസ്തൃതി+15% | | |
| | | 15/746 | 400.60 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 64897 | ശീതീകരണം +10% വഴി+20% തറവിസ്തൃതി+15% | 69704 | 4807 |
| | | 15/747 | 399.17 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 64666 | ശീതീകരണം +10% വഴി+20% തറവിസ്തൃതി+15% | 69455 | 4789 |
| | **ആകെ** | | **1599.54** | | | | | | **19192** |
| 10. | അബ്ദുൾ സമീർ/ ഫാത്തിമ ബീവി (ആറ്റിൻകര ഇലക്ട്രോണിക്സ്) | 15/705 | 435.79 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 70598 | വഴി+20% തറവിസ്തൃതി+15% ശീതീകരണം +10% | 75827 | 5229 |
| | **ആകെ** | | **435.79** | | | | | | **5229** |
| 11. | ജോൺസൺ.സി. വർഗ്ഗീസ് (നന്ദിലത്ത് ജി-മാർട്ട്) | 15/791 | 338.61 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 54855 | വഴി+20% തറവിസ്തൃതി+15% ശീതീകരണം +10% | 58918 | 4063 |
| | | 15/792 | 390.8 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 63310 | വഴി+20% തറവിസ്തൃതി+15% ശീതീകരണം +10% | 67999 | 4689 |
| | | 15/793 | 390.8 | @120 | വർദ്ധനവ് വഴി+20% തറവിസ്തൃതി+15% | 63310 | വഴി+20% തറവിസ്തൃതി+15% ശീതീകരണം +10% | 67999 | 4689 |
| | **ആകെ** | | **1120.21** | | | | | | **13441** |
| | **ഒട്ടാകെ** | | | | | | | | **149749** |

മേൽ പട്ടിക പ്രകാരം ക്രമ നം.1 മുതൽ 11 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ 1,49,749/- രൂപയുടെ കുറവുണ്ടായി. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.01.2025) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

**1-11 കെ-സ്മാർട്ട് മുഖേന വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്**

2011 ലെ കേരള മുൻസിപ്പാലിറ്റി നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസൃതമായി അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതും നിയമാനുസൃത വർദ്ധനവും ഇളവും വരുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥല പരിശോധനയിൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടം കേന്ദ്രീകൃത ശീതീകരണ സംവിധാനത്തോടെ പ്രവർത്തിക്കുന്നതായി കണ്ടെങ്കിലും ആയതിന് ബാധകമായ 10% നികുതി വർദ്ധന വരുത്തിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട ഉടമ, സ്ഥാപനത്തിന്റെ പേര് | വാർഡ്, കെട്ടിട നം., | വിസ്തീർണ്ണം (ച.മീ.) | ചുമത്തേണ്ട നികുതി (/ ച.മീ.) | ചുമത്തേണ്ട വർദ്ധനവ്/ ഇളവ് | ചുമത്തേണ്ട ആകെ നികുതി | ചുമത്തിയ നികുതി | അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|---|---|---|
| | | | | | | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1. | ജോൺ മത്തായി (മാക്സ് വെഡ്ഡിംഗ് കളക്ഷൻ) | 15/825 | 1270.74 | @100 | വർദ്ധനവ് - 20%(വഴി) വർദ്ധനവ്-15% (തറനിർമ്മിതി) വർദ്ധനവ്-10% (ശീതീകരണം) ആകെ വർദ്ധനവ് -45% ഇളവ് - ഇല്ല | 127074+ 57183 | | |
| | **ആകെ** | | **1270.74** | 127074 | 57183 | 184257 | 167274 | **(*)16983/-** |

(*)നികുതി പ്രാബല്യം - 2023-24 2nd Half

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/01.02.2025) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

**1-12 അനധികൃത കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിച്ചില്ല, വസ്തു നികുതി നിർണ്ണയിക്കാതിരുന്നതിനാൽ നികുതി നഷ്ടം**

(1)36/1642 -ാം നമ്പർ കെട്ടിടത്തിൽ നഗര മധ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഭാരത് പെട്രോളിയത്തിന്റെ പെട്രോൾ പമ്പിന് വസ്തുനികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല. വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന പ്രസ്തുത പെട്രോൾ പമ്പിന് വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായും രേഖയില്ല.

(2)കായംകുളം നഗരസഭാ പരിധിയിൽ കെ.പി റോഡിന് സമീപം പ്രവർത്തിക്കുന്ന നന്ദിലത്ത് ഫർണീച്ചർ എന്ന സ്ഥാപനത്തിന് പ്രധാന ഷോപ്പിൽ നിന്നും 50 മീറ്റർ അകലെയായി ഒരു ഗോഡൗൺ പ്രവർത്തിക്കുന്നുണ്ടെങ്കിലും പ്രസ്തുത

ഗോഡൗണിന് വസ്തുനികുതി നിർണ്ണയിച്ചതായി രേഖയില്ല.

(3) കായംകുളം നഗരസഭാ പരിധിയിൽ കെ.പി റോഡിന് സമീപം പ്രവർത്തിക്കുന്ന ഷാലിമാർ ഫർണീച്ചർ എന്ന സ്ഥാപനത്തിന് പ്രധാന ഷോപ്പ് കൂടാതെ കെ.പി റോഡിന് സമീപം ഒരു ഗോഡൗണും 50 മീറ്റർ ഉള്ളിലായി മറ്റൊരു ഗോഡൗണും പ്രവർത്തിക്കുന്നതായി കാണുന്നു. ഈ രണ്ട് ഗോഡൗണുകൾക്കും വസ്തുനികുതി നിർണ്ണയിച്ചതായി രേഖയില്ല.

വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/30.01.2025) മറുപടി ഹാജരാക്കിയില്ല. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന മുഴുവൻ കെട്ടിടങ്ങളേയും കണ്ടെത്തി യു.എ നമ്പർ നൽകുകയും നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## <u>1-13 തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല- വരുമാന നഷ്ടം</u>

2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ജോലി / തൊഴിൽ ചെയ്യുന്ന വ്യക്തികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പ്രഫഷണലുകൾ എന്നിവരിൽ നിന്നും ഒരു അർദ്ധവർഷം 1,250/- രൂപ നിരക്കിൽ തൊഴിൽ നികുതി / പ്രിസംറ്റീവ് ടാക്സ് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുണ്ട്.

1) നഗരസഭ പരിധിയിലെ താഴെ സൂചിപ്പിക്കുന്ന ചാർട്ടേഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും 2023-24 സാമ്പത്തിക വർഷം, 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായ ചാർട്ടേഡ് അക്കൌണ്ടന്റ്മാരിൽ നിന്നും അർദ്ധവർഷം 1,250/- രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചാർട്ടേഡ് അക്കൌണ്ടന്റ് ഫേം /കമ്പനി | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|
| 1 | അഭിലാഷ് കൃഷ്ണൻ & അസോസിയേറ്റ്സ്, അംബികുളങ്ങരബിൽഡിങ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 2 | അനന്ത നായ്ക്കൻ,<br>ഏവൂർ മുട്ടം റോഡ് | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 3 | സാജൻ & അസോസിയേറ്റ്സ്<br>കൊട്ടക്കാട്ട് ബിൽഡിങ്,<br>ഹെഡ് പോസ്റ്റ് ഓഫീസിന്<br>എതിർവശം | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 4 | സന്ദീപ് സതീഷ് &<br>അസോസിയേറ്റ്സ്,<br>കൊട്ടുവള്ളിൽ ആർകേഡ് | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 5 | ജോഷി മോൻ &<br>അസോസിയേറ്റ്സ്,<br>കൊട്ടുവള്ളിൽ ആർകേഡ് | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 6 | വിഷ്ണു & കമ്പനി - പുതിയിടം | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 7 | രാജു പി.വൈ. &<br>അസോസിയേറ്റ്സ്<br>കുറ്റിത്തെരുവ് മസ്ജിദിന്<br>സമീപം | രണ്ട്<br>അർദ്ധവർഷങ്ങളിലും | 1250x2=2500 |
| | ആകെ | | 17,500/- |

മേൽ സൂചിപ്പിച്ച ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടാക്കാത്തതിനാൽ നഗരസഭയുടെ തനതു വരുമാനത്തിൽ 17,500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:29.01.2025) മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ടി

ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ 17,500/- രൂപ ഡിമാന്റ് ചെയ്ത്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) നഗരസഭയുടെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 ലെ രണ്ട് അർദ്ധവർഷങ്ങളിലും 60 ദിവസത്തിൽ കൂടുതൽ നഗരസഭയിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) താഴെ സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു അർദ്ധവർഷത്തിൽ 1250/- രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് / മേൽവിലാസം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| 1 | അബ്ദുൾ ലത്തീഫ്,<br>SSK മൻസിൽ, ചേരാവള്ളി | 1250x2=2500 |
| 2 | ഹുസൈൻ അഹമ്മദ്,<br>വെളിയിൽ വീട് | 1250x2=2500 |
| 3, | ഹരികുമാർ,<br>ഇലക്ട്രിക്കൽ കോൺട്രാക്ടർ | 1250x2=2500 |
| 4, | അനസ്സ് എസ്.,<br>ന്യൂ ടെക്ക് അസോസിയേറ്റ്സ് | 1250x2=2500 |
| 5 | E.M.അഷറഫ്,<br>കൊല്ലംപറമ്പിൽ, | 1250x2=2500 |
| 6 | മുഹമ്മദ് സാലിഹ്,<br>പൊന്നൂസ് കൺസ്ട്രക്ഷൻ | 1250x2=2500 |
| 7 | ശ്രീജി J., | 1250x2=2500 |

| | | |
|---|---|---|
| | വെളിയിൽ ഹൌസ് | |
| 8 | അനിമോൻ H.,<br>തുണ്ടയത്ത്, ചേരാവള്ളി | 1250x2=2500 |
| 9 | അബ്ദുൾ അസീസ്, ചേരാവള്ളി | 1250x2=2500 |
| 10 | മുഹമ്മദ് താഹ, കട്ടച്ചിറ | 1250x2=2500 |
| 11 | മുഹമ്മദ് സാദിഖ് | 1250x2=2500 |
| 12 | ഹാഷിം കൊപ്രാപുരയിൽ | 1250x2=2500 |
| 13 | അൽഫിൻ എസ്., ബിസ്മി നിവാസ് | 1250x2=2500 |
| 14 | സുന്ദരേശൻ,<br>പ്രിയാ ഭവനം, ചേരാവള്ളി | 1250x2=2500 |
| 15 | ശശിധരൻ പിള്ള,<br>അംബാലയം, പത്തിയൂർ | 1250x2=2500 |
| 16 | നജീം എച്ച്., പുളിമൂട്ടിൽ | 1250x2=2500 |
| 17 | E.B അഷറഫ്, കൊല്ലം പറമ്പിൽ, | 1250x2=2500 |
| 18 | ഷാത്രുൺഷാ,<br>എസ്.എസ്. മൻസിൽ, ചേരാവള്ളി | 1250x2=2500 |
| ആകെ | | 45,000/- |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യ്തീടാക്കാത്തതിനാൽ നഗരസഭയുടെ തനതു വരുമാനത്തിൽ 45,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/ തീയതി:29.01.2025) ലഭ്യമാക്കിയ മറുപടിയിൽ മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി

റിപ്പോർട്ട് ചെയ്യുന്നതാണെന്ന് അറിയിച്ചു. ടി കരാറുകാരിൽ നിന്നും നിന്നും തൊഴിൽ നികുതിയിനത്തിൽ 45,000/- രൂപ ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3) നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപന ഉടമകളുടെയും ടി സ്ഥാപനങ്ങളിലെ ജീവനക്കാരുയും തൊഴിൽ നികുതി 2023-24 ൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | അവന്ത്രാ ട്രെൻഡ്സ് (റിലയൻസ് ട്രെൻഡ്സ്) | രണ്ട് അർദ്ധവർഷങ്ങളിലും |
| 2 | ഫിദ കർട്ടൻസ് ബ്ലൈൻസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 3 | ഗ്ലോബൽ ഓഷ്യൻ ഡ്രിലിംങ് പ്രൈ. ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 4 | അൽത്തമാർ ഡേറ്റ്സ് & നട്ട്സ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 5 | ബ്രൂഫിയ ബെക്കറി | രണ്ട് അർദ്ധവർഷങ്ങളിലും |
| 6 | ഗോദറേജ് ഇന്റീരിയോ | രണ്ട് അർദ്ധവർഷങ്ങളിലും |
| 7 | ലവീസ് ബ്രാൻഡ് സ്റ്റോർ | രണ്ട് അർദ്ധവർഷങ്ങളിലും |
| 8 | ഷാലിമാർ ഫർണീച്ചർ | രണ്ട് അർദ്ധവർഷങ്ങളിലും |

| | | |
|---|---|---|
| 9 | കെ.എഫ്.സി (K.F.C) | രണ്ട് അർദ്ധവർഷങ്ങളിലും |
| 10 | ചിക്കിങ് (Chicking) | രണ്ട് അർദ്ധവർഷങ്ങളിലും |
| 11 | റ്റി.റ്റി സ്റ്റീൽസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 12 | മാക്സ് - ടെക്സ്റ്റൈൽസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 13 | ആറ്റിൻക്കര ഇലക്ട്രോണിക്സ് & ഫർണീച്ചർ | രണ്ട് അർദ്ധവർഷങ്ങളിലും |
| 14 | മോർ സൂപ്പർ മാർക്കറ്റ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 15 | സുപ്രാ പെസിഫിക്ക് ഗോൾഡ് ലോൺ | രണ്ട് അർദ്ധവർങ്ങളിലും |
| 16 | എൽ.ഐ.സി ഇൻഷുറൻസ് | രണ്ട് അർദ്ധവർങ്ങളിലും |
| 17 | ബാങ്ക് ഓഫ് ബറോഡ | രണ്ട് അർദ്ധവർങ്ങളിലും |
| 18 | എച്ച്.ഡി.എഫ്.സി ഫിനാഷ്യൽ സർവീസസ് | രണ്ട് അർദ്ധവർങ്ങളിലും |
| 19 | റിച്ച് മാക്സ് ഫിൻവെസ്റ്റ് | രണ്ട് അർദ്ധവർങ്ങളിലും |

| | | |
|---|---|---|
| 20 | തമിഴ് നാട് മെർക്കൻഡയിൽ ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും |
| 21 | എട്ട്ത്തറയിൽ സമൃദ്ധി ഫിനാൻഷ്യൽ സർവീസസ് | രണ്ട് അർദ്ധവർങ്ങളിലും |
| 22 | കോട്ടക്ക് സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർങ്ങളിലും |
| 23 | ഇൻഡ്യൻ ബാങ്ക് | രണ്ട് അർദ്ധവർങ്ങളിലും |
| 24 | കേച്ചേരി ചിട്ട്സ് പ്രൈ. ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും |
| 25 | സത്തേൺ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആൻഡ് മൾട്ടി പർപ്പസ് സൊസൈറ്റി ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും |
| 26 | സത്രത്തിൽ ന്യൂ ഫൈനാൻസിയേഴ്സ് | രണ്ട് അർദ്ധവർങ്ങളിലും |
| 27 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് | രണ്ട് അർദ്ധവർങ്ങളിലും |
| 28 | ഗോശ്രീ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 29 | കെ.പി.സി ഓൾഡ് ഗോൾഡ് പർച്ചേസ് സ്റ്റോർ | രണ്ട് അർദ്ധവർഷങ്ങളിലും |
| 30 | നാഷണൽ ഇൻഷുറൻസ് കമ്പനി | രണ്ട് അർദ്ധവർഷങ്ങളിലും |

| | | |
|---|---|---|
| 40 | പാർവതി ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 41 | പാർവതി നിധി ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 42 | പഞ്ചാബ് നാഷണൽ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും |
| 43 | ഐ.സി.ഐ.സി.ഐ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും |
| 44 | ധനലക്ഷ്മി ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും |
| 45 | അച്ചൂസ് ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 46 | ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 47 | എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 48 | ശ്രീറാം ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 49 | മോത്തിലാൽ ഓസ് വാൾ സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർഷങ്ങളിലും |
| 50 | ചെങ്ങന്നൂർ നിധി ലിമിറ്റഡ് (13/53) | രണ്ട് അർദ്ധവർഷങ്ങളിലും |

| | | |
|---|---|---|
| 51 | ചെമ്മണ്ണൂർ ക്രഡിറ്റ് & ഫിനാൻസ് (9/86) | രണ്ട് അർദ്ധവർഷങ്ങളിലും |

മേൽ സൂചിപ്പിച്ച 51 സ്ഥാപനങ്ങളിലെ ഉടമ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്തീടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:29.01.2025) മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ ഉടമ / ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത്തീടാക്കിയ രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും 17,500/- രൂപയും, കരാറുകാരിൽ നിന്നും 45,000/- രൂപയും ഒട്ടാകെ 62,500/- രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കി രസീത് /ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വരുമാന നഷ്ടം

2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ബാങ്കിങ് സ്ഥാപനങ്ങൾ/ ശാഖകൾ, സഹകരണ സംഘം, സഹകരണ ബാങ്കുകൾ, ഇൻഷ്വറൻസ് കമ്പനികൾ, മറ്റ് ധനകാര്യ സ്ഥാപങ്ങൾ എന്നിവയിൽ നിന്നും ഒരു അർദ്ധവർഷം 1250/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത്തീടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ചയുണ്ടായി. നഗരസഭ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2023-24 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | പത്തിയൂർ ഫാർമേഴ്സ് കോപ്പറേറ്റീവ് ബാങ്ക്- കോട്ടുക്കുളങ്ങര ബ്രാഞ്ച് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 2 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്- കായംകുളം ബ്രാഞ്ച് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 3 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്- കാക്കനാട് ബ്രാഞ്ച് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 4 | എരുവ കാഷ്യൂ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 5 | കേരളാ ഗ്രാമീൺ ബാങ്ക് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 6 | വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 7 | കെ.എസ്.എഫ്.ഇ ബ്രാഞ്ച്-II | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 8 | സുന്ദരം ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 9 | സ്പന്ദന മൈക്രോ ഫിനാൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 10 | എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷൂറൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 11 | റിലയൻസ് ജനറൽ ഇൻഷുറൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 12 | മഹീന്ദ്ര റൂറൽ ഹൌസിംഗ് ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 13 | ഗോകുലം ചിട്ടി ഫണ്ട് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 14 | റിച്ച് മാൻ ഫിൻവെസ്റ്റ് പ്രൈ.ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 15 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 16 | കായംകുളം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 17 | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 18 | മധുരൈ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 19 | VERTEX സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 20 | ഓണാട്ടുക്കര വികസന സമിതി | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 21 | കോശമറ്റം ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 22 | പീപ്പിൾസ് അർബൻ ഇന്റഗ്രേറ്റഡ് ഫൌണ്ടേഷൻ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 23 | പുല്ലുക്കുളങ്ങര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 24 | കീരിക്കാട് ക്ഷീരോൽപാദക സഹ: സംഘം | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 25 | ഇൻഡി ട്രേഡ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 26 | ഹരി ശ്രീ ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 27 | കൊച്ചുവീട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 28 | അഹല്യ ഫിൻഫോറെക്സ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 29 | ഏട്ടുത്തറയിൽ ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 30 | മണിരത്ന ചിട്ട് ഫണ്ട് & ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 31 | KSRTC- എംപ്ലായീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 32 | സുപ്രാ പെസിഫിക്ക് ഗോൾഡ് ലോൺ | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 33 | എൽ.ഐ.സി ഇൻഷുറൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 34 | ബാങ്ക് ഓഫ് ബറോഡ | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 35 | എച്ച്.ഡി.എഫ്.സി ഫിനാഷ്യൽ സർവീസസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 36 | റിച്ച് മാക്സ് ഫിൻവെസ്റ്റ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 37 | തമിഴ് നാട് മെർക്കൻഡയിൽ ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 38 | എട്ട്ത്തറയിൽ സമൃദ്ധി ഫിനാൻഷ്യൽ സർവീസസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 39 | കോട്ടക്ക് സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 40 | ഇൻഡ്യൻ ബാങ്ക് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 41 | കേച്ചേരി ചിട്ട്സ് പ്രൈ. ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 42 | സത്തേൺ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആൻഡ് മൾട്ടി പർപ്പസ് സൊസൈറ്റി ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 43 | സത്രത്തിൽ ന്യൂ ഫൈനാൻസിയേഴ്സ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 44 | യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 45 | ഗോശ്രീ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 46 | കെ.പി.സി ഓൾഡ് ഗോൾഡ് പർച്ചേസ് സ്റ്റോർ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 47 | നാഷണൽ ഇൻഷുറൻസ് കമ്പനി | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 48 | പാർവതി ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 49 | പാർവതി നിധി ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 50 | പഞ്ചാബ് നാഷണൽ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 51 | ഐ.സി.ഐ.സി.ഐ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 52 | ധനലക്ഷ്മി ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 53 | അച്ചൂസ് ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 54 | ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 55 | എസ്.ബി.ഐ ലൈഫ് ഇൻഷ്വറൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 56 | ശ്രീറാം ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 57 | മോത്തിലാൽ ഓസ് വാൾ സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 58 | ചെങ്ങന്നൂർ നിധി ലിമിറ്റഡ് (13/53) | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 59 | ചെമ്മണ്ണൂർ ക്രഡിറ്റ് & ഫിനാൻസ് (9/86) | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| ആകെ | | | 1,41,250/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-04 തീയതി 28.01.25) ന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തിൽ 1,250/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ 1,41,250/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രസീത്/ഡേ

ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 സ്വകാര്യ വണ്ടിത്താവളങ്ങൾ (Pay&Park) അനധികൃതമായി പ്രവർത്തിക്കുന്നു- ഫീസിനത്തിൽ നഷ്ടം

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(1) പ്രകാരം - നഗരസഭയിൽ നിന്നുള്ള ലൈസൻസ് കൂടാതെ ഒരു സ്വകാര്യ വണ്ടിത്താവളങ്ങളും തുറന്നു പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. ഇത് കൂടാതെ പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളിൽ നിന്നും സെക്ഷൻ 475(5) പ്രകാരം ഒരു വർഷത്തിൽ 3,000/- രൂപയിൽ കുറയാത്ത തുക ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ടതുണ്ട്. പ്രാദേശിക പരിശോധന നടത്തി ഓഡിറ്റ് കണ്ടെത്തിയ നഗരസഭ പരിധിയിൽ പ്രവർത്തനം നടത്തുന്ന താഴെ സൂചിപ്പിക്കുന്ന പേയ് & പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളുടെ വിവരങ്ങൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇത് വളരെ ഗൌരവമേറിയ വിഷയമാണ്. 2023-24 വർഷത്തിൽ പേയ് & പാർക്ക് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് മാത്രമല്ല അനധികൃത സ്ഥാപനങ്ങൾക്ക് എതിരെ യാതൊരു നിയമാനുസൃത നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ ലൈസൻസ് ഇല്ലാതെ പേയ് & പാർക്ക് സ്ഥാപനങ്ങൾ നഗര പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്നത് മൂലം 2023-24 വർഷത്തിൽ ലൈസൻസ് ഫീസിനത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ 24,000/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേയ് & പാർക്ക് സ്ഥാപനം | KMA ആക്ട് 475 - പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|
| 1 | ശാസ്താ പറമ്പിൽ പേയ് & പാർക്ക് | 3,000/- |
| 2 | താലൂക്ക് ആശുപത്രിക്ക് എതിർവശം ഉള്ള പേയ് & പാർക്ക് | 3,000/- |
| | | |

| | | |
|---|---|---|
| 3 | Su Garden പേയ് & പാർക്ക്, ജിഡിഎം ഓഡിറ്റോറിയത്തിന് സമീപം | 3,000/- |
| 4 | പേയ് & പാർക്ക്, പെരിങ്ങല (കെട്ടിട നം: 15/54) | 3,000/- |
| 5 | റെയിവേ സ്റ്റേഷന് മുൻഭാഗത്തുള്ള പേയ് & പാർക്ക് (കെട്ടിട നം: 15/46) | 3,000/- |
| 6 | ഐശ്വര്യ പേയ് & പാർക്ക്, റെയിവേ സ്റ്റേഷന് മുൻവശം | 3,000/- |
| 7 | ചിട്ടയിൽ പേയ് & പാർക്ക് (കെട്ടിട നം: 15/151) | 3,000/- |
| 8 | അധികാരി പേയ് &പാർക്ക് (കെട്ടിട നം: 9/336) | 3,000/- |
| | ആകെ | 24,000/- |

അനധികൃതമായി നഗരസഭാ പരിധിയിൽ പ്രവർത്തനം നടത്തുന്ന ടി പേയ് & പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യാതിന്റേയും, ലൈസൻസ് ഫീസ് ഈടാക്കിയതിന്റെയും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:06/29.01.2025) മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങൾ നഗരസഭയുടെ അനുമതിയോട് കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതും, 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(5) പ്രകാരം ഈടാക്കേണ്ട 3,000/- രൂപ നിരക്കിൽ ഓരോ പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-16 ലേലത്തുക ഇനത്തിൽ കുടിശ്ശിക നിൽക്കുന്നു**

2023-24 സാമ്പത്തിക വർഷം വിവിധയിനങ്ങളിലായി നടന്ന ലേലങ്ങൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്നവ ലേലം കൊണ്ട വ്യക്തികളിൽ നിന്നും ലേല തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നഗരസഭയിലെ പൊതുമാർക്കറ്റിലെ (സസ്യ മാർക്കറ്റ്) ഫീസ് പിരിവ് ഷിബുമോൻ, തുണ്ടയ്യത്ത്, ചേരാവള്ളി എന്ന വ്യക്തി 14,46,680/- (12,26,000+ജിഎസ്ടി) രൂപയ്ക്കാണ് ലേലം കൊണ്ടത്. ടി ലേല തുകയിൽ EMDതുകയായി 20,000/- രൂപയും ഒന്നാം ഗഡുവായ 4,82,227/- (4,08,667+ജിഎസ്ടി) രൂപയും നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ബാലൻസ് തുകയായ 9,64,453/- (8,17,333+ജിഎസ്ടി) രൂപ നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല.

2) നഗരസഭയിലെ റെയിൽവേ ടെർമിനൽ ടെർമിനൽ ബസ്സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ, വിനു.സി.വി, വിനൂസ് ഭവനം, ചേരാവള്ളി എന്ന വ്യക്തി 2023-24 വർഷം 1,07,793/-( 91,350 + ജിഎസ്ടി) രൂപയ്ക്കാണ് ലേലം കൊണ്ടത്. ടി ലേല തുകയിൽ EMD തുകയായി 2,500/- രൂപയും, ഒന്നാം ഗഡുവായ 3,590/- രൂപയും നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടുണ്ട്. ബാലൻസ് തുകയായ 1,04,203/- രൂപ (88,308+ജിഎസ്ടി) നഗരസഭയിൽ ഒടുക്ക് വരുത്തിയിട്ടില്ല.

2023-24 വർഷത്തിൽ ലേലംകൊണ്ട മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും ലേല കുടിശ്ശിക ഈടാക്കുന്നതിന് നഗരസഭ സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ( നം:20 / 29.01.2025 ) ലഭ്യമാക്കിയ മറുപടിയിൽ മേൽ വ്യക്തികളിൽ നിന്ന് ലേലത്തുക ഈടാക്കുന്നതിന് റവന്യ റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു.എന്നാൽ നാളിതുവരെ തുക ഈടാക്കയിട്ടില്ലാത്തതിനാൽ 2023-24 ൽ പൊതുമാർക്കറ്റ് (സസ്യ മാർക്കറ്റ്) ലേലം കൊണ്ട ഷിബുമോൻ,തുണ്ടയ്യത്ത്, ചേരാവള്ളി എന്ന വ്യക്തിയിൽ നിന്നും പിഴപ്പലിശ ഉൾപ്പടെയുള്ള കുടിശ്ശിക തുകയായ 10,57,788/- രൂപയും, നഗരസഭയിലെ റെയിൽവേ ടെർമിനൽ ടെർമിനൽ ബസ് സ്റ്റാൻറ് കംഫർട്ട് സ്റ്റേഷൻ 2023-24 ൽ ലേലം കൊണ്ട വിനു സി.വി., വിനൂസ് ഭവനം, ചേരാവള്ളി എന്ന വ്യക്തിയിൽ നിന്നും പിഴപ്പലിശ ഉൾപ്പടെയുള്ള കുടിശ്ശിക തുകയായ 1,16,707/- രൂപയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 യു.എ നമ്പർ നൽകിയെങ്കിലും മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയില്ല

താഴെപ്പറയുന്ന മൊബൈൽ ടവർ കെട്ടിടം അനധികൃത നിർമ്മാണമായതിനാൽ യു.എ നമ്പർ നൽകി വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ നിയമാനുസൃതമായ നികുതി ഒടുക്കുവരുത്തുകയോ 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചതായും കാണുന്നില്ല.

| വാർഡ്, കെട്ടിട നമ്പർ | ഉടമസ്ഥർ | വാർഷിക വസ്തുനികുതി ഡിമാന്റ് | റിമാർക്സ് |
|---|---|---|---|
| XXXVI/1 /UA | ഇൻഡസ് ടവേഴ്സ് | 37,029/- | അനധികൃത കെട്ടിടം |

നിയമാനുസൃത നികുതി യഥാസമയം ഒടുക്കാത്തപക്ഷം 2019 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**<u>1-18 കെ സ്മാർട്ട് ആപ്ലിക്കേഷൻ - പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകളും ന്യൂനതകളും</u>**

നഗരസഭയിൽ നിലവിൽ വസ്തുനികുതി സംബന്ധമായ ഫയലുകൾ കെ സ്മാർട്ട് സംവിധാനം മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. 01.01.2024 മുതൽ വസ്തു നികുതി നിർണ്ണയം, ഡിമാൻഡ്, കളക്ഷൻ തുടങ്ങിയ ഫയലുകൾ കൈകാര്യം ചെയ്യപ്പെടുന്നത് കെ സ്മാർട്ട് വെബ് പോർട്ടൽ മുഖേനയാണ്. കെ സ്മാർട്ട് നിലവിൽ വന്നതോടെ 01.01.2024 ന് ശേഷമുള്ള വിവരങ്ങളൊന്നും സഞ്ചയയിൽ ലഭ്യമല്ല. കെ സ്മാർട്ട് ലോഗിനിൽ വസ്തു നികുതി അസസ്മെന്റ് രജിസ്റ്ററിലെ സമഗ്ര വിവരങ്ങൾ ലഭ്യമല്ല. ഒരു സ്ഥാപനത്തിന്റെ സമഗ്ര വിവരങ്ങളും പരിശോധിക്കാനാവശ്യമായ 'Reports' ആധാരമായ ഓഡിറ്റർ ലോഗിന് പകരം താൽക്കാലികമായി തയ്യാറാക്കിയ ഓഡിറ്റർ എന്ന 'എംപ്ലോയീസ് ലോഗിൻ' ഉപയോഗിച്ചാണ് പരിശോധന നടത്തുന്നത്. പ്രസ്തുത എംപ്ലോയീസ് ലോഗിനിൽ വിവിധ സെക്ഷനുകളുടെ ഫയൽ നീക്കവും (ഉദാ. നോട്ട് ഫയൽ, അപ്രൂവ്ഡ്, ക്ലോസ്ഡ്, റിട്ടേൺ) കുറെ രജിസ്റ്ററുകളും (പേഴ്സണൽ രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, സർട്ടിഫിക്കറ്റ്...) മാത്രമാണ് നിരീക്ഷിക്കാൻ സാധിക്കുന്നത്.

വസ്തുനികുതി സംബന്ധിച്ച ഫോം- 6 പ്രകാരമുള്ള നികുതി നിർണ്ണയ വിശദാംശങ്ങൾ പരിശോധനയ്ക്ക് കെ സ്മാർട്ടിൽ ലഭ്യമാകുന്നില്ല. വസ്തുനികുതി നിർണ്ണയിക്കാനാധാരമായ ഇളവ്, വർദ്ധനവ്, റോഡ്, മേൽത്തരം തറ നിർമ്മിതി, ശീതീകരണ സംവിധാനം, മേഖല തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഫോം-6 ന്റെ അഭാവത്തിൽ പരിശോധിച്ച് ഉറപ്പ്

വരുത്താനായിട്ടില്ല. കൂടാതെ സപ്ലിമെന്ററി അസസ്സ്മെന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ ഇവയൊന്നും പരിശോധനയ്ക്ക് ലഭ്യമല്ല. 01.01.2024 മുതൽ 31.03.2024 വരെയുള്ള ലെഡ്ജർ കെ-സ്മാർട്ടിലെ ഫിനാൻസ് മാനേജ്മെന്റ് മോഡ്യൂളിൽ നിലവിൽ ലഭ്യമല്ല. ലൈസൻസ് മോഡ്യൂളിലും പെർമിറ്റിലും ഓഡിറ്റിന് പരിശോധിക്കാൻ സാധിക്കുന്ന സമഗ്ര വിവരങ്ങൾ ഉൾപ്പെട്ട 'Reports' ലഭ്യമല്ല. വൗച്ചർ ട്രേസിംഗിന് ആവശ്യമായ ബിൽ രജിസ്റ്റർ, 'Voucher Reports' എന്നിവ ലഭ്യമല്ല. ലഭിക്കുന്ന പേയ്മെന്റ് റിപ്പോർട്ടിലാകട്ടെ വൗച്ചറുകളുടെ ഉള്ളടക്കത്തിലേക്ക് (സബ് വൗച്ചറുകൾ) പോകാൻ സംവിധാനവുമില്ല. ഒരു വൗച്ചറിൽ നിന്ന് അടുത്തതിലേക്ക് പോകുന്ന 'Next' ടാബ് ഒഴിവാക്കിയതിനാൽ ഓരോ വൗച്ചറിന്റേയും ഏതെങ്കിലും കീ-വേഡ് (ഉദാ. വൗച്ചർ നമ്പർ) ഉപയോഗിച്ച് പ്രത്യേകം പ്രത്യേകം തിരയൽ നടത്തിയാൽ മാത്രമേ വൗച്ചർ ലഭ്യമാകൂ.

01.01.2024 ലെ ഓപ്പണിംഗ് ബാലൻസ് 31.03.2024 ലെ ക്ലോസിംഗ് ബാലൻസ് എന്നിവ നാളിതുവരെ കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. 01.01.2024 ന് ശേഷമുള്ള സാംഖ്യ രേഖകൾ ലഭ്യമല്ലാത്തതിനാൽ 01.01.2024 മുതൽ 31.03.2024 വരെ കെ-സ്മാർട്ട് വഴി നടത്തിയ എല്ലാ ഇടപാടുകളും സാംഖ്യയിലേക്ക് പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമല്ല. പ്രസ്തുത കാലയളവിലെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റും ഓഡിറ്റർ ലോഗിനിൽ കെ-സ്മാർട്ടിൽ ലഭ്യമല്ല. കൂടാതെ 01.01.2024 മുതൽ 31.03.2024 വരെയുള്ള പേയ്മെന്റുകളൊന്നും തന്നെ കെ-സ്മാർട്ടിൽ രേഖപ്പെടുത്തിയിട്ടുമില്ല. കെ സ്മാർട്ട് ആപ്ലിക്കേഷനിൽ വസ്തു നികുതി പിരിയ്ക്കുന്നതിനായി ഉപയോഗിക്കുന്ന ഇ പോസ് മെഷീനുകളുടെ കൺസോളിഡേഷൻ സ്റ്റേറ്റ്മെന്റ് ഇ പോസ് മെഷീനുമായി ബന്ധപ്പെട്ട ബാങ്ക് ബുക്ക്,പ്രസ്തുത ബാങ്കിന്റെ പാസ് ബുക്ക് ഇവയുമായി പൊരുത്തപ്പെടുന്നില്ല. സുഗമ പോർട്ടലും കെ സ്മാർട്ടുമായി ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ വന്നിട്ടുള്ള തുകയുടെ കൃത്യത കെസ്മാർട്ടിൽ പരിശോധിയ്ക്കാൻ സാധിച്ചിട്ടില്ല.

കെ സ്മാർട്ടിൽ ഓഡിറ്റർക്ക് ലഭ്യമാക്കിയ ലോഗിനിൽ 01.01.2024 മുതലുള്ള വസ്തുനികുതി സംബന്ധിച്ച സമഗ്ര രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ടി കാലയളവിലെ അസസ്മെന്റ്/വസ്തുനികുതി നിർണ്ണയത്തിലെ ആധികാരികത ഉറപ്പ് വരുത്താനായിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.38/01.02.2025) മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ സമഗ്ര വിവരങ്ങളും ഓഡിറ്റ് വിഭാഗത്തിന് പരിശോധിക്കാൻ സാധിക്കുന്ന തരത്തിൽ 'Report Based Auditor Login' ഐ.കെ.എം മുഖേന തയ്യാറാക്കി ഉപയോക്തൃ സൗഹൃദമായ രീതിയിൽ (User Friendly) സോഫ്റ്റ് വെയർ സജ്ജമാക്കുന്നതുവരെ സുതാര്യത ഉറപ്പ് വരുത്തുന്നതിനായി പ്രധാന ഇടപാടുകളുടെ ഹാർഡ് കോപ്പി നഗരസഭ സൂക്ഷിക്കേണ്ടതാണ്.

## 1-19 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയില്ല, ഡി.സി.ബി തയ്യാറാക്കിയില്ല – ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനാവശ്യമായ രേഖകളില്ല

കായംകുളം നഗരസഭയുടെ ഒരു പ്രധാന വരുമാനമാർഗ്ഗമാണ് ലൈസൻസ് ഫീസ്. വാണിജ്യ കേന്ദ്രമായ കായംകുളം നഗരസഭാ പരിധിയിൽ ചെറുതും വലുതുമായ നിരവധി കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 443 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടങ്ങൾ/ പട്ടിക III, 2020- ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ വാണിജ്യ/വ്യാപാര സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാകുന്നു

ഓഡിറ്റ് വർഷം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. പകരം 2022-23 ലെ പഴയ ട്രേഡേഴ്സ് രജിസ്റ്ററാണ് ഹാജരാക്കിയിട്ടുള്ളത്. 2023-24 ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ ഭാഗിക വിവരം (31.12.2023) മാത്രമാണ് സഞ്ചയയിൽ ലഭ്യമായിട്ടുള്ളത്. 01.01.2024 മുതൽ 31.03.2024 വരെ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ കെ-സ്മാർട്ടിലും ലഭ്യമല്ല. നഗരസഭാ ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് കൃത്യമായ വിവരം രജിസ്റ്ററിന്റെ അഭാവത്തിൽ നഗരസഭയിൽ ലഭ്യമല്ല. കൂടാതെ നഗരസഭാ പരിധിയിൽ ലൈസൻസിന് അപേക്ഷിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ടോയെന്ന് കണ്ടെത്താനാവശ്യമായ മറ്റെന്തെങ്കിലും നടപടി സ്വീകരിച്ചതായും രേഖയില്ല.

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.39/01.02.2025) തുടർ വർഷം രേഖകൾ കൃത്യമാക്കി അപാകത പരിഹരിക്കുമെന്ന് അറിയിച്ചു. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**1-20 2023-24 ൽ നികുതി നിർണ്ണയിക്കപ്പെട്ട എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023-ലെ ജി.ഒ(എംഎസ്) 77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതുക്കിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് നഗരസഭാ കൗൺസിൽ 21.08.2023-ലെ തീരുമാനം 1 പ്രകാരം അന്തിമമാക്കിയിട്ടുണ്ട്.

2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ 01.04.2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 2013 മുതൽ പ്രാബല്യത്തിലുള്ള നികുതി നിരക്കാണ് ബാധകമാക്കിയിട്ടുള്ളതെന്ന് കാണുന്നു. നികുതി നിരക്കിലുള്ള വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഉപയോഗക്രമം | നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ) | നിർണ്ണയിക്കേണ്ട നിരക്ക്(രൂപ) | വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന് |
|---|---|---|---|
| പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ) | 12 | 13 | 01 |
| 100 ച.മീ. മുതൽ 500 ച.മീ. വരെ വാണിജ്യാവശ്യം | 80 | 90 | 10 |
| വാണിജ്യ ആവശ്യം – മാളുകൾ | 120 | 140 | 20 |

ഇപ്രകാരം പഴയ നിരക്കിൽ 01.04.2023-ന ശേഷം നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ ഓരോ ചതുരശ്ര മീറ്ററിലും പട്ടികയിൽ സൂചിപ്പിച്ച പ്രകാരം കുറവുണ്ടാകുന്നതായി കാണുന്നു. വസ്തുനികുതി പരിഷ്കരണ നടപടികളുടെ വിശദാംശങ്ങൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.01.2025) മറുപടി ലഭ്യമായില്ല. ഡേറ്റാ പ്യൂരിഫിക്കേഷന് Information Kerala Mission മുഖേന അടിയന്തിരമായി അനുമതി ലഭ്യമാക്കി അഡീഷണൽ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതും (കുറവു വന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും) ആയത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-21 പിഴപ്പലിശ ഈടാക്കാത്തതിനാൽ വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് 24,454/- രൂപയുടെ നഷ്ടം

കായംകുളം നഗരസഭാ പരിധിയിൽ 3 സ്ക്രീനുകളിലായി എസ്.വി സിനിമാസ് എന്ന സിനിമ തിയറ്റർ കോംപ്ലക്സ് (XXXVI/1641) പ്രവർത്തിച്ചു വരുന്നുണ്ട്. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 269 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം നഗരസഭയിൽ നിക്ഷിപ്തമാണ്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16.11.2019 മുതൽ വിനോദനികുതി കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരവും ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ./ 31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്.

കേരള മുൻസിപ്പാലിറ്റി നിയമം 282 പ്രകാരം നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ നിയമാനുസൃത പിഴ (പ്രതിമാസം രണ്ട് ശതമാനം)വസൂലാക്കേണ്ടതാണ്. എന്നാൽ തീയറ്ററിൽ നിന്നും ലഭ്യമാക്കിയ ഡി.സി.ആർ, തുക അടവാക്കൽ എന്നിവ പരിശോധിച്ചതിൽ മേൽ നിർദ്ദേശപ്രകാരമുള്ള തീയതിയ്ക്ക് ശേഷമാണ് മിക്ക മാസങ്ങളിലും വിനോദ നികുതി ഒടുക്കിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഒടുക്കിയ വിനോദ | ഒടുക്കിയ തീയതി | പിഴ പലിശ | ഈടാക്കേണ്ട പിഴ@2% |
|---|---|---|---|---|

| | നികുതി | | ഒടുക്കേണ്ട മാസങ്ങൾ | പ്രതിമാസം |
|---|---|---|---|---|
| മാർച്ച് 2023 | 36890 | 03.04.2023 | 0 | 0 |
| ഏപ്രിൽ 2023 | 56855 | 5.6.2023 | 1 | 1137 |
| മെയ് 2023 | 202233 | 5.6.2023 | 1 | 4044 |
| ജൂൺ 2023 | 47592 | 5.7.2023 | 1 | 952 |
| ജൂലൈ 2023 | 53075 | 5.8.2023 | 1 | 1061 |
| ആഗസ്റ്റ് 2023 | 170441 | 5.9.2023 | 1 | 3408 |
| സെപ്റ്റംബർ 2023 | 115069 | 5.10.2023 | 1 | 2301 |
| ഒക്ടോബർ 2023 | 142325 | 8.11.2023 | 1 | 2846 |
| നവംബർ 2023 | 87843 | 6.12.2023 | 1 | 1757 |
| ഡിസംബർ 2023 | 110199 | 5.1.2024 | 1 | 2202 |
| ജനവരി 2023 | 84885 | 8.2.2024 | 1 | 1698 |
| ഫെബ്രുവരി 2023 | 152431 | 6.3.2024 | 1 | 3048 |
| **ആകെ** | | | | **24454/-** |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/29.01.2025) മറുപടി ഹാജരാക്കിയില്ല. നഗരസഭയ്ക്ക് പിഴയിനത്തിൽ ലഭിക്കേണ്ട വരുമാനം ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-22 വസ്തു നികുതി പിരിവ് കാര്യക്ഷമമായില്ല – വികസന ഫണ്ടിൽ(ജനറൽ) നിന്നും തുക വെട്ടിക്കുറച്ചു

നഗരസഭയുടെ ഏറ്റവും പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. 2022-23 വർഷം ഈയിനത്തിൽ പിരിവ് 90% ലും താഴെയായതിനെ തുടർന്ന് 2023-24 വർഷം സ.ഉ(സാധാ) നം 2858/ധന/22.03.2024 പ്രകാരം അനുവദിക്കപ്പെട്ട വികസന ഫണ്ടിന്റെ(ജനറൽ) മൂന്നാം ഗഡുവിൽ നിന്ന് 1% തുക സ.ഉ(കൈ) നം.179/2022/ധന/18.10.2022 ന്റെ അടിസ്ഥാനത്തിൽ ഉറവിടത്തിൽ തന്നെ കുറവ് ചെയ്യപ്പെട്ടു. ഇപ്രകാരം 2023-24 ൽ കായംകുളം നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 4.703 ലക്ഷം രൂപ വികസന ഫണ്ടിൽ(ജനറൽ) നിന്നും നഷ്ടപ്പെടുകയുണ്ടായി. അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കാമായിരുന്ന സർക്കാർ ഫണ്ട് ഇപ്രകാരം നഷ്ടപ്പെടുത്തുന്നത് അഭിലഷണീയമല്ല. ഓഡിറ്റ് വർഷവും വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല. 2023-24 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ വർഷാന്ത്യം ഗണ്യമായ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വാർഷിക കണക്ക് പ്രകാരം തൻവർഷ കുടിശ്ശിക 1.69 കോടിയും മുൻ വർഷ അരിയർ കുടിശ്ശിക 41.85 ലക്ഷവും ഉൾപ്പെടെ ആകെ 2.11 കോടി രൂപ 31.03.2024 ൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/30.01.2025) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കി സർക്കാർ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 പെയ്മെന്റ് റീഫണ്ട് മോഡ് കെ-സ്മാർട്ടിൽ സജ്ജമായില്ല, അധിക പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ തിരികെ നൽകിയില്ല

2023-24 വർഷം 160 കെട്ടിട നിർമ്മാണ പെർമിറ്റുകൾ നൽകിയതുവഴി പെർമിറ്റ് ഫീസ് ഇനത്തിൽ 19,56,378/- രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. 1.04.2023 മുതൽ പെർമിറ്റ് ഫീസ് നിരക്കുകളും അപേക്ഷ ഫീസ് നിരക്കുകളും വർദ്ധിപ്പിക്കുകയും പരിഷ്കരിച്ച നിരക്കിൽ ഈടാക്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ ഉത്തരവ് (കൈ) നം.97/2024/ എൽ.എസ്.ജി.ഡി/30.07.2024 പ്രകാരം നിരക്ക് കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. നിരക്ക് കുറവ് ചെയ്തത് വഴി നാളിതുവരെ ലഭിച്ച പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവയിൽ തിരികെ നൽകേണ്ട തുകകളുടെ കൃത്യമായ കണക്ക് നഗരസഭ തയ്യാറാക്കേണ്ടതുണ്ട്. 36 അപേക്ഷകളാണ് നാളിതുവരെ റീഫണ്ടിനായി ലഭിച്ചിട്ടുള്ളത്. റീഫണ്ടിനുള്ള ധാരാളം അപേക്ഷകൾ ഇനിയും ലഭിക്കാനുണ്ട്. ലഭിച്ച അപേക്ഷകളിന്മേൽ തിരികെ നൽകേണ്ടത് അഞ്ച് ലക്ഷത്തിലധികം

രൂപയാണ്. അപേക്ഷകളെല്ലാം നിലവിൽ കെ-സ്മാർട്ട് വഴിയാണ് ലഭിച്ചിട്ടുള്ളത്. അധിക പെർമിറ്റ് ഫീസ്, അപേക്ഷ ഫീസ് എന്നിവ സർക്കാർ ഉത്തരവ് പ്രകാരം തിരികെ നൽകാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (45/01.02.2025) കെ-സ്മാർട്ട് വഴി റീഫണ്ട് നടപടികൾ ചെയ്യാൻ സാധിക്കാത്തതിനാൽ ലഭിച്ച അപേക്ഷകളൊന്നും തീരുമാനമെടുക്കാതെ എഞ്ചിനീയറിംഗ് വിങ്ങിൽ സൂക്ഷിച്ചിരിക്കുകയാണ് എന്നറിയിച്ചു. ഈയിനത്തിൽ നാളിതുവരെയുള്ള ബാധ്യത കണക്കാക്കി ഐ.കെ.എം ന്റെ സഹായത്തോടെ സോഫ്റ്റ്‌വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തി തിരികെ നൽകാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

**1-24 സ്പോർട്സ് ടർഫുകൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ വസ്തുനികുതി ചുമത്തിയില്ല- വരുമാന നഷ്ടം**

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതികൾക്ക് യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതാണ്. സഞ്ചയ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ അനധികൃത നിർമ്മാണം നടത്തി പ്രവർത്തിച്ചു വരുന്ന താഴെ സൂചിപ്പിക്കുന്ന, ടർഫുകളുടെയും, ബാഡ്മിന്റൺ ഇൻഡോർ കോർട്ടുകളുടെയും വസ്തുനികുതി നിർണ്ണയിച്ചീടാക്കുന്നതായി രേഖയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, വിലാസം | വിസ്തൃതി | ഉടമയുടെ പേര് | കെട്ടിട നം. |
|---|---|---|---|---|
| 1 | KCC ബാഡ്മിന്റൺ സ്റ്റേഡിയം | 213 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | പ്രസിഡന്റ് KCC ട്രസ്റ്റ് | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2 | KICK OFF ഫുട്ബോൾ ടർഫ് | 784 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | ആദിൽ | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് | 275 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | പ്രസിഡന്റ് YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് (കെട്ടിട ഉടമ-ദിൽഷാദ്) | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 4 | ഗാലക്സികോ സ്പോർട്സ് ഹബ് (വോളിബോൾ, ക്രിക്കറ്റ് ടർഫ്), കെ.പി.എ.സി ജംഗ്ഷന് സമീപം | ലഭ്യമല്ല | ലഭ്യമല്ല | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

മേൽ പട്ടികയിലെ ക്രമ നം .1, ക്രമ നം.2, ക്രമ നം. 3 എന്നീ ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിലും ഇവയുടെ വസ്തുനികുതി ഈടാക്കുന്നതിന് നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നത് ഗൌരവമേറിയ വിഷയമാണ്.

അനധികൃതമായി നിർമ്മിച്ച് പ്രവർത്തനം നടത്തുന്ന മേൽ സൂചിപ്പിച്ച ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി അസസ്സ് ചെയ്യുന്നതിന്, ഉടമകൾക്ക് നഗരസഭ നോട്ടീസ് നൽകുകയോ, കെട്ടിടം അസസ്സ് ചെയ്ത് നമ്പർ ലഭിക്കുന്നതിന് ഉടമകൾ നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്ക് ആ നിലയിൽ യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല. ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി അസസ്സ് ചെയ്തതിന്റെയും, മേൽ പട്ടികയിലെ ക്രമ നം.4 ലെ ടർഫിന്റെ തറവിസ്തീർണ്ണം കണകാക്കി വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ. (അച്ചടി) നം.25/2023/LSGD/5-4-2023 പ്രകാരം നിലവിൽ സ്പോർട്സ് ടർഫുകൾക്ക് / ബാഡ്മിന്റൺ കോർട്ടുകൾക്ക് വസ്തുനികുതി

നിരക്കുകളുടെ പരിധികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം നഗരസഭ പരിധിയിലെ സ്പോർട്സ് ടർഫുകൾക്ക് 2023-24 മുതൽ ചതുരശ്രമീറ്ററിന് 45 രൂപയായി വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (കൗൺസിൽ തീരുമാനം നം.1/21.08.2023).1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം മേൽസൂചിപ്പിച്ച അനധികൃത നിർമ്മിതികൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കാത്തത് മൂലം നഗരസഭയ്ക്ക് 2023-24 വർഷം 2,06,064/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

<u>നിയമാനുസൃത നിർമ്മിതിയ്ക്കു ബാധകമായ വസ്തുനികുതിയുടെ വിവരം</u>

| | നികുതി നിർണ്ണയിക്കേണ്ടത് (ടർഫ് / ബാഡ്മിന്റൺ കോർട്ട്) | | |
|---|---|---|---|
| | KCC ബാഡ്മിന്റൺ സ്റ്റേഡിയം | KICK OFF ഫുട്ബോൾ ടർഫ് | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് |
| തറ വിസ്തീർണ്ണം | 213 ച.മീറ്റർ | 784ച.മീറ്റർ | 275 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി @ ₹ 45/ $M^2$ | 9585 | 35280 | 12375 |
| മേഖല(പ്രഥമം) വർദ്ധനവ് / ഇളവ് -ഇല്ല | - | - | - |
| വഴി സൌകര്യം 20% വർദ്ധനവ് ( റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതൽ) | 1917 | 7056 | 2475 |
| ആകെ വസ്തു നികുതി | 11502 | 42336 | 14850 |

നിയമാനുസൃത നിർമ്മിതിക്കു ബാധകമായ ആകെ വസ്തുനികുതി =

11502+ 42336+ 14850 = 68,688/-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി= 68688×3= 2,06,064/- രൂപ

നഗരസഭയ്ക്കു വസ്തുനികുതി ഇനത്തിൽ ഉണ്ടായ ആകെ നഷ്ടം - 2,06,064/-രൂപ

2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടും വസ്തുനികുതി അസസ്സ് ചെയ്തീടാക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് ഗുരുതര വീഴ്ച്ച സംഭവിച്ചത് മൂലം 2022-23 റിപ്പോർട്ടിൽ പരമർശിച്ചിട്ടുള്ള ടർഫ് / ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതിയിനത്തിൽ മാത്രം നഗരസഭയ്ക്കു 2023-24 വർഷം 2,06,064/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം. 4 ലെ ഗാലക്സികോ സ്പോർട്സ് ഹബ് എന്ന അനധികൃതമായി നിർമ്മിച്ചു പ്രവർത്തിക്കുന്ന ടർഫിന് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തി, തറ വിസ്തീർണ്ണം കണക്കാക്കി മേൽ പട്ടികയിലെ മറ്റ് മൂന്ന് നിർമ്മിതികളിൽ നിന്നും ഈടാക്കുന്നത് പോലെ മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതും മേൽ പട്ടികയിൽ സൂചിപ്പിച്ച നാല് അനധികൃത നിർമ്മിതികളിൽ നിന്നും സെക്ഷൻ 242(1) പ്രകാരം മൂന്നിരട്ടി വസ്തുനികുതി ഈടാക്കിയ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. 22.03.23 ലെ സ.ഉ(കൈ) നം: 7/2023/തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളിലും വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം ഉണ്ടാകുന്നതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 വർഷത്തെ കുടിശ്ശിക ഉടമസ്ഥരിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 അനുമതിയില്ലാതെ നിർമ്മിച്ച ടർഫ്/ഇൻഡോർ കോർട്ടുകളുടെ പെർമിറ്റ് ഫീസ്/റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല, നഗരസഭയ്ക്ക് വരുമാന നഷ്ടം

കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR 2019) ചട്ടം 1.37 പ്രകാരം ഇൻഡോർ സ്റ്റേഡിയങ്ങളും സ്പോർട്സ് ടർഫുകളും നിർമ്മിക്കുന്നതിന് പെർമിറ്റ് എടുക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. സ.ഉ.(കൈ)നം.97/2024/ത.സ്വ.ഭ.വ/30.07.2024 പ്രകാരം നഗരസഭാ പരിധിയിലെ ഇത്തരം നിർമ്മിതികൾക്ക് ച.മീറ്ററിന് 100/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ്

ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പെർമിറ്റ് എടുക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, വിലാസം | വിസ്തൃതി | ഉടമയുടെ പേര് |
|---|---|---|---|
| 1 | KCC ബാഡ്മിന്റൺ സ്റ്റേഡിയം | 213 ച.മീറ്റർ | പ്രസിഡന്റ് KCC ട്രസ്റ്റ് |
| 2 | KICK OFF ഫുട്ബോൾ ടർഫ് | 784 ച.മീറ്റർ | ആദിൽ |
| 3 | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് | 275 ച.മീറ്റർ | പ്രസിഡന്റ് YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് (കെട്ടിട ഉടമ-ദിൽഷാദ്) |
| 4 | ഗാലക്സികോ സ്പോർട്സ് ഹബ് (വോളിബോൾ, ക്രിക്കറ്റ് ടർഫ്), കെ.പി.എ.സി ജംഗ്ഷന് സമീപം | ലഭ്യമല്ല | ലഭ്യമല്ല |

മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങൾ പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഫയലും ഫീസ് ഒടുക്കിയ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/29.01.2025) മറുപടി ഹാജരാക്കിയില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളുടെ വിസ്തൃതി, അനുബന്ധ കെട്ടിടങ്ങളുടെ തറവിസ്തൃതി, ഉടമയുടെ പേര്, വഴി സൌകര്യം, മേഖല ഏർപ്പെടുത്തിയിരിക്കുന്ന സൌകര്യങ്ങൾ എന്നിവ LID&EW വിഭാഗം മുഖാന്തിരം അന്വേഷണം നടത്തി

അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും ലഭ്യമാക്കിയില്ല. പെർമിറ്റ് എടുക്കാതിരുന്നതിനാൽ ക്രമ നം. 1 മുതൽ 3 വരെയുള്ള ടർഫ് / ഇൻഡോർ കോർട്ടുകളുടെ വിസ്തൃതി പ്രകാരം ക്രമ നം.1 ന് 21,300/- രൂപയും ക്രമ നം. 2 ന് 78,400/- ക്രമ നം. 3 ന് 27,500/ രൂപയുമുൾപ്പെടെ ആകെ 1,27,200/- രൂപ പെർമിറ്റ് ഫീസായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി പെർമിറ്റ് നൽകേണ്ടതായിരുന്നു. എന്നാൽ നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണം പൂർത്തിയാക്കി നിലവിൽ പ്രവർത്തിച്ചു വരുന്നതിനാൽ കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് 2019 ചട്ടം 95(4) പ്രകാരം ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങ് തുക കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കി അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്. ഇപ്രകാരം കോമ്പൗണ്ടിംഗ് ഫീസിനത്തിൽ മേൽ പട്ടികയിലെ ക്രമ നം. 1 ന് 42,600/- രൂപയും ക്രമ നം.2 ന് 1,56,800/- രൂപയും ക്രമ നം. 3 ന് 55,000/- രൂപയും ഉൾപ്പെടെ ആകെ 2,54,400/- രൂപ കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-26 രസീത് ബുക്ക്- സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കുന്നില്ല, ക്രമരഹിതമായ വിതരണം

നഗരസഭയിൽ വിവിധ വരവുകളുടെ പിരിവിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. രസീത് ബുക്കുകൾ വാങ്ങുന്ന വേളയിൽ മെയിൻ സ്റ്റോക്കിൽ ചേർക്കുകയും ആവശ്യാനുസരണം സബ്സ്റ്റോക്കിലേക്ക് എടുത്ത് വിതരണം ചെയ്യുന്ന രീതിയുമാണ് അവലംബിച്ച് വരുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിലോ, സബ്സ്റ്റോക്ക് രജിസ്റ്ററിലോ, എത്ര രസീതു ബുക്കുകളാണ് നീക്കിയിരിപ്പ് ഉള്ളതെന്ന് രേഖപ്പെടുത്തുന്നില്ല. രസീത് ബുക്കിന്റെ സ്റ്റോക്കിലെ നീക്കിയിരിപ്പിലെയും വിതരണത്തിലെയും അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി (നം.28/23-24/31.01.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരവും, ഭൌതിക പരിശോധന പ്രകാരവും 03.02.2025 ൽ 1693 മുതൽ 2148 വരെ ആകെ 401 രസീത് ബുക്കുകൾ മാത്രമാണ് സ്റ്റോക്കിലുള്ളത്. 1981 മുതൽ 2102 വരെയുള്ള രസീത് ബുക്കുകളിൽ 46 എണ്ണം സ്റ്റോക്കിലില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ഇൻവോയ്സ് നമ്പർ TVM/1061/18-19 Dtd 01.03.2019 പ്രകാരം 620 രസീത് ബുക്ക് കൊറിയർ ചെയ്ത് നൽകിയതിൽ 574 രസീത് ബുക്കുകൾ മാത്രമാണ് ലഭ്യമായത്. 46 എണ്ണം കുറിയർ ഏജൻസിയിൽ നിന്നും നഷ്ടപ്പെട്ടിരുന്നു. 46 രസീത് ബുക്കുകളുടെ തുകയായ 6900/- കുറവ് ചെയ്താണ് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയത് എന്നും അറിയിച്ചു. രസീത് ബുക്കുകൾ നഷ്ടപ്പെട്ട വിവരം ബഹു.നഗരകാര്യഡയറക്ടർ, കായംകുളം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ, ഗ്രാമലക്ഷ്മിമുദ്രാലയം എന്നിവരെ അറിയിക്കുകയും, ടി ക്രമനമ്പർ പ്രകാരമുള്ള രസീതുകൾ റദ്ദാക്കിയതായി പത്രപരസ്യം നൽകിയതായും മറുപടിയിൽ

അറിയിച്ചു. ആയത് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 17.02.2020-ന് ക്രമ നമ്പർ 2103 മുതൽ 2148 വരെ 46 രസീത് ബുക്കുകൾ ലഭ്യമാക്കിയിട്ടുമുണ്ട്.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ക്രമരഹിതമായാണ് രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുന്നതെന്ന് വ്യക്തമായി. 26.02.2024ൽ രസീത് ബുക്ക് നം.1701 മുതൽ 1705 വരെയുള്ള രസീത് ബുക്കുകളും, 11.03.24 ൽ രസീത് ബുക്ക് നം. 1706 ഉം, 06.03.24ൽ രസീത് ബുക്ക് നം.1709 മുതൽ 1711 വരെയുള്ള രസീത് ബുക്കുകളും ഇഷ്യൂ ചെയ്ത ശേഷം, 24.07.2024ൽ രസീത് ബുക്ക് നം.1683 മുതൽ 1687 വരെയും, 13.11.2024ൽ രസീത് ബുക്ക് നം.1688മുതൽ 1692 വരെയുമുള്ള രസീതു ബുക്കുകളുമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് ക്രമപ്രകാരമുള്ള നടപടിയല്ല. നീക്കിയിരിപ്പ് കൃത്യമായി രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കേണ്ടതും, രസീത് ബുക്കുകൾ ക്രമപ്രകാരം ഇഷ്യൂ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ തയാറാക്കുന്നതിലും, രസീത് ബുക്കുകൾ വിതരണം ചെയ്യുന്നതിലും ബന്ധപ്പെട്ട സെക്ഷന്റെയും മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥന്റെയും ഭാഗത്ത് നിന്നുണ്ടായ വീഴ്ച ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 OFC പോളുകളുടെ വാടക – തുടർ വർഷങ്ങളിൽ വാടക ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

കേരള സർക്കാരിന്റെ 23.01.2020 ലെ ജി.ഒ. (ആർ.ടി.) 89/2020/Pwd നമ്പർ ഉത്തരവു പ്രകാരം TSP/ *ISP* സർവ്വീസ് പ്രൊവൈഡേഴ്സ് സ്ഥാപിക്കുന്ന പോളുകൾക്ക് പോൾ ഒന്നിന് വാർഷിക വാടക 360/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. വാർഷിക വാടകക്ക് പ്രതി വർഷം 5% വാടക വർദ്ധനവും നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയുടെ അധീനതയിലുള്ള റോഡുകളിൽ GI പോളുകൾ സ്ഥാപിച്ച് ഒപ്ടിക്കൽ ഫൈബർ കേബിളുകൾ വലിക്കുന്നതിനായി റിലയൻസ് ജിയോയുടെ അപേക്ഷകൾ ഓൺ ലൈനായി സമർപ്പിക്കുകയും മരാമത്ത് വിഭാഗം മുനിസിപ്പൽ എൻജിനീയർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സ്ഥാപിക്കപ്പെടുന്ന പോളുകൾ എത്രയെന്നോ എവിടെയെല്ലാമാണെന്നോ രേഖപ്പെടുത്തി സൂക്ഷിക്കാത്തതും പോൾ റെന്റ് വാർഷികമായി ഡിമാന്റ് ചെയ്യാത്തതും നഗരസഭക്ക് വലിയ നഷ്ടമുണ്ടാക്കുന്നുണ്ട്. അപാകത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 2021-22 വർഷത്തെ ലെഡ്ജർ പരിശോധിച്ചതിൽ തൻ വർഷം പോളുകളുടെ വാർഷിക വാടകയിനത്തിൽ 10,36,437/- രൂപ വരവുണ്ടായിരുന്നു. പോൾ റെന്റ് ഇനത്തിൽ 2021-22 ൽ ലഭിച്ച തുകയുടെ അഞ്ച് ശതമാനം വാർഷിക വർദ്ധനവോടു കൂടിയ തുക തുടർവർഷങ്ങളിൽ ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

2) റോഡ് കട്ടിംഗ് സംബന്ധിച്ച് വിശദാംശം രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല.

3) വിവിധ വർഷങ്ങളിൽ നഗരസഭ പരിധിയിലുള്ള വിവിധ റോഡുകളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള റിലയൻസ് ജിയോ OFC പോളുകളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/29.01.2025) മറുപടി ലഭ്യമാക്കിയില്ല. റോഡ് കട്ടിംഗ് വിശദാംശം രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും പോളുകളുടെ വാർഷിക വാടക തുടർ വർഷങ്ങളിൽ 5% വർദ്ധനവോടെ ഡിമാന്റ് ചെയ്ത് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-28 ബയോ കമ്പോസ്റ്റർ ബിൻ വിതരണം - രേഖകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - ബയോ കമ്പോസ്റ്റർ ബിൻ വിതരണം – ജനറൽ.
പ്രോജക്ടിന്റെ നമ്പർ - S00198/24
നിർവ്വഹണ ഉദ്യോഗസ്ഥൻ - നഗരസഭ സെക്രട്ടറി

അടങ്കൽ തുക - 89,08,880 രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്)
ചെലവ് തുക – 6,61,760/- (ചെക്ക് നം.025885/ 22.12.2023)

ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ 21.12.2022ലെ D5-(SM)/TS-021/1582/2022 കത്ത് പ്രകാരം സാങ്കേതികാനുമതി ലഭിച്ച ടി പദ്ധതിയ്ക്കായി ഒരു ബിന്നിന് പരമാവധി 1,930 രൂപ നിരക്കിൽ 4616 ബിന്നുകൾ വാങ്ങുന്നതിനായി 89,08,880 രൂപ അടങ്കൽ കണക്കാക്കിയാണ് അനുമതി നൽകിയിട്ടുള്ളത്. അടങ്കൽ തുകയുടെ 35% കേന്ദ്രാവിഷ്കൃത ഫണ്ടും 23.3% സംസ്ഥാനവിഷ്കൃത ഫണ്ടും 41.7% തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവുമാണ്. 2022-23 വർഷം ആരംഭിച്ച പദ്ധതിയ്ക്കായി അക്രഡിറ്റഡ് ഏജൻസികളായ ഐ.ആർ.റ്റി.സി പാലക്കാട്, എസ്.ഇ.യു.എഫ് ആലപ്പുഴ, റെയ്ഡ്കോ കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കിയാണ് വിതരണ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. പ്രൊഫോർമ ഇൻവോയ്സിൽ കുറഞ്ഞ തുക ക്വോട്ട് (1600/-) ചെയ്ത ഐ.ആർ.റ്റി.സിയിൽ നിന്നും മുൻവർഷം 2548 ബിന്നുകൾ വാങ്ങിയിരുന്നു. ശേഷിക്കുന്ന 2068 എണ്ണം ബിന്നുകൾ വാങ്ങുന്നതിനായി തൻവർഷത്തെ സ്പിൽ ഓവർ പ്രോജക്ടിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 33,08,800/-രൂപ (1600 X 2068) വകയിരുത്തിയിട്ടുണ്ട്. ഇതിനായി ഐ.ആർ.ടി.സി പാലക്കാടുമായി 11.12.2023-ൽ ധാരാണാപത്രം ഒപ്പുവെയ്ക്കുകയും 11.01.2024-ൽ സപ്ലൈ ഓർഡർ നൽകുകയും

ചെയ്തു. ധാരാണാപത്ര പ്രകാരം അടങ്കൽ തുകയുടെ 20% ആയ 661760/- രൂപ തൻവർഷത്തെ ഗ്രാന്റിൽ നിന്നും മുൻകൂറായി സ്ഥാപനത്തിന് നൽകി. 16.1.24, 11.3.24, 26.3.24 തീയതികളിലായി 2068 ബിന്നുകളും സപ്ലൈ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 2024-25 വർഷത്തെ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1) <u>ഫണ്ട് വകയിരുത്തിയതിലെ പൊരുത്തക്കേട്</u>

ശുചിത്വ മിഷന്റെ സാങ്കേതികാനുമതി പ്രകാരം നടത്തിപ്പിനായി 35% കേന്ദ്രാവിഷ്കൃത ഫണ്ടും 23.3% സംസ്ഥാനവിഷ്കൃത ഫണ്ടും 41.7% തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതവുമാണ് പദ്ധതിയ്ക്കായി വകയിരുത്തേണ്ടത്. എന്നാൽ തൻവർഷത്തെ പ്രോജക്ടിൽ 2068 ബിന്നുകൾക്കായുള്ള മുഴുവൻ തുകയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുമാണ് വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുള്ളത്. 21.12.2022ൽ ലഭിച്ച സാങ്കേതികാനുമതിയിലെ വ്യവസ്ഥകൾ പാലിച്ച് പദ്ധതിയ്ക്ക് അടങ്കൽ വകയിരുത്താതെ കേന്ദ്രാവിഷ്കൃത ഫണ്ട് മാത്രം വകയിരുത്തിയത് ക്രമവിരുദ്ധമാണ്. ശുചിത്വവുമായി ബന്ധപ്പെട്ട പ്രോജക്ടുകളിൽ ശുചിത്വ മിഷന്റെ നിബന്ധനകൾ കർശനമായി പാലിച്ച് അടങ്കൽ തുക നിശ്ചയിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2) <u>ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തി</u>

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാനുവലിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രം പദ്ധതി നിർവ്വഹണം നടപ്പിലാക്കണമെന്ന് സാങ്കേതികാനുമതി രേഖയിലെ നിബന്ധന 4-ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അക്രഡിറ്റഡ് സ്ഥാപനങ്ങളായ ഐ.ആർ.റ്റി.സി പാലക്കാട്, എസ്.ഇ.യു.എഫ്, ആലപ്പുഴ, റെയ്ഡ്കോ, കണ്ണൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും പ്രഫോർമ ഇൻവോയ്സ് വാങ്ങി കുറഞ്ഞ തുക ഓഫർ ചെയ്ത സ്ഥാപനത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. 8908880 രൂപ അടങ്കൽ വകയിരുത്തിയ മേൽ പദ്ധതിയ്ക്കായി മത്സരാധിഷ്ഠിത ഇ-ടെണ്ടർ നടപടിക്രമങ്ങളിലൂടെ വാങ്ങൽ നടത്തുന്നതായിരുന്നു അഭികാമ്യം.

3) <u>ബിന്നുകൾ വിതരണം നടത്താതെ നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

തൻവർഷം ഐ.ആർ.ടി.സി പാലക്കാടിൽ നിന്നും വാങ്ങിയ 2068 ബിന്നുകളിൽ എത്രയെണ്ണം ഏതൊക്കെ വാർഡിലെ ഗുണഭോക്താക്കൾക്കാണ് വിതരണം നടത്തിയതെന്നതു സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 03/2024ൽ ലഭിച്ച ആയിരത്തോളം ബിന്നുകൾ ഗുണഭോക്താക്കൾക്ക് നൽകാതെ ഇപ്പോഴും നഗരസഭാ കോമ്പൗണ്ടിൽ വെയിലും

മഴയുമേറ്റ് നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവ എത്രയും വേഗം ഗുണഭോക്താക്കൾക്ക് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.



തൻവർഷം ലഭിച്ച ബിന്നുകളിൽ എത്രയെണ്ണം ഏതൊക്കെ വാർഡുകളിലെ ഗുണഭോക്താക്കൾക്ക് നൽകിയെന്നതു

സംബന്ധിച്ച വിതരണ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും വിതരണം ചെയ്യാൻ ശേഷിക്കുന്ന ബിന്നുകൾ നഗരസഭാ കോമ്പൗണ്ടിൽ കൂട്ടിയിട്ടിരിക്കുന്നതിനാലും മേൽ പ്രോജക്ടിനായി വിനിയോഗിച്ച 6,61,760/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ബയോബിൻ നൽകുന്നതിന് കെട്ടിട നികുതി കുടിശ്ശിക ഉൾപ്പെടെ ഒടുക്കിയതിന്റെ രസീത് നിർബന്ധമാക്കിയിരുന്നുവെന്നും ചില വാർഡുകളിലെ ഗുണഭോക്താക്കൾ ആയത് ഹാജരാക്കാതിരുന്നത് ബിൻ വിതരണത്തെ ബാധിച്ചുവെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.52/04.02.2025) സെക്രട്ടറി മറുപടി നൽകിയത്. അർഹരായ ഗുണഭോക്താക്കൾക്ക് എത്രയുംവേഗം ബിന്നുകൾ വിതരണം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ഗവ.യു.പി.എസ്. കൃഷ്ണപുരം കെട്ടിടം അറ്റകുറ്റപ്പണി പാതി വഴിയിൽ

| | |
|---|---|
| പ്രോജക്ട് നം. | S0315/24 |
| പ്രവൃത്തിയുടെ പേര് | ഗവ.യുപിഎസ് കെട്ടിടം മെയിന്റനൻസ് |
| അടങ്കൽ | 6,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവഴിച്ച തുക | 4,65,786 രൂപ ബിൽ നം. 35/11.1.24 |
| ഇ എം ബുക്ക് നം. | 8081/22 |
| പി എ സി | 5,07,562/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നാസർ.കെ |

കൃഷ്ണപുരം യു.പി.എസിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്കൂളിൽ ഇൻറർലോക്ക് ഇടുക, പെയിന്റിംഗ്, ഡ്രെയിനേജ് നിർമ്മാണം എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ടി പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ഇനം 13.47.1 പ്രകാരം ക്ലാസ്സ് റൂമുകൾ പ്രവർത്തിയ്ക്കുന്ന രണ്ട് ഹാളുകളുടെയും പെയിന്റിംഗ്, ഓട നിർമ്മാണം, ഇന്റർലോക്കിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതിൽ ഹാളുകളുടെ പെയിന്റിംഗ് 780.071 Sqm

ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൌതിക പരിശോധന നടത്തിയിതിൽ 12.47 Sq M ൽ ഭാഗത്ത് പുതിയ പെയിന്റിംഗ് വർക്ക് നടത്തിയിട്ടില്ല (11.52sqM ഭിത്തിയിൽ ആർട്ട് വർക്ക് ചെയ്തിട്ടുള്ളതായും 0.945 Sqm ഭിത്തി നോട്ടീസ് ബോർഡുമാണ്). എന്നാൽ പെയിന്റ് ചെയ്തിട്ടില്ലാത്ത ഈ ഭാഗം കുറവ് ചെയ്യാതെയാണ് മെഷർമെന്റ് എടുത്തിട്ടുള്ളത്. വിശദാംശം ചുവടെചേർക്കുന്നു.

| ഇനം | നിരക്ക് | എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തിയുടെ അളവ് | കുറവ് ചെയ്യേണ്ട അളവ് | ചെയ്ത പ്രവൃത്തിയുടെ അളവ് | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 13.47.1: New Work (Two Or More Cots Applied @ 1.43 Litre | 190 | 780.071 | 12.47sqm | 767.601 | 145844 | 148213 | 2369 |

മേൽ പരാമർശിച്ച പ്രകാരം കരാറുകാരന് പെയിന്റിംഗ് ഇനത്തിൽ 2,369 രൂപ അധികം നൽകിയിട്ടുണ്ട്.

സ്കൂൾ കോമ്പൌണ്ടിൽ വെള്ളം കെട്ടി നിൽക്കാതിരിക്കുന്നതിന് ഓട നിർമ്മിച്ചിട്ടുണ്ടെങ്കിലും ഈ ഓടയുടെ അവസാന ഭാഗം മൂടുകയോ റോഡിനോട് ചേർന്നുള്ള പ്രധാന ഓടയുമായി കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. അതിനാൽ സ്കൂൾ പരിസരത്ത് തന്നെ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. ഹാളുകളുടെ ഭിത്തി പെയിന്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പല

ഭാഗത്തും പെയിന്റിംഗ് ഭിത്തിയിൽ നിന്ന് അടർന്ന് മാറിയ നിലയിലാണുള്ളത്. 7.12.22 ൽ ആരംഭിച്ച ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതിൻ പ്രകാരം 7. 9.2023 ൽ (ഗ്രേസ് പീരിയഡ് ഉൾപ്പടെ) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 10.10.23 ൽ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുകയും പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും ചെയ്തു. ഇപ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാനുണ്ടായ കാരണം വ്യക്തമല്ല. പാർട്ട് ബില്ലായാണ് തുക നൽകിയിട്ടുള്ളത് എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായും അതിനാൽ റിട്ടൻഷനായി പിടിച്ച തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ 4.8.23 ൽ അസി. എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ റിട്ടൻഷനായി പിടിച്ചിരുന്ന 9,868 രൂപ 24.7.24 ൽ ചെക്ക് നം. 005454 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാതെ തന്നെ റിട്ടൻഷൻ തുക കരാറുകാരന് തിരികെ നൽകാനുണ്ടായ കാരണവും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/31.1.2025) ലഭ്യമാക്കിയ മറുപടിയിൽ പെയിന്റ് ചെയ്ത ഏരിയ എടുത്തിനുശേഷം ചിത്രങ്ങളുടെ അളവ് കുറവ് ചെയ്യാൻ വിട്ട് പോയതാണ് എന്നും ഓട നിർമ്മാണം നടത്തിയതിനു ശേഷം സ്കൂൾ പരിസരത്ത് വെള്ളക്കെട്ട് വന്നിട്ടില്ലാത്തതാണ് എന്നും സ്കൂൾ അധികൃതർ തന്നെ മതിൽ പൊളിച്ച് അവശിഷ്ടങ്ങൾ കൂട്ടിയിട്ടതാണ് എന്നും ഓടയുടെ അവസാന ഭാഗം റോഡിലെ കൾവർട്ടുമായി കൂട്ടിമുട്ടിച്ചിട്ടുള്ളതായും അറിയിച്ചു. കൂടാതെ ഓട മൂടുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയതായും പ്രവൃത്തി പൂർത്തീകരിച്ചതായും അറിയിച്ചു. എന്നാൽ ഭൌതിക പരിശോധനയിൽ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും പെയിന്റിംഗ് നടത്തിയിതിൽ അപാകതകൾ ഉള്ളതായും കണ്ടു. അതിനാൽ ആകെ ചെലവ് തുകയിൽ നിന്ന് പെയിന്റിംഗ് ഇനത്തിൽ അധികം ചെലവഴിച്ച

2,369/- രൂപ കഴിച്ചുള്ള 4,63,417/- രൂപ (465786- 2369) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.





**1-30 ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ – സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു**

പ്രോജക്ടിന്റെ പേര് - ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമാൻ – സംഭാവന നൽകൽ.

പ്രോജക്ടിന്റെ നമ്പർ - S0556/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ചെലവ് തുക - 3,74,000/- രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് വിവരം – UTR NO – RBI0772446827382/29.3.2024

കേരളത്തിലെ മുനിസിപ്പാലിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മുനിസിപ്പൽ ചെയർമാൻമാരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ചേമ്പർ ഓഫ് മുനിസിപ്പൽ ചെയർമെൻ എന്ന സംഘടനയ്ക്ക് 06/2016 മുതൽ 11/2023 വരെയുള്ള മാസവരി തുക നൽകുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.12.2017-ലെ സ.ഉ(സാധാ) നം 3900/2017/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം പ്രതിമാസ വരിസംഖ്യ 01/2018 പ്രാബല്യത്തിൽ 1,000/- രൂപയിൽ നിന്നും 5,000/- രൂപയായി വർദ്ധിപ്പിച്ചതിനെ തുടർന്ന് 06/2016 മുതൽ 11/2023 വരെയുള്ള മാസവരി തുകയായ 3,74,000/- രൂപ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 29.3.2024ൽ പിൻവലിച്ച് നൽകിയിട്ടുണ്ട്.

മാസവരി തുക തനത് ഫണ്ടിൽ നിന്നും നൽകണമെന്നും തനത് ഫണ്ട് ഇല്ലായെങ്കിൽ മാത്രമേ വികസന ഫണ്ട് വിനിയോഗിക്കുവാൻ പാടുള്ളൂവെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.02.2018ലെ സ.ഉ(സാധാ) നം 47/എഫ്.എം2/2018/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കായംകുളം നഗരസഭയ്ക്ക് മതിയായ തനത് ഫണ്ട് ഉണ്ടായിരിക്കെ (യൂണിയൻ ബാങ്ക് അക്കൗണ്ടിലെ 31.3.2024ലെ തനത് ഫണ്ട് നീക്കിയിരുപ്പ് 2,43,49,509/- രൂപ) വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/30.1.25) മറുപടി നൽകിയില്ല.

സർക്കാർ നിർദ്ദേശം ലംഘിച്ച് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 3,74,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടി തുക തനത് ഫണ്ടിൽ നിന്നും ക്രമീകരിച്ച് സർക്കാരിലേക്ക് ഒടുക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

**<u>1-31 അർബൻ ഹെൽത്ത് & വെൽനെസ് സെന്ററിലേയ്ക്ക് സ്റ്റാഫ് നിയമനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല</u>**

പ്രോജക്ടിന്റെ പേര് – അർബൻ ഹെൽത്ത് & വെൽനെസ് സെന്ററിലേയ്ക്ക് സ്റ്റാഫ് നിയമനം.

പ്രോജക്ട് നം – S0350/24

നിർവ്വഹണം – നഗരസഭ സെക്രട്ടറി

ചെലവ് തുക – 6,95,622/- രൂപ (ഹെൽത്ത് ഗ്രാന്റ്)

<u>ചെലവ് വിവരം –</u>

ബിൽ നം. C122351190697/1.1.24 – 140400/-
ബിൽ നം. C12419677725/17.1.24 – 190400/-
ബിൽ നം. C022417706738/9.2.24 – 155362/-
ബിൽ നം. C032411602463/6.3.24 – 209460/-

ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ (സ.ഉ നം. 1078/2023/LSGD Dt 20.05.2023) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് 18-ൽ സർവ്വീസ് സഹകരണ ബാങ്കിന്റെ വാടക കെട്ടിടത്തിലും, 31, 43 എന്നീ വാർഡുകളിലെ നഗരസഭ വക കമ്മ്യൂണിറ്റി ഹാൾ കെട്ടിടങ്ങളിലും ആയി മൂന്ന് വെൽനെസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചെങ്കിലും 18, 31 എന്നീ വാർഡുകളിൽ മാത്രമാണ് തൻവർഷം വെൽനെസ് കേന്ദ്രങ്ങൾ ആരംഭിച്ചത്. അവിടേയ്ക്ക് ജീവനക്കാരെ നിയമിച്ച് വേതനം നൽകുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ജീവനക്കാർക്ക് വേതനം നൽകുന്നതിനായി തൻവർഷം ഹെൽത്ത് ഗ്രാന്റിൽ നിന്നും 6,95,622/- രൂപ വിനിയോഗിച്ചിട്ടുണ്ട്.
പുതിയതായി ആരംഭിക്കുന്ന U.H.&W.സെന്ററുകളിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം മുഖേന നിയമിക്കണമെന്നും വേതനം എൻ.എച്ച്.എം ഫണ്ടിൽ നിന്നും നൽകണമെന്നുമാണ് മേൽ മാർഗ്ഗരേഖയിലെ ഖണ്ഡിക 2-4(4)-ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ നഗരസഭ തൻവർഷം ആരംഭിച്ച രണ്ട് U.H&W സെന്ററുകളിലേയ്ക്ക് പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി ജീവനക്കാരെ നിയമിക്കുകയും അവർക്ക് ഹെൽത്ത് ഗ്രാന്റിൽ നിന്നും വേതനം നൽകുകയുമാണ് ചെയ്തത്. നഗരസഭയ്ക്ക് സ്വന്തം നിലയ്ക്ക് ജീവനക്കാരെ നിയമിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 53/04.02.2025) സ.ഉ(സാധാ) നം.2132/2022/ത.സ്വ.ഭ.വ തീയതി 31.08.2022, സ.ഉ(സാധാ) നം.2156/2022/ത.സ്വ.ഭ.വ തീയതി 1.9.2022 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിച്ച് വേതനം നൽകിയതെന്നാണ് സെക്രട്ടറി മറുപടി നൽകിയത്.
പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡു അനുവദിച്ചുകൊണ്ട് 20.05.2023-ൽ പുറപ്പെടുവിച്ച സ.ഉ(സാധാ) നം 1078/2023/L.S.G.D പ്രകാരമുള്ള മാർഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 2-4(4)-ൽ പുതുതായി ആരംഭിക്കുന്ന U.H.&W.സെന്ററുകളിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം മുഖേന നിയമിക്കണമെന്നും വേതനം എൻ.എച്ച്.എം ഫണ്ടിൽ നിന്നും നൽകണമെന്നും

വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തീയതിയ്ക്ക് മുൻപ് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമാണ് നിയമനം നടത്തിയതെന്ന വാദം അംഗീകരിക്കാവുന്നതല്ല.

നഗരസഭ നിയമിച്ച ജീവനക്കാരെ ഒഴിവാക്കി എൻ.എച്ച്.എം റാങ്ക് ലിസ്റ്റിൽ നിന്നും ജീവനക്കാരെ നിയമിച്ച് വിവരം അറിയിക്കേണ്ടതാണ്. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ച് ജീവനക്കാർക്ക് വേതനം നൽകുന്നതിനായി ഹെൽത്ത് ഗ്രാന്റിൽ നിന്നും വിനിയോഗിച്ച 6,95,622/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് U.H&W സെന്ററുകൾ കാര്യക്ഷമമായി നടത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-32 ഓഡിറ്റ് ഇംപാക്ട് - സ്കോളർഷിപ്പിനത്തിൽ അധികം നൽകിയ തുക വികസന ഫണ്ടിലേയ്ക്ക് തിരികെ ഒടുക്കി</u>

പ്രോജക്ടിന്റെ പേര് - എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

പ്രോജക്ടിന്റെ നമ്പർ - S0181/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, യു.പി.എ

ചെലവ് തുക - 6,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി)

2023-24 വർഷത്തേയ്ക്കുള്ള സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.115/2022/ ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പോളിടെക്നിക് / ഐ.റ്റി.ഐ സ്ഥാപനങ്ങളിൽ ഡിപ്ലോമ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥികൾക്ക് 20,000/- രൂപ സ്കോളർഷിപ്പിനാണ് അർഹത. എന്നാൽ മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ് മെമ്മോറിയൽ ഗവ. പോളിടെക്നിക് കോളേജിൽ Diploma In Automobile Engineering കോഴ്സിന് പഠിക്കുന്ന എ.അമൽകുമാർ, ശ്രീനിലയം എന്ന വിദ്യാർത്ഥിയ്ക്ക് 25,000/- (UTR No – RBI3342314910899/24.11.23) നൽകിയിരുന്നു. ഇതുസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/31.01.2025) നൽകിയതിനെ തുടർന്ന് അധികം നൽകിയ 5,000/- രൂപ 12.02.2025ലെ 0703470013 നമ്പർ ചലാൻ പ്രകാരം വികസന ഫണ്ടിലേയ്ക്ക് തിരികെ ഈടാക്കി രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

## <u>1-33 വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു</u>

പ്രോജക്ടിന്റെ പേര് - വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ

പ്രോജക്ടിന്റെ നമ്പർ - S00198/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 4,90,000/- (തനത് ഫണ്ട്)

ചെലവ് തുക - 4,85,496/- (ചെക്ക് നം.146159/27.9.23)

2022-23 വർഷം അംഗീകാരം ലഭിച്ച മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ തെരുവ് വിളക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി ബി.ഐ.എസ് മുദ്രയുള്ള 30W LED Light (Crompton /Havells), Clamp എന്നിവയ്ക്കായി 27.3.23-ൽ ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് താഴെപറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയുണ്ടായി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത ഉപകരണം, നിരക്ക് |
|---|---|---|
| 1 | എ.ബി.ബി.എസ് എന്റർപ്രൈസ്, കാർത്തികപ്പള്ളി | Havells 30W LED - 1549/-<br>ക്ലാമ്പ് - 399 |
| 2 | എസ്.കെ ലൈറ്റ്സ്, ആദിനാട് | Havells 30W LED - 1636/-<br>Cropton 30W LED - 1446/-<br>ക്ലാമ്പ് - 350/- |
| 3 | ഫോണിക്സ് എൽ.ഇ.ഡി, വയനാട് | Havells 30W LED - 2428/-<br>ക്ലാമ്പ് - നിരക്ക് രേഖപ്പെടുത്തിയില്ല. |
| 4 | ലമ്പോർ സൊല്യൂഷൻസ്, മരട് | ലൈറ്റ് (ഇനം വ്യക്തമാക്കിയില്ല) - 1865/-<br>ക്ലാമ്പ് - 313/- |

| | | |
|---|---|---|
| 5 | കെ.വി.എം അസോസിയേറ്റ്സ്, തേവലക്കര | Havells 30W LED - 1662/-<br>ക്ലാമ്പ് - 290/- |

ഹാവൽസ് ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറും ക്രോപ്ടൺ ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറും അംഗീകരിച്ച് തീരുമാനിച്ചുവെന്നാണ് നഗരസഭാ കൗൺസിലിന്റെ 27.6.2023-ലെ 21-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ക്രോപ്ടൺ ലൈറ്റിന് ഒരു സ്ഥാപനം മാത്രമാണ് നിരക്ക് ക്വോട്ട് ചെയ്തതെന്ന കാരണത്താൽ ആയത് ഒഴിവാക്കി ഹാവൽസ് ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എ.ബി.ബി.എസ് എന്റർപ്രൈസ്, കാർത്തികപ്പള്ളിയിൽ നിന്നും ലൈറ്റ് വാങ്ങുവാൻ സെക്രട്ടറി ഫയലിൽ നിർദ്ദേശിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിൽ നിന്നും 264 എണ്ണം LED Light, Clamp എന്നിവ വാങ്ങിയിട്ടുണ്ട്.

27.3.23-ൽ പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസിൽ ബി.ഐ.എസ് മുദ്രയുള്ള 30W LED Light (Crompton / Havells), Clamp എന്നിവയുടെ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിൻപ്രകാരമാണ് മേൽ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (Cropton 30W LED – 1446/-, ക്ലാമ്പ് - 350/-) എസ്.കെ ലൈറ്റ്സ്, ആദിനാട് എന്ന സ്ഥാപനത്തിൽ നിന്നും ഗുണനിലവാരമുള്ളതും താരതമ്യേന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതുമായ ക്രോപ്ടൺ ലൈറ്റ് വാങ്ങുന്നതിന് നടപടി സ്വീകരിക്കേണ്ടതിന് പകരം കൂടിയ നിരക്കിലുള്ള ഉപകരണങ്ങൾ വാങ്ങിയതുമൂലം അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ടെണ്ടറിൽ ഒരു ലൈറ്റിനും ക്ലാമ്പിനും കൂടി 1,948/- രൂപയാണ് എ.ബി.ബി.എസ് എന്റർപ്രൈസ് ക്വോട്ട് ചെയ്തിരുന്നതെങ്കിലും ടാക്സ് ഇൻവോയ്സിൽ 1,839/- രൂപയായി നിരക്ക് കുറച്ചിട്ടുണ്ട്. എന്നിരുന്നാലും എസ്.കെ ലൈറ്റ്സ്, ആദിനാട് ക്വോട്ട് ചെയ്ത നിരക്കുമായി (1796) താരതമ്യപ്പെടുത്തുമ്പോൾ ഒരു ലൈറ്റിനും ക്ലാമ്പിനും കൂടി 43/- രൂപയെന്ന കണക്കിൽ 264 എണ്ണത്തിനായി 11,352 രൂപയും അധികം ചെലവഴിച്ചിട്ടുണ്ട്. ടി തുക അധികച്ചെലവിന് ഉത്തരവാദിയായ നഗരസഭാ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഒരോ വാർഡിന്റേയും ചുമതലയുള്ള മരാമത്ത് വിഭാഗം ഓവർസീയർമാർ ലൈറ്റുകൾ (ഒരു വാർഡിലേയ്ക്ക് 6 എണ്ണം വീതം) കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നതു സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ക്രോപ്ടൺ ലൈറ്റിന് ഒരു സ്ഥാപനം മാത്രം നിരക്ക് ക്വോട്ട് ചെയ്തതിനാലാണ് പ്രസ്തുത ടെണ്ടർ പരിഗണിക്കാതിരുന്നതെന്നും എൽ.ഇ.ഡി ലൈറ്റുകൾ

സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളുടെ വിവരം ബന്ധപ്പെട്ട് ഓവർസീയർമാരിൽ നിന്നും ലഭ്യമാക്കി അറിയിക്കുന്നതാണെന്നുമാണ് മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/31.1.25) സെക്രട്ടറി മറുപടി നൽകിയത്.

വിതരണ രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് തുകയായ 4,85,496/- രൂപയിൽ നിന്നും 11,352/- രൂപ കുറച്ചുള്ള തുകയായ 4,74,144/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 ഭവന അറ്റകുറ്റപ്പണി ജനറൽ - മൂല്യനിർണ്ണയസാക്ഷ്യപത്ര പ്രകാരമുള്ള തുക നൽകിയില്ല

പ്രോജക്ടിന്റെ പേര് - ഭവന അറ്റകുറ്റപ്പണി – ജനറൽ

പ്രോജക്ടിന്റെ നമ്പർ - S0 0206/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, യു.പി.എ.

ചെലവ് തുക - 5,12,500/- രൂപ (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

പ്രോജക്ട് ഓഫീസർ, പി.എ.യു നിർവ്വഹണം നടത്തിയ ഭവന അറ്റകുറ്റപ്പണി (പൊതുവിഭാഗം) എന്ന സ്പിൽ ഓവർ പദ്ധതി പ്രകാരം അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 5,12,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, അറ്റകുറ്റപ്പണിയ്ക്കായി തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയുടെ 50% തുക മുൻകൂറായും നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷം മുനിസിപ്പൽ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് പരിശോധിച്ച് ലഭ്യമാക്കുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയും നൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താക്കളായ താഴെപറയുന്നവർക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അവർക്ക് അർഹമായ തുക പൂർണ്ണമായും നൽകിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരം അർഹമായ തുക | നൽകിയ തുക | ശേഷിക്കുന്ന തുക |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 01 | സുമതി പാക്കകണ്ടത്തിൽ വടക്കതിൽ, വാർഡ് 20 | 50,000 | 25,000 | 25,000 |
| 02 | വാസന്തി എരുവിച്ചെട്ടുത്ത് കിഴക്കതിൽ, വാർഡ് 28 | 50,000 | 40,000 | 10,000 |
| 03 | ഉഷ, ഉഷാനിവാസ്, പെരിങ്ങല വാർഡാ് 13 | 35,000 | 30,000 | 5,000 |
| 04 | രാജമ്മ, ചക്കാലത്തറയിൽ, വാർഡ് 43 | 36,000 | 30,000 | 6,000 |
| 05 | റംല ബഷീർ, കിഴക്കടത്ത് കിഴക്കതിൽ, വാർഡ് 25 | 30,000 | 25,000 | 5,000 |

തൻവർഷം ഏറ്റെടുത്ത പുതിയ പദ്ധതികളിൽ മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള മുഴുവൻ തുകയും എല്ലാ ഗുണഭോക്താക്കൾക്കും നൽകിയിട്ടുണ്ടെന്നും മേൽ പരാമർശിച്ച സ്പിൽ ഓവർ പദ്ധതിയിലാണ് ഫണ്ടിന്റെ അപര്യാപ്തത കാരണം ചില ഗുണഭോക്താക്കൾക്ക് തുക കുറവ് നൽകിയതെന്നുമാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.23/30.1.25) പ്രോജക്ട് ഓഫീസർ മറുപടി നൽകിയത്. ഒരേ പദ്ധതിയുടെ ഗുണഭോക്താക്കളായവരിൽ ഭൂരിപക്ഷം പേർക്കും മൂല്യനിർണ്ണയ സാക്ഷ്യപത്ര പ്രകാരമുള്ള മുഴുവൻ തുക അനുവദിക്കുകയും കുറച്ച് പേർക്ക് മാത്രം അർഹമായ തുകയിൽ കുറവ് വരുത്തുകയും ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. മേൽ പരാമർശിച്ച വ്യക്തികൾക്ക് അർഹമായ മുഴുവൻ തുകയും നൽകുന്നതിന് നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**1-35 UH&W സെന്ററിലേയ്ക്ക് ഫർണീച്ചറും അനുബന്ധ സാധനങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം ലംഘിച്ച് വാങ്ങൽ നടത്തി**

പ്രോജക്ടിന്റെ പേര് – UH&W സെന്ററിലേയ്ക്ക് ഫർണീച്ചറും അനുബന്ധ സാധനങ്ങളും വാങ്ങൽ.

പ്രോജക്ട് നം – S0351/24

നിർവ്വഹണം – നഗരസഭ സെക്രട്ടറി

ചെലവ് തുക – 15,00,000/- രൂപ (ഹെൽത്ത് ഗ്രാന്റ് )

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം നഗരസഭയ്ക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗവുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ (സ.ഉ നം.1078/2023/LSGD Dt 20.05.2023) നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 18, 31, 43 എന്നീ വാർഡുകളിൽ പുതിയതായി ആരംഭിക്കുന്ന മൂന്ന് അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി നടപ്പാക്കിയ പ്രോജക്ടാണിത്. വാർഡ് 18-ൽ സർവ്വീസ് സഹകരണ ബാങ്കിന്റെ വാടക കെട്ടിടത്തിലും, 31, 43 എന്നീ വാർഡുകളിലെ നഗരസഭ വക കമ്മ്യൂണിറ്റി ഹാൾ കെട്ടിടങ്ങളിലും മൂന്ന് വെൽനെസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതി ആവിഷ്കരിച്ചെങ്കിലും 18, 31 എന്നീ വാർഡുകളിൽ മാത്രമാണ് തൻവർഷം വെൽനെസ് കേന്ദ്രങ്ങൾ ആരംഭിച്ചത്. മേൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ വെൽനെസ് കേന്ദ്രങ്ങളിൽ സ്ഥാപിച്ച് ഉപയോഗിക്കുന്നുണ്ടോയെന്നതു സംബന്ധിച്ച് നടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1-) <u>മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത സാധനങ്ങൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചു.</u>

18, 31 എന്നീ വാർഡുകളിൽ ആരംഭിച്ച വെൽനെസ് കേന്ദ്രങ്ങളിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി ആവിഷ്കരിച്ച മേൽ പ്രോജക്ടിന്റെ ഭാഗമായി ഹെൽത്ത് ഗ്രാന്റിൽ നിന്നും 2,94,300/- രൂപ വിനിയോഗിച്ച് ടെക്സ്മോ ഏജൻസീസ് കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ മുതലായവ വാങ്ങിയിട്ടുണ്ട്. അർബൻ ഹെൽത്ത് & വെൽനെസ് സെന്ററുകളിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ പട്ടികയിൽ വാഷിംഗ് മെഷീൻ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 18, 31 വാർഡുകളിലെ വെൽനെസ് സെന്ററുകളിലേയ്ക്ക് വാങ്ങിയ മെഷീനുകൾ ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വാർഡ് 18-ൽ സർവ്വീസ് സഹകരണ ബാങ്കിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെൽനെസ് സെന്ററിലേയ്ക്ക് വാങ്ങിയ വാഷിംഗ് മെഷീൻ സ്റ്റെയർ കേസിന്റെ താഴെ സൂക്ഷിച്ചിരിക്കുന്നതിന്റെ ചിത്രം താഴെ കൊടുക്കുന്നു.




അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.53/ 4.2.25) നൽകിയെങ്കിലും മേൽ വാങ്ങലിനെ സാധൂകരിക്കുന്ന ഉത്തരവുകളൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത വാഷിംഗ് മെഷീൻ വാങ്ങിയതിനാലും ഇവ നാളിതുവരെ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിനാലും വാഷിംഗ് മെഷീൻ വാങ്ങുന്നതിനായി വിനിയോഗിച്ച 47,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എത്രയും വേഗം ഇൻസ്റ്റലേഷൻ നടപടികൾ പൂർത്തിയാക്കി വാഷിംഗ് മെഷീനുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

<u>ചെലവ് വിവരം</u>

ബിൽ നം. C112324298801/11.10.23 – 2,94,300/-

2-) <u>ഫർണീച്ചറുകൾ ഉപയോഗിക്കാതെ കൂട്ടിയിട്ടിരിക്കുന്നു</u>

മൂന്ന് അർബൻ ഹെൽത്ത് & വെൽനെസ് സെന്ററുകളിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 11,81,901 രൂപ വിനിയോഗിച്ച് ആർട്കോ ചെങ്ങന്നൂരിൽ നിന്നും വാങ്ങിയ സാധനങ്ങൾ പൂർണ്ണമായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ഒന്നാം ഘട്ടത്തിൽ വാങ്ങിയ 7,94,761 രൂപയുടെ സാധനങ്ങൾ മാത്രമാണ് സ്റ്റോക്കിൽ ചേർത്തിട്ടുള്ളത്. വാർഡ് 43ൽ വെൽനെസ് സെന്റർ ആരംഭിച്ചിട്ടില്ലാത്തിനാൽ ഇവിടേയ്ക്കായി വാങ്ങിയ 3,87,140 രൂപയുടെ സാധനങ്ങൾ വെൽനെസ് സെന്ററിനായി ഏറ്റെടുത്ത കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുകയാണ്. വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ 3,87,140 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സെന്ററിന്റെ പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും ഫർണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

<u>ചെലവ് വിവരം</u>

ബിൽ നം. C032437566556/14.3.24 – 1,97,693/-

ബിൽ നം. C032437518578/14.3.24 – 1,89,447/-

## <u>1-36 ലൈബ്രറി സെസ് യഥാസമയം അടവാക്കിയില്ല – നഗരസഭക്ക് 1.09 കോടി രൂപയുടെ ബാധ്യത</u>

വസ്തുനികുതിയോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തുനികുതിയുടെ 5 ശതമാനം തുക ലൈബ്രറി സെസ് ആയി പിരിച്ചെടുക്കുന്നുണ്ട്. എന്നാൽ നഗരസഭ ഇത് യഥാസമയം സംസ്ഥാന ലൈബ്രറി കൌൺസിലിന് കൈമാറുന്നില്ലായെന്ന് വാർഷിക കണക്ക് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 2023-24 വരെ പിരിച്ചെടുത്ത തുകയിൽ 10958809/- രൂപ ലൈബ്രറി കൌൺസിലിന് കൈമാറുവാൻ അവശേഷിക്കുന്നുണ്ട്. (പട്ടിക – B9 (ഹെഡ് കോഡ് -350300100).

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസ്സിനത്തിൽ പിരിക്കുന്ന തുക യഥാക്രമം ഏപ്രിൽ 30 നും നവംബർ 30 നും ഉള്ളിൽ രണ്ടു ഗഡുക്കളായി ലൈബ്രറി കൌൺസിലിൽ ഒടുക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത്

തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് പലിശ ഈടാക്കുന്നതിനും 20.09.2005-ാം തീയതിയിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10088/എൽ.3/05-ാം നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/29.01.2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. ലൈബ്രറി സെസ്സായി പിരിച്ച തുക കാലവിളംബം കൂടാതെ സംസ്ഥാന ലൈബ്രറി കൗൺസിലിൽ അടവാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-37 ഓഡിറ്റ് റിക്കവറിയിനത്തിൽ 7.19 ലക്ഷം രൂപയുടെ ബാധ്യത – തുക സർക്കാർ ഫണ്ടിൽ ഒടുക്കിയില്ല</u>

വാർഷിക കണക്കുകൾ പ്രകാരം 7,19,133/- രൂപ നഗരസഭയ്ക്ക് ഓഡിറ്റ് റിക്കവറിയിനത്തിൽ ബാധ്യത ഹെഡ്ഡിൽ നിലനിൽക്കുന്നുണ്ട് (B-9 പട്ടിക, ഹെഡ് കോഡ്-350200125 പ്രകാരം). സർച്ചാർജ് നടപടികൾ മുഖാന്തിരം ഈടാക്കിയ ഓഡിറ്റ് റിക്കവറി തുകകൾ സഞ്ചിത നിധിയിൽ നിന്നുള്ള ചെലവുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണപ്രകാരമുള്ളതാണെങ്കിൽ, അവ ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ വരവ് വന്ന ഓഡിറ്റ് റിക്കവറി തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. വിവിധ വർഷങ്ങളിൽ ഓഡിറ്റ് റിക്കവറിയായി നഗരസഭയിൽ ലഭിച്ച തുകകൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ഏത് ഫണ്ടിനത്തിൽ നിന്നുള്ള റിക്കവറിയാണിതെന്നതും സർക്കാരിലേക്ക് ഒടുക്കുവാനുള്ള തുകയാണോയെന്നതും പരിശോധിച്ച്, സർക്കാർ ഗ്രാന്റിന്റെ അധിക ചെലവ് സംബന്ധിച്ച പരാമർശം പ്രകാരമുള്ള ഓഡിറ്റ് റിക്കവറിയാണെങ്കിൽ തുക ട്രഷറിയിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## <u>1-38 മൂല്യവർദ്ധിത നികുതി- 1.4 ലക്ഷം രൂപ സർക്കാരിലേക്ക് ഒടുക്കിയില്ല</u>

2017 ജൂലൈ 1 ന് ചരക്ക് സേവന നികുതി നിലവിൽ വരുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന മൂല്യവർദ്ധിത നികുതിയിനത്തിൽ നഗരസഭ വിവിധ വിതരണക്കാരിൽ നിന്നും മരാമത്ത് കരാറുകാരിൽ നിന്നും പിരിച്ചെടുത്ത തുക നിലവിലും നഗരസഭയുടെ ബാധ്യതയായി തുടരുന്നുണ്ട്. വാർഷിക കണക്കുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക (രൂ.) |
|---|---|---|

| | | |
|---|---|---|
| 350200211 | Recoveries Payable _ Value Added Tax-Special Funds | 85,051 |
| 350300400 | VAT Payable | 56,754 |
| | ആകെ | 1,41,805/- |

സർക്കാരിലേക്ക് ഒടുക്കേണ്ട 1,41,805/- രൂപ ബാധ്യതയായി വർഷങ്ങളായി നഗരസഭ ഫണ്ടിൽ തുടരുകയാണ്. മുൻ ഓഡിറ്റ് റിപ്പോർട്ടിലും ടി വിഷയം പരാമർശിച്ചിരുന്നെങ്കിലും തുടർ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. തുക ട്രഷറിയിൽ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 1-39 വിവിധ മുൻകൂറുകൾ കാലാവധി കഴിഞ്ഞിട്ടും ക്രമീകരിച്ചില്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I അനുച്ഛേദം 99 പ്രകാരം മുൻകൂർ കൈപ്പറ്റിയ ജീവനക്കാർ യഥാസമയം രേഖകൾ സമർപ്പിച്ച് മുൻകൂർ ക്രമീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. നിയമ പ്രകാരമുള്ള സമയപരിധിയ്ക്കകം മുൻകൂർ ക്രമീകരിക്കുന്നതിനുള്ള രേഖകൾ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ കണക്കാക്കി ആയത് സഹിതം തിരികെ ഈടാക്കണമെന്ന് 4/10/11-ലെ ജി.ഒ(പി)419/11/ഫിൻ നമ്പർ ഉത്തരവിലും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ നഗരസഭയിൽ 2023-24 വർഷം വിവിധ ഇനങ്ങളിൽ നൽകിയ താഴെപ്പറയുന്ന മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

| ഹെഡ് കോഡ് | ഇനം | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|
| 460100100 | Housing Loan To Employees | 5,864 |
| 460100400 | Festival Advance To Employees | 3,94,350 |
| 460100500 | Standing Advance | 7,295 |
| 460100700 | Miscellaneous Advance | 13,16,420 |
| | | |

| | | |
|---|---|---|
| 460100800 | Marriage Loan | 9,758 |

മുൻകൂർ സംബന്ധിച്ച് വർഷം തിരിച്ചുള്ള കണക്കുകൾ രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. ഏതെല്ലാം ജീവനക്കാരുടെ ഏതെല്ലാം കാലയളവിലെ തുകയാണിതെന്ന് വ്യക്തമല്ല. ലെഡ്ജറിലും ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/29.01.2025) മറുപടി ഹാജരാക്കിയില്ല. അഡ്വാൻസ് ഇനത്തിൽ ലഭിക്കാനുള്ള തുക അടിയന്തിരമായി പലിശ സഹിതം തിരികെ ഈടാക്കാത്തപക്ഷം ബന്ധപ്പെട്ട സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്. സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-40 പ്രോക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ വാങ്ങൽ നടത്തുന്നു

ജി.ഒ.(പി)നം.259/2010/ത.സ്വ.ഭ.വ./ 8.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടത്. മാർഗ്ഗരേഖ പ്രകാരം 5,000 രൂപ മുതൽ 50,000 രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷനിലൂടെയും 50,000 രൂപക്ക് മുകളിൽ 1,00,000/- രൂപ വരെയുള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടറിലൂടെയും 1,00,000/- രൂപക്ക് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടറിലൂടെയുമാണ് നടത്തേണ്ടത്. എന്നാൽ നഗരസഭാ സെക്രട്ടറി നടപ്പാക്കിയ താഴെപറയുന്ന പദ്ധതികൾക്കായി നടത്തിയ വാങ്ങലുകളിൽ മേൽ മാർഗ്ഗരേഖ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചില്ല.

നഗരസഭാ സെക്രട്ടറി നടപ്പാക്കിയ ഹരിത കർമ്മ സേനാംഗങ്ങൾക്ക് യൂണീഫോം വാങ്ങൽ (പ്രോ.നം S0500/24) എന്ന പ്രോജക്ടിനായി 11.01.2024-ൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ തുക ക്വോട്ട് ചെയ്ത KICO Business Corporation Adoor എന്ന സ്ഥാപനത്തിൽ നിന്നുമാണ് യൂണിഫോം വാങ്ങിയത് (ചെലവ് തുക 199873/- സി.എഫ്.സി ഗ്രാന്റ് ).

അതുപോലെ നഗരസഭാ സെക്രട്ടറി നടപ്പാക്കിയ UH&W സെന്ററിലേയ്ക്ക് ഫർണീച്ചറും അനുബന്ധ സാധനങ്ങളും വാങ്ങൽ എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നം. S00351/24) ഭാഗമായി ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ടെക്സ്മോ ഏജൻസീസ് കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും 2,94,300/- രൂപയുടെ കമ്പ്യൂട്ടർ, പ്രിന്റർ, ഫ്രിഡ്ജ്, വാഷിംഗ് മെഷീൻ മുതലായ ഉപകരണങ്ങളും ബ്രദേഴ്സ് ബാറ്ററി ഹൗസ് കായംകുളം എന്ന സ്ഥാപനത്തിൽ നിന്നും 1,75,780 രൂപ ചെലവഴിച്ച് രണ്ട് യു.പി.എസ് എന്നിവയും വാങ്ങിയത് ക്വട്ടേഷൻ നടപടികളിലൂടെയാണ്.

ടെണ്ടർ നോട്ടീസ് തയ്യാറാക്കി, പത്രപ്പരസ്യം നൽകി, അംഗീകൃത കരാറുകാർക്ക് ടെണ്ടർ രേഖകൾ നൽകി ടെണ്ടർ സമർപ്പണത്തിന് 21 ദിവസത്തെ സമയം അനുവദിച്ച് ഓപ്പൺ ടെണ്ടർ വഴി സാധനങ്ങൾ വാങ്ങുന്നതിന് പകരം ക്വട്ടേഷൻ

നടപടികളിലൂടെ വാങ്ങൽ നടത്തിയത് ക്രമപ്രകാരമല്ല. സമയക്കുറവ് മൂലമാണ് ക്വട്ടേഷൻ നടപടിയിലൂടെ വാങ്ങൽ നടത്തിയതെന്നാണ് ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/30.01.2025) മറുപടി നൽകിയത്. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ കർശനമായി പാലിച്ച് വാങ്ങൽ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-41 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (റെഗുലർ & കണ്ടിജന്റ്) കൃത്യമായി അടവാക്കുന്നില്ല, കുടിശ്ശിക കോടികൾ**

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് – കം – റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ 15% വീതം പ്രതിമാസം ഒടുക്കു വരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ ചട്ടം 10 നിർദ്ദേശിക്കും പ്രകാരം പെൻഷൻ ആനുകൂല്യം നല്കുന്നതിനായി നഗരസഭയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിച്ചിട്ടില്ല. 2023-24 വർഷം പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (റെഗുലർ & കണ്ടിജന്റ്) 2013-14 വർഷം മുതൽ അടവാക്കിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ (റെഗുലർ & കണ്ടിജന്റ്) ഇനത്തിൽ അടവാക്കേണ്ട തുക സംബന്ധിച്ച് വർഷം തിരിച്ച് കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് (B-9), ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ റെഗുലർ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ (Contribution To Central Pension Fund) 3.25 കോടി രൂപയും കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 34,18,931/- രൂപയും ഉൾപ്പെടെ ആകെ 3.59 കോടി രൂപ ബാധ്യത നിലനിൽക്കുന്നു.

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കാത്തതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് യഥാസമയം അലോട്ട്മെന്റ് ലഭിക്കുന്നില്ല. പെൻഷൻ വിഹിതം അടവാക്കാത്തത് സംബന്ധിച്ചും പ്രസ്തുത ഇനത്തിൽ വാർഷികകണക്കിലുൾപ്പെടുത്തിയ തുകയുടെ കൃത്യത സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.45/01.02.2025) മറുപടി ലഭ്യമാക്കിയില്ല. ഫലത്തിൽ കണ്ടിജന്റ് ജീവനക്കാരുടേയും റഗുലർ വിഭാഗം ജീവനക്കാരുടേയും പെൻഷൻ വിഹിതം യഥാസമയം അടവാക്കാത്തത് തനതുഫണ്ടിന്റെ ബാധ്യതയായി മാറിയിട്ടുണ്ട്. പെൻഷൻ വിഹിതം

കൃത്യമായി ഒടുക്കി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ഉറപ്പാക്കി അധിക ചെലവ് ഒഴിവാക്കേണ്ടതാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

**1-42 ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ -പ്ലാന്റ് പ്രവർത്തന സജ്ജമായില്ല**

| | |
|---|---|
| പ്രോജക്ട് നം. | S0329/24 |
| പേര് | ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കൽ |
| അടങ്കൽ | 4424201(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>26619565(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>**31043766/-** |
| ചെലവ് | 5364075 (സംസ്ഥാനാവിഷ്കൃത ഫണ്ട്) |

നഗരസഭയിലെ മാലിന്യനിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2012-13 വർഷം 2കോടി 40 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചുവെങ്കിലും പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തതിനെ തുടർന്ന് തുക തിരിച്ചടയക്കുവാൻ നിർദ്ദേശം ലഭിച്ചു. തുടർന്ന് പദ്ധതിയ്ക്ക് വീണ്ടും അനുമതി ലഭിയ്ക്കുകയും 2019 ൽ 3 കോടി 31 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ശുചിത്വ മിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചെങ്കിലും ആർക്കും തന്നെ ടെണ്ടർ ഉറപ്പിച്ചു നൽകുവാൻ സാധിച്ചില്ല. തുടർന്ന് സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്ക് പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുകയും, ആയത് പ്രകാരം സിവിൽ വർക്ക്, മെക്കാനിക്കൽ വർക്ക് എന്നിവയ്ക്ക് യഥാക്രമം 1,49,21,884/- രൂപ (അബ്ദുൾ അസീസ്), 1,15,48,000/- രൂപ (സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ) യുടെ കരാറുകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിലും നിർമ്മാണ സ്ഥലത്ത് 30.01.2025 ൽ നേരിൽ പരിശോധന നടത്തിയതിലും എസ്റ്റിമേറ്റ് പ്രകാരമുള്ള സിവിൽ വർക്കുകൾ പൂർണ്ണതയിലേക്ക് എത്തിയിട്ടുള്ളതായി വ്യക്തമായി. സിവിൽ വർക്കുകൾക്കുള്ള ചെലവ് മാത്രമാണ് 2023-24 വർഷം നടത്തിയിട്ടുള്ളത്. ശുചിത്വ മിഷൻ അംഗീകരിച്ച എസ്റ്റിമേറ്റിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവർത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ അവ ആരംഭിച്ചിട്ടില്ല.

പ്രോജക്ടിന്റെ മെക്കാനിക്കൽ പ്രവർത്തികളിൽ നിന്നും സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ ഒഴിവാക്കിയ ശേഷം നടത്തിയ ടെൻഡറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ടെക്ക് ഫാം ഇന്ത്യ എന്ന സ്ഥാപനത്തിന് നഗരസഭാ കൗൺസിലിന്റെ 11.09.2024 ലെ 12-ാം നമ്പർ തീരുമാന പ്രകാരം 05.10.2024 ൽ സെലക്ഷൻ നോട്ടീസ് (P1-4694/12 Vol 1) നല്കുകയും 17.12.2024 ൽ അവർ എഗ്രിമെന്റ് വച്ച് പ്രവർത്തി ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട് .

ഖരമാലിന്യ സംസ്കരണം നഗരസഭയുടെ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന വിഷയമായിട്ടും ഇലക്ട്രിക്കൽ, പ്ലംബിംഗ് പ്രവൃത്തികളും, മെക്കാനിക്കൽ പ്രവൃത്തികളുടെ ഭാഗമായുള്ള മെഷിനറികളുടെ സ്ഥാപനവും നടത്തി പ്ലാന്റ് പ്രവർത്തന സജ്ജമാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 65/23-24/05.02.25 ന് മറുപടി ലഭ്യമാക്കിയില്ല.
2012-13 ൽ തുടക്കമിട്ട പദ്ധതി നിലവിലും പൂർണ്ണമാകാത്തതിനാൽ, സമ്പൂർണ്ണ ശുചിത്വ നഗരസഭ എന്ന ലക്ഷ്യത്തോടെ മാലിന്യ നിർമ്മാർജ്ജന മേഖലയിൽ നഗരസഭ സ്വീകരിക്കുന്ന മറ്റ് നടപടികളുടെ പ്രാധാന്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നു. പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-43 പി.എം.എ.വൈ ഭവന നിർമ്മാണം ഗുണഭോക്താവ് തിരിച്ചടച്ച തുക നഗരസഭയുടെ പി.എം.എ.വൈ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

നഗരസഭയുടെ രസീത് പിരിവുമായി ബന്ധപ്പെട്ട് 20.11.2023-ലെ ഡേ ബുക്ക്, ചിട്ട എന്നിവ പരിശോധിച്ചതിൽ 350309900 Others Payable എന്ന ഹെഡിൽ 6,45,200/- രൂപ (സമീന കൊട്ടയ്ക്കാട്ടു തെക്കതിൽ വാർഡ്-40 എന്നയാൾ അടച്ചത്) വരവുള്ളത് നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 30/31.01.2025)യെ തുടർന്ന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയവിവരങ്ങൾ ചുവടെ ചേർക്കുന്നു.
കായംകുളം നഗരസഭ യു.പി.എ വിഭാഗം -പി.എം.എ.വൈ(നഗരം) 3ാം ഘട്ട ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്ന
40 ാം വാർഡ്-ലെ ശ്രീമതി സെമീന, കൊട്ടയ്ക്കാട്ട് തെക്കതിൽ എന്ന ഗുണഭോക്താവ് 4,00,000/- രൂപ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കിയിരുന്നു. എന്നാൽ ടിയാന്റെ പിതാവിന്റെ ഹൃദയ സംബന്ധമായ അസുഖത്തിനുള്ള തുടർചികിത്സയ്ക്കായി വീടും സ്ഥലവും വിൽക്കാൻ തീരുമാനിച്ചതിനാൽ പദ്ധതിയിൽ നിന്നും ഒഴിവാകുന്നതിനായി ശ്രീമതി

സെമീന അപേക്ഷ നൽകിയിരുന്നു. ആയത് പ്രകാരം ഗുണഭോക്താവിന്റെ കരാർ റദ്ദ് ചെയ്ത്, പി.എം.എ.വൈ(നഗരം) - ലൈഫ് പദ്ധതിയിൽ നിന്ന് അനുവദിച്ച ആനുകൂല്യം 12% പലിശ സഹിതം ഈടാക്കി പദ്ധതിയിൽ നിന്ന് ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിന് 07.05.2022 ലെ 6830/എൻ/2020/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് പ്രകാരം കുടുംബശ്രീ പ്രോഗ്രാം ഓഫീസർ (അർബൻ) , നഗരസഭയ്ക്ക് അനുമതി നൽകിയിരുന്നു. ഗുണഭോക്താവ് കൈപ്പറ്റിയ നഗരസഭാ വിഹിതവും ആനുപാതിക പലിശയും നഗരസഭയുടെ പി.എം.എ.വൈ(നഗരം) - ലൈഫ് ബാങ്ക് അക്കൗണ്ടിലും, കേന്ദ്ര സംസ്ഥാന വിഹിതവും, ആനുപാതിക പലിശയും സ്റ്റേറ്റ് മിഷന്റെ പി.എം.എ.വൈ(നഗരം) - ലൈഫ് ബാങ്ക് അക്കൗണ്ടിലും (ഐ.സി.ഐ.സി.ഐ ബാങ്ക്, പഴയറോഡ് തിരുവനന്തപുരം) അടവാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ടി വ്യക്തിയിൽ നിന്നും ഈടാക്കിയ മുഴുവൻ തുകയും (6,45,200/- രൂപ) നിലവിലും നഗരസഭയുടെ പി.എം.എ.വൈ അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. കേന്ദ്ര സംസ്ഥാന വിഹിതവും, ആനുപാതിക പലിശയും ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## <u>1-44 സാമൂഹ്യ സുരക്ഷാ പെൻഷൻ മരണപ്പെട്ടവർക്ക് തുക അക്കൗണ്ടിലേക്ക് നൽകി</u>

2023-24 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല. ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി | അനർഹമായ കാലയളവ്/ |
|---|---|---|---|---|
| 1 | മാധവിയമ്മ , കല്ലൂർതെക്കതിൽ,പെരിങ്ങാല | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല | 25.02.2024 | 4800(1600x3) 3/24-5/24 വരെയുള്ള തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. |

| | | | | |
|---|---|---|---|---|
| | | പെൻഷൻ, 101840204617 | | 6/24 മുതൽ 10/24 വരെ മസ്റ്ററിങ്ങ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു. |
| 2 | ചെറിയാൻ ഡാനിയേൽ, കളത്തിൽ വീട്ടിൽ,ചേരാവള്ളി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 101840201056 | 02.02.2024 | 4800(1600x3)<br>3/24-5/24 വരെയുള്ള തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.<br>6/24 മുതൽ 10/24 വരെ മസ്റ്ററിങ്ങ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു. |
| 3 | ദേവകി, മണ്ണംപുറത്ത് വീട്,ഗോവിന്ദമുട്ടം, കായംകുളം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 101840203032 | 21.02.2024 | 4800(1600x3)<br>3/24-5/24 വരെയുള്ള തുക അക്കൌണ്ടിൽ നിക്ഷേപിച്ചു.<br>6/24 മുതൽ 10/24 വരെ മസ്റ്ററിങ്ങ് പൂർത്തിയാക്കാത്തതിനാൽ തടഞ്ഞുവെച്ചിരിക്കുന്നു. |

മരണപ്പെട്ടതിനുശേഷവും സേവനഡാറ്റാ ബെയ്സിൽ ആക്ടീവായതിനാൽ അനർഹമായ കാലയളവിൽ തുക അക്കൌണ്ടിലേക്ക് പോയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.44/01.02.2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ മുകളിൽ പറഞ്ഞിരിക്കുന്നതിൽ ക്രമ നം.1, ക്രമ നം.3 എന്നിവർ

മരണപ്പെട്ടു എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ സസ്പെന്റ് ചെയ്തു എന്നറിയിച്ചു. ക്രമ നം.2 ചെറിയാൻ ഡാനിയേൽ എന്നയാളുടെ മരണവിവരം സ്ഥിരീകരിക്കാൻ കൂടുതൽ അന്വേഷണം ആവശ്യമുള്ളതിനാൽ വരും ദിവസങ്ങളിൽ നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും, മേൽപ്പറഞ്ഞവർക്ക് അനർഹമായ കാലയളവിലേക്ക് നൽകിയ തുക കേരളബാങ്കിലെ അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം അറിയിക്കേണ്ടതുമാണ്.

II) 2023-24 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയുടെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്ക്, നൽകിക്കൊണ്ടിരിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | അരുന്ധതി, മുപ്പള്ളിൽ,ചിറക്കടവം,കായംകുളം | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ **101840201963** | 04.01.2023/ 13.11.2023 | 1600x5 (2/23 മുതൽ-6/23 വരെ) 8000/- അക്കൌണ്ടിൽ നിക്ഷേപിച്ചു |

അരുന്ധതി, മുപ്പള്ളിൽ, എന്നയാളുടെ ബാങ്ക് അക്കൌണ്ടിലേക്ക് അനർഹമായി പോയ തുക തിരിച്ചടവാക്കുന്നതിനായി ബാങ്കിന് അടിയന്തിരമായി കത്ത് നൽകുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. തുക കേരളബാങ്കിലെ

അക്കൌണ്ടിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-45 ആധുനിക വാതകശ്മശാനം -നടപടിക്രമങ്ങൾ മന്ദഗതിയിൽ**

കായംകുളം നഗരസഭയിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിനുള്ള പദ്ധതി നാളിതുവരെ പൂർത്തീകരിച്ചില്ല. ക്രിമറ്റോറിയം പണിയുന്നതിന് ഡി.പി.ആർ തയ്യാറാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Y-Sakh Consultancy &Project Management ന്റെ (1% Of Project Cost) ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. 10.07.2023 – ൽ ടി സ്ഥാപനത്തിനു 70000/- രൂപ ചെക്ക് നം.2142801 പ്രകാരം നൽകിയിട്ടുമുണ്ട്. ഫയൽ പരിശോധിച്ചതിൽ 12.09.2023-ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഡി.പി.ആർ കൌൺസിൽ അംഗീകരിക്കുകയും, 18.09.2023-ൽ അംഗീകാരത്തിനായി ഇംപാക്റ്റ് കേരളയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഡി.പി.ആർ-ന് നിലവിലും അംഗീകാരം ലഭിച്ചിട്ടില്ല.

നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി (നം.33/31.01.2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിമൂലം കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനാൽ 15.06.2024-ലെ 2-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത പദ്ധതിക്കായി ലോൺ എടുക്കുന്നതിനു തീരുമാനിക്കുകയും, കെ. യു. ആർ. ഡി. എഫ്. സി. ഡയറക്ടർ ബോർഡ് യോഗം ചേർന്ന് വായ്പ അനുവദിക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കെ. യു. ആർ. ഡി. എഫ്. സി.യുടെ നിർദ്ദേശപ്രകാരം ഡി.പി.ആർ അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനായി ഇംപാക്റ്റ് കേരളയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും, കെ. യു. ആർ. ഡി. എഫ്. സി. യിൽ നിന്നും വായ്പ ലഭ്യമാകുന്ന മുറയ്ക്ക് ഇംപാക്റ്റ് കേരളയുമായി MOU വിൽ ഏർപ്പെട്ട് പ്രവർത്തി പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചു .

പരിസ്ഥിതി, സാമൂഹിക ഘടകങ്ങൾ കണക്കിലെടുത്ത് അടിയന്തിരമായി നടപ്പാക്കേണ്ട പദ്ധതിയായിട്ടും ശ്മശാന നിർമ്മാണം അനന്തമായി നീണ്ട് പോകുന്നു. അടിയന്തിര പ്രാധാന്യം നൽകി പദ്ധതി നടപ്പിലാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. നാളിതുവരെ ഡി.പി.ആർ-ന് അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാലും പദ്ധതി നടപ്പായിട്ടില്ലാത്തതിനാലും ഡി. പി. ആർ തയാറാക്കുന്നതിനായി ചെലവഴിച്ച 70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-46 അങ്കണവാടി നവീകരണം -പെയിന്റിംഗ് ഇനത്തിൽ തുക അധികം ചെലവഴിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെ പേര്: അങ്കണവാടി നവീകരണം വാർഡ് 9

പ്രോജക്ട് നം. 227/24

കരാറുകാരൻ: നജീം എച്ച്.

അടങ്കൽ : 1,50,000

ചെലവഴിച്ച തുക : 1,35,853 രൂപ

ബിൽ നം. 47/22.1.24

നഗരസഭയിലെ വാർഡ് 9 ലെ അങ്കണവാടി നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടിലെ എസ്റ്റിമേറ്റ്, ഇ .എം ബുക്ക്(നം. Estt. 82805/ 2022) എന്നിവ പ്രകാരം ഇനം 13.1.1 ൽ ഉൾപ്പെടുത്തി 75 മീറ്റർ നീളത്തിലും 1.050 മീറ്റർ വീതിയിലും കോമ്പൌണ്ട് വാൾ പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. ഇനം 13.44.1 പ്രകാരം ഫിനിഷിംഗ് വാൾ വിത്ത് വാട്ടർ പ്രൂഫിംഗ് സിമന്റ് പെയിന്റ് ... എന്ന ഇനം 101 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും ചെയ്തിട്ടുണ്ട്. പെയിന്റിംഗ് നടത്തിയ പ്രതലമായി 75 മീറ്റർ നീളത്തിലും 1.050 വീതിയിലും അങ്കണവാടിയും 26 മീറ്റർ നീളവും .450വീതിയും അൺ ഡിഫൈനഡ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഇനം 14.64.1 ആയി ഫിനിഷിംഗ് വാൾ വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് ഓഫ് റിക്വയർഡ് ഷേഡ് ഓൾഡ് വർക്ക് എന്ന ഇനം കോമ്പൌണ്ട് വാളിൽ ( 2x75x1.2(180sqm) ) ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കോമ്പൌണ്ട് വാൾ രണ്ട് പ്രാവശ്യം പെയിന്റ് ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ കോമ്പൌണ്ട് വാളിന്റെ ഒരു വശം മാത്രമേ പ്ലാസ്റ്റർ ചെയ്തിട്ടുള്ളൂവെങ്കിലും രണ്ട് വശത്തും പെയിന്റ് ചെയ്തതായി കാണിച്ചിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 56/3.2.25)മറുപടി നൽകിയില്ല. ഇപ്രകാരം കോമ്പൌണ്ട് വാളിൽ പുതിയ പ്രതലത്തിലേയ്ക്കുള്ള പെയിന്റിംഗും പഴയ പ്രതലത്തിലേയ്ക്കുള്ള പെയിന്റിംഗും ഒരേ സമയം ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റിലെ ഇനം 13.44.1 പ്രകാരം 75 മീറ്റർ നീളത്തിലും 1.050 മീറ്റർ വീതിയിലും അതായത് 78.75 Sqm ൽ 122.72/Sq (112.08 /Sqm+Tender Variation9.5% Above) നിരക്കിൽ പെയിന്റിംഗിനായി ചെലവഴിച്ച 9,664 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-47 ജി.എസ്.റ്റി. - ടി.ഡി.എസ് ഉറവിടത്തിൽ കുറവ് ചെയ്തില്ല

2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/വ്യാപാരിയിൽ നിന്നും 2% തുക ജി.എസ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രിൻസിപ്പാൾ, ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കായംകുളം നിർവഹണ ഉദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ സാധനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ള സ്ഥാപനത്തിന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ഫൈനൽ ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്.ടി-ടി.ഡി.എസ് കുറവ് ചെയ്യാതെയാണ് തുക കൈമാറിയിട്ടുള്ളത്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | സ്ഥാപനം / സ്ഥാപനത്തിന് ആകെ നൽകിയ തുക | ജി എസ് റ്റി ഒഴികെയുള്ള ബിൽ തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്.റ്റി(2%) |
|---|---|---|---|
| S0152/24 ഗവ: സ്കൂളുകളിൽ ഗ്യാസ് സ്റ്റൌ, പാത്രങ്ങൾ നൽകൽ | ഗോൾഡൺ ഫർണീച്ചർ ആൻഡ് അപ്ലയൻസസ്, ആറ്റിങ്ങൽ | 4,23,710 | 8474 |
| | ശെൽവി മെറ്റൽസ്, ആറ്റിങ്ങൽ | 1,69,490 | 3390 |
| S0 338/24 നഗരസഭാ ഹൈസ്കൂളിന് നാപ്കിൻ | ജീവ മെഡിക്കൽ സപ്ലൈസ്, കോട്ടയം | 2,56,200 | 5124 |

| | | | |
|---|---|---|---|
| വെന്റിങ് മെഷീൻ നൽകുന്നത് | | | |
| S0 154/24<br>സ്കൂളുകളിൽ സ്പോർട്ട്സ് കിറ്റ് നൽകൽ | NAAZ, പുളിമൂട് ജം, തിരുവനന്തപുരം | 2,69,055 | 5381 |
| S0 151/24<br>ഗവ: സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിക്കൽ | ഗോൾഡൺ ഫർണീച്ചർ ആൻഡ് അപ്ലയൻസസ്, ആറ്റിങ്ങൽ | 2,54,110 | 5082 |
| S0153/24<br>ഗവ: സ്കൂളുകളിൽ സി.സി ടീവി സ്ഥാപിക്കൽ | Antrycom സിസ്റ്റംസ് (പ്രൈ) ലിമിറ്റഡ് | 3,81,490 | 7630 |
| | ആകെ കുറവ് ചെയ്യേണ്ട തുക | | 35,081/- |

GST ഉറവിടത്തിൽ കുറവ് ചെയ്യാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.41/01.02.25) സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.റ്റി. - ടി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക അവരിൽ നിന്നും ഇടാക്കി അറിയിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി ജി.എസ്.ടി വകുപ്പിൽ ഒടുക്ക് വരുത്തിയ ചലാന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-48 ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടില്ല

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും, മറ്റുള്ളവരിൽ / സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. പ്രിൻസിപ്പാൾ, ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കായംകുളം നിർവ്വഹണോദ്യോഗസ്ഥനായി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതി നിർവഹണത്തിന് ഫൈനൽ ബിൽ തയ്യാറാക്കുന്ന വേളയിൽ സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് ചെയ്യാതെയാണ് തുക കൈമാറിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/നമ്പർ | ഫണ്ടിനം | കൈമാറിയ തുക | ഈടാക്കേണ്ടിയിരുന്ന നികുതി | കരാർ സ്ഥാപനം |
|---|---|---|---|---|---|
| 1 | ഗവ: സ്കൂളുകളിൽ സിസിടിവി സ്ഥാപിക്കൽ (S0153/24) | അടങ്കൽ: 4,50,000/- (മെയിൻറനൻസ് റോഡിതരം) ചെലവ്: 4,50,000/- | ₹4,50,000/- | ₹9,000/- | Antrycom സിസ്റ്റംസ് (പ്രൈ) ലിമിറ്റഡ് |
| 2 | ഗവ: സ്കൂളിലേക്ക് ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങൽ (S0565/24) | 1,50,000 (മെയിൻറനൻസ് റോഡിതരം) ചെലവ്: 1,50,000/- | 1,50,000/- | 3,000/- | Carpentrial Traders, ചേർത്തല |
| | **ആകെ** | | | ₹12,000/- | |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/01.02.25)ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി ഈടാക്കുന്നതാണെന്നറിയിച്ചു. സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കുവരുത്തി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-49 താലൂക്കാശുപത്രിയിലെ മരുന്നുകളുടെ ലഭ്യത – രേഖകൾ കൃത്യമല്ല

താലൂക്കാശുപത്രിയിൽ മരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിലേക്കായി 2023-24 ൽ മെഡിക്കൽ ഓഫീസർ ചുവടെ ചേർക്കുന്ന പദ്ധതികൾ നിർവ്വഹണം നടത്തിയിരുന്നു.

1.

| | |
|---|---|
| പ്രോജക്ട് നം. | S0024/24 |
| പേര് | താലൂക്കാശുപത്രിയിൽ മരുന്ന് വാങ്ങൽ |
| അടങ്കൽ | 20,00,000 (എം ജി നോൺ റോഡ്) |
| ചെലവ് | 20,00,000 |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി പ്രഫോർമ നം 4510/26.02.2024 പ്രകാരം 3,05,884 /- രൂപ കെഎം എസ് സി എൽ ൽ അടച്ചതിൽ 1,75,546 /-രൂപയുടെയും പ്രഫോർമ നം 5124/ 18.03.2024 പ്രകാരം 2,53,189 /- രൂപ കെഎം എസ് സി എൽ ൽ അടച്ചതിൽ 1,40,914 /- രൂപയുടെയും മരുന്നുകൾ ലഭിച്ചതായാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. ബാക്കി യഥാക്രമം 1,30,338 /- രൂപയുടെയും 1,12,275 - *രൂപയുടെയുമായി ആകെ* 2,42,613 /- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുള്ളതായി രേഖയില്ല.

2.

| | |
|---|---|
| പ്രോജക്ട് നം. | S0575/24 |
| | |

| | |
|---|---|
| പേര് | താലൂക്ക് ആശുപത്രിയിലേക്ക് ഡയാലിസിസ് മരുന്ന്, കെമിക്കൽസ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 10,00,000/-(എം ജി നോൺ റോഡ്) |
| ചെലവ് | 9,99,985/- |

സുലേഖ ചെലവു പത്രിക പ്രകാരം മേൽ പ്രോജക്ടിന്റെ ചെലവ് 9,99,985 /- രൂപയാണ്. *എന്നാൽ* TRN .230703000000011467 /15.03.2024 പ്രകാരം 1,96,815 /- രൂപ *കെഎം എസ് സി എൽ ൽ അടച്ചതിന്റെയും പ്രസ്തുത തുകയ്ക്കുള്ള മരുന്ന് ലഭിച്ചതിന്റെ യും വിവരം മാത്രമേ ഫയലിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ബാക്കി* 8,03,170 /- രൂപയുടെ ബില്ലോ അനുബന്ധ രേഖകളോ ലഭ്യമാക്കിയിട്ടില്ല .

മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/23-24/29.01.2025 ന് മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല .

മരുന്നിന്റെ ലഭ്യത കൃത്യമായി അറിയിക്കാത്തതിനാൽ ആയതിലേക്കുള്ള ക്രമ നം.1, ക്രമ നം.2, എന്നിവ പ്രകാരമുള്ള 10,45,783/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യതയുടെ വിവരം അറിയിക്കേണ്ടതാണ്.

**<u>1-50 പാലിയേറ്റീവ് കെയർ -മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല</u>**

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 ൽ പാലിയേറ്റീവ് കെയറിനായി രണ്ടു പദ്ധതികൾ നടപ്പാക്കിയിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | S0023/24 | S00491/24 |
|---|---|---|
| പേര് | പാലിയേറ്റീവ് കെയർ | പാലിയേറ്റീവ് പ്രവർത്തനങ്ങൾ |
| അടങ്കൽ | 480000(വികസന ഫണ്ട്) | 2400000(ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 420000 | 2125608 |

| | | |
|---|---|---|
| ബിൽ നം. | (I)BRN.23070347001200185853/12.06.23-84375/-<br><br>(Ii)BRN.23070347001200308119/12.07.23-55980/-<br><br>(Iii)BRN.23070347001200435545/07.08.23-73710/- | (I)C102327505839 /13.10.23 -36780/-<br><br>(Ii)C11232117611/09.11.23-88630/-<br><br>(Iii)C112321153961/09.11.23-70950/-<br><br>(Iv)C1223567251972519/12.12.23-96650/-<br><br>(V)C0122315679575/12.12.23-97120 /-<br><br>(Vi)C112324298081/13.11.23-404685/-<br><br>(Vii) C012445000846/24.01.2024-96320/-<br><br>(Vi) C022474074720/ 01.03.24-13000/-<br><br>(Viii)C022454403806/20.02.24-111180/-<br><br>(Ix)C022474165724/01.03.24-812777/-(KMSCL) |

| | | | |
|---|---|---|---|
| | | | (X)C032439637178/16.03.24-391230/-<br>(Ix) C032440637929/ 16.03.24-105680/-<br>(X)C032484241273/29.03.24-109750/-(KMSCL)<br>(Xi)C032486194752/30.03.24-107940/- |

1) പ്രോജക്ട് നം.23/24, പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും 4,20,000 /- രൂപ ചെലവഴിച്ചതായാണ് സുലേഖ ചെലവു പത്രികയിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ 2,14,065 /- രൂപയുടെ ചെലവു ബില്ലും ചെലവു രേഖകളും മാത്രമാണ് പ്രസ്തുത പ്രോജക്ടിന്റെതായി പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബാക്കി 2,05,935 /- രൂപയുടെ ബില്ലോ ചെലവു രേഖകളോ ലഭ്യമാക്കിയില്ല .

2) 16.05.2023 ലെ പി എം സി മീറ്റിംഗിൽ നിലവിലെ പാലിയേറ്റീവ് ടീമിനെ കൂടാതെ ഒരു പുതിയ ടീമിനെ കൂടി ആരംഭിക്കുന്നതിനും പുതുതായി ടീമിൽ എടുക്കുന്ന നഴ്സിനെ കൂടി പഴയ ടീമിനൊപ്പം വാർഡിൽ കൊണ്ടു പോകുന്നതിനും തീരുമാനിച്ചു. അപ്രകാരം നിലവിലെ പാലിയേറ്റീവ് നഴ്സായ ഷീബ കെ. യുടെ കൂടെ പുതുതായി തെരഞ്ഞെടുത്ത നബീസത്ത് എന്ന നഴ്സും കൂടി 17.05.23 മുതൽ ഹോം കെയറിന് പോയി തുടങ്ങി. ഇരുവരുടെയും ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ 17.05.23 മുതൽ 30.06.23 വരെ നടന്ന ഹോം കെയറിൽ ഇരുവരും ഒരേ രോഗികളെ പരിശോധിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. നബീസത്ത് എന്ന നഴ്സിനെ പരിശീലനത്തിനായാണ് ഏർപ്പെടുത്തിയതെങ്കിൽ ഒരേ രോഗികളെ പരിശോധിക്കുന്നതിന് ഇരുവർക്കും വേതനം നല്കുക വഴി വേതന വിതരണത്തിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്. ഇരട്ടിപ്പ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

3) പ്രോജക്ട് നം.23/24 എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 2023 ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പാലിയേറ്റീവ് നഴ്സിന്റെ ശമ്പളം, വാഹനവാടക എന്നിവയും ഏപ്രിൽ, മെയ്, ജൂൺമാസങ്ങളിലെ ഭക്ഷണ

ചെലവ് എന്നിവയാണ് നടത്തിയിട്ടുള്ളത്. നഴ്സിന്റെ ശമ്പളം 18,390/- രൂപയും വാഹന വാടക 19,200/-രൂപയുമാണ്. രേഖകൾ പരിശോധിച്ചതിൽ BRN.23070347001200308119/12.07.23- പ്രകാരം നല്കിയ 55,980/- രൂപയിൽ നബീസത്ത് എന്ന പാലിയേറ്റീവ് നഴ്സിന് ജൂൺ മാസത്തെ വേതനമായി 19,200/-രൂപയും വാഹന വാടക ഇനത്തിൽ അൽത്താഫ് ഷാ ജലാൽ എന്ന ഡ്രൈവർക്ക് 18,390/- രൂപയും അവരവരുടെ അക്കൌണ്ടിലേക്ക് നല്കിയതായി കാണുന്നു. എന്നാൽ ഇരുവരും അവർക്ക് അർഹമായ തുകയുടെ കൈപ്പറ്റ് രസീതാണ് ഹാജരാക്കിയിട്ടുള്ളത്. ആവശ്യമായ പരിശോധന കൂടാതെയാണ് ബാങ്ക് അക്കൌണ്ടിലേക്ക് തുക നിക്ഷേപിച്ചത് എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

4) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് പേയ്മെന്റ് അഡ്വാൻസ് നം.(C022474165724/01.03.24 പ്രകാരം പ്രഫോമ ഇൻവോയിസ് നം. 4195/17.02.2024 ന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പദ്ധതിയ്ക്കുള്ള മരുന്നിനും ഉപകരണങ്ങൾക്കുമായി 8,12,777/- രൂപ കെ.എം.എസ്.സി.എൽ.ൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതിന് അനുസൃതമായി മരുന്നും ഉപകരണങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല.

ഓഡിറ്റ് അന്വേഷണം നം. 29/ 23-24/31.01.24 മുഖേന മേൽ വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല.

ചെലവു രേഖകളുടെ അഭാവത്തിൽ ക്രമ നം.1 ലെ 2,05,935 /- രൂപയുടെയും ക്രമ നം.4 ലെ 8,12,777/- രൂപയുടെയുമായി ആകെ 10,18,712/-ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നു ലഭിയ്ക്കുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-51 അഡ്വാൻസ് തുക നല്കി ഒരു വർഷത്തോളമായിട്ടും എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ ലഭിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | S0495 |
| പേര് | 360 ഡിഗ്രി എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിക്കൽ |
| അടങ്കൽ | 2000000 |
| ചെലവ് | 109750 |
| പേയ്മെന്റ് അഡ്വൈസ് നം. | CO32484241273/29.03.24 |

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 360 ഡിഗ്രി എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ട് വഴി ചുവടെ ചേർക്കുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് പ്രഫോർമ നം.313/2023-24/20.03.2024 ന്റെ അടിസ്ഥാനത്തിൽ 1,09,750/- രൂപ കെ.എം.എസ്.സി.എൽ. ൽ നിക്ഷേപിച്ചിട്ടുണ്ട്.

| ഉപകരണം | എണ്ണം | തുക |
|---|---|---|
| Mini Spirometer | 1 | 16,596 |
| Mouth Piece | 1 | 722 |
| ECG Machine | 1 | 26,337 |
| Pulse Oxy Meter | 2 | 60,106 |
| Adult Re Usable SPO2 Probe | 2 | 5,989 |
| | | 1,09,750/- |

ആശുപത്രി സൂപ്രണ്ട് കെ.എം.എസ്.സി.എൽ. ന് നല്കിയ സി -3552/23.09.2024 നമ്പർ കത്തിൽ ഇൻവോയിസ് പ്രകാരമുള്ള ഉപകരണങ്ങൾ ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ഇവ ലഭ്യമായിട്ടില്ല.

ഉപകരണം ലഭ്യമാകുന്നതിലെ കാലതാമസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/23-24/29.01.2025 ന് 360 ഡിഗ്രി എൻ സി ഡി കെയർ പദ്ധതി നടത്തുന്നതിനായി മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിലേക്ക് 20 ലക്ഷം രൂപ അടങ്കൽ തുക അനുവദിച്ചു നല്കിയിരുന്നുവെന്നും ടി. തുകയിൽ 1,09,750/- രൂപ പദ്ധതിയ്ക്കായി ചെലവഴിക്കുകയും ബാക്കി തുക സർക്കാർ നിർദ്ദേശ പ്രകാരം തന്നെ എച്ച് എം സി ഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുകയും ചെയതിട്ടുണ്ടെന്ന് മറുപടി നല്കി .ബാക്കി തുക പദ്ധതിയ്ക്കായി ചെലവഴിക്കുന്നതനുസരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതായിരിക്കും എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

അഡ്വാൻസ് തുക നല്കി ഒരു വർഷത്തോളമായിട്ടും എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ അതിലേക്കായുള്ള 1,09,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

<u>നീക്കിയിരിപ്പ് തുകയുടെ നിരീക്ഷണം അനിവാര്യം</u>

പദ്ധതിയ്ക്കായി വകയിരുത്തിയതും പേയ്മെന്റ് അഡ്വൈസ് നം.CO32484241273/29.03.24 പ്രകാരം പിൻവലിച്ചതുമായ 20

ലക്ഷം രൂപയിൽ എൻ.സി.ഡി. കെയർ മെഡിക്കൽ ഉപകരണം വാങ്ങുന്നതിന്റെ വിനിയോഗ ശേഷം ബാക്കി വന്ന തുകയായ **18,90,250/-രൂപ** എച്ച്.എം.സി. ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി വ്യക്തമാക്കിയ സാഹചര്യത്തിൽ, ഈ തുകയുടെ വിനിയോഗം പ്രസ്തുത പദ്ധതിയ്ക്കായി മാത്രം ആയിരിക്കുമെന്ന് കർശനമായ നിരീക്ഷണവും ശ്രദ്ധയും മെഡിക്കൽ സൂപ്രണ്ടിന്റെയും ഭരണ സമിതിയുടെയും ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-52 തെരുവ് വിളക്ക് പരിപാലനം - രേഖകൾ കൃത്യമല്ല

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|
| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നം. | ചെലവ് വിവരം |
| തെരുവ് വിളക്ക് പരിപാലനം സോൺ I<br>പ്രോജക്ട് നം.345/24 | Rs.612714 |
| തെരുവ് വിളക്ക് പരിപാലനം സോൺ II<br>പ്രോജക്ട് നം.346/24 | Rs.616748 |
| തെരുവ് വിളക്ക് പരിപാലനം സോൺ III<br>പ്രോജക്ട് നം.342/24 | Rs.557708 |
| തെരുവ് വിളക്ക് പരിപാലനം സോൺ IV<br>പ്രോജക്ട് നം.343/24 | Rs.618889 |
| തെരുവ് വിളക്ക് പരിപാലനം സോൺ V<br>പ്രോജക്ട് നം.344/24 | Rs.551790 |

നഗരസഭയുടെ തെരുവ് വിളക്ക് പരിപാലനം 5 സോണുകളായി തിരിച്ച് ചെയ്തിട്ടുണ്ട്. 5 സോണുകളിലും തെരുവ് വിളക്കുകളുടെ പരിപാലനം നടത്തിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. 1,2,4 എന്നീ സോണുകളിലെ മെയിന്റനൻസ് നടത്തുന്നതിന് ഹരികുമാർ അക്ഷര ഇലക്ട്രിക്കൽസ് നം 3,5 എന്നീ സോണുകളിലെ പരിപാലനം നടത്തുന്നതിന് അനസ് S.,

ന്യൂടെക് അസ്സോസ്സിയേറ്റ്സിനമാണ് കരാർ നൽകിയത്. മെയിന്റനൻസുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) തെരുവ് വിളക്ക് പരിപാലനം നടത്തുന്നതിന് ടെന്റർ ക്ഷണിച്ചതിന്റെ പത്രപ്പരസ്യം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2) തെരുവ് വിളക്കുകളുടെ മെയിന്റനൻസുമായി ബന്ധപ്പെട്ട് കെ എസ് ഇ ബി അധികൃതർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) 2022-23 വർഷം നടപ്പാക്കിയ അറ്റകുറ്റപ്പണികളുടെ മെയിന്റനൻസ് ചാർജ്ജ് 2023-24 വർഷത്തെ ന്യൂ പ്രോജക്ടിൽ ഉൾപ്പെടുത്തിയാണ് നൽകിയത്.ഇക്കാരണത്താൽ തന്നെ അടങ്കലിനേക്കാൾ അധികം തുക ചെലവഴിക്കാനിടയായി.

4) സോണുകളിലെയും അടങ്കൽ തുക 5,00,000 രൂപയാണെന്നിരിക്കെ ഓരോ വാർഡിലേയ്ക്കും വ്യത്യസ്ത നിരക്കിലുള്ള ടെണ്ടറുകൾ അംഗീകരിച്ചതെങ്ങനെയെന്നും വ്യക്തമല്ല.

5) 5,00,000 രൂപയിലും അധികമുള്ള പ്രവൃത്തികൾക്ക് ഇ ടെണ്ടർ ക്ഷണിക്കണമെന്നിരിക്കെ ഇപ്രകാരം നടപടിക്രമങ്ങൾ പാലിക്കാതെ ടെണ്ടർ നടപടികൾ മാത്രമാണ് സ്വീകരിച്ചത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 55/3.2.2025) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ കൃത്യമാക്കുന്നതിനും അത് വഴി തെരുവ് വിളക്ക് പരിപാലനം സുതാര്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**<u>1-53 നടപടിക്രമങ്ങൾ പാലിയ്ക്കാതെ പദ്ധതി നടപ്പിലാക്കി</u>**

| | |
|---|---|
| പ്രോജക്ട് നമ്പർ | S0565/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ,<br>ഗവ: ഹയർ സെക്കണ്ടറി സ്കൂൾ, കായംകുളം |
| പ്രോജക്ട് | ഗവ: സ്കൂളിലേക്ക് ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 150000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 150000/- |

| | |
|---|---|
| | ബിആർഎൻ നമ്പർ-230703470014013943933/18-03-24 |

19.04.22 തീയതിയിലെ പദ്ധതി മാർഗ്ഗരേഖ (സ.ഉ(കൈ)നം.86/22/ ത.സ്വ.ഭ.വ.) ഖണ്ഡിക 3-5-1 ൽ പ്രോജക്ട് രൂപീകരണത്തിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.ഇത് കൂടാതെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ജില്ലാ ആസൂത്രണസമിതി രൂപീകരിച്ച ടെക്നിക്കൽ കമ്മറ്റിയുടെയോ, പൊതുമരാമത്ത് വൈദ്യുതി വിഭാഗത്തിന്റെയോ സഹായത്താൽ വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കി അതിന് അനുസൃതമായി ഡാറ്റ എൻട്രി നടത്തണമെന്ന് പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 3-8-1 ൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. മുഴുവൻ തുകയും ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ ചെലവഴിച്ച നടപ്പിലാക്കിയ, മേൽ സൂചിപ്പിച്ച പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ടി നിർദ്ദേശങ്ങളൊന്നും പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതായാണ് കാണുന്നത്. ഇത് കൂടാതെ പദ്ധതി മാർഗ്ഗരേഖ പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് ശേഷം പൊതുമരാമത്ത് വൈദ്യുതി വിഭാഗം എഞ്ചിനീയർ പരിശോധിച്ച് വാല്യുവേഷൻ നടത്തേണ്ടതാണ്, എന്നാൽ വാല്യുവേഷൻ/കംപ്ലീഷൻ സർട്ടിഫിക്കറ്റ് പദ്ധതി ഫയലുകളോടൊപ്പം ഹാജരാക്കിയിട്ടില്ല. 1,50,000/- രൂപയുടെ ഇലക്ട്രിക്കൽ ഉപകരണങ്ങൾ വാങ്ങിയതിന്റെ ഇൻവോയിസുകൾ മാത്രമേ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടുള്ളൂ. ടി ഉപകരണങ്ങൾ ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥാപിച്ചതിന്റെ രേഖകളൊന്നും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. വാങ്ങിയ ഇലക്ട്രിക്കൽ ഉപകരണങ്ങൾ സ്റ്റോക്കിൽ ചേർത്ത് സ്റ്റോക്ക് രജിസ്റ്ററും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. ഇത്തരത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹിച്ചത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (47/03.02.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുമരാമത്ത് വൈദ്യുതി വിഭാഗം എഞ്ചിനീയർ പരിശോധിച്ച് ലഭ്യമാക്കിയ വാല്യുവേഷൻ/കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കുന്നത് വരെ നടപടിക്രമങ്ങൾ പാലിയ്ക്കാതെയും സർക്കാർ മാനദണ്ഡങ്ങൾ പാലിയ്ക്കാതെയും നടപ്പാക്കിയ ടി പദ്ധതിയ്ക്ക് വേണ്ടി ചെലവഴിച്ച 1,50,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-54 അർഹരായ ഗുണഭോക്താക്കൾക്ക് ആശ്രയ ഫണ്ട് വിനിയോഗിച്ചു-ഓഡിറ്റ് ഇംപാക്ട്

ഫയൽ നം.KMC/UPA/DFK(III)2128

കായംകുളം നഗരസഭയുടെ 2022-23 വാർഷിക കണക്കുകൾ സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-37 ൽ ആശ്രയ പദ്ധതി നടത്തിപ്പ് - 60 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ ബാക്കിനിൽക്കുന്നു എന്ന് പരാമർശിച്ചിരുന്നു. പാസ്സ് ബുക്ക് പ്രകാരം (കാനറാ ബാങ്ക് -അക്കൌണ്ട് നമ്പർ :2320101072894) 31.03.2024 ൽ 56,75,026 /- രൂപ നിലനിന്നിരുന്നു.

അഗതി രഹിത കേരളം പദ്ധതിയിൽ 258 ഗുണഭോക്താക്കളാണുള്ളത്. ഭക്ഷണം വിതരണം മാത്രമായിരുന്നു ഗുണഭോക്താക്കൾക്കായി നഗരസഭ നടത്തി വന്നിരുന്നത്. ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് ആവശ്യമായ മറ്റു പദ്ധതികൾക്ക് തുക വിനിയോഗിക്കുവാൻ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.06.2024 ലെ 1-ാം നമ്പർ തീരുമാനമെടുത്ത് പ്രകാരം ഡി പി ആർ ൽ ഉൾപ്പെട്ട 17 ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 15 ലക്ഷം വിനിയോഗിച്ച് വീട് മെയിന്റനൻസ്, കിണർ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പാക്കി.

(ഓഡിറ്റ് അന്വേഷണം നം.51/23-24/03.02.25)

**1-55 ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്, റീക്കൺസിലിയേഷൻ പത്രിക, ബാങ്ക് ബുക്ക് എന്നിവ പൂർണ്ണമായി ഹാജരാക്കിയില്ല, വർഷാന്ത്യ ബാലൻസ് തുകകളിൽ അവ്യക്തത**

നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31.3.2024 വരെയുള്ള ഏതാനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 31.03.2024 ലെ ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ പത്രികകൾ എന്നിവ പൂർണ്ണമായും ഓഡിറ്റിന് ഹാജരാക്കിയില്ല. മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം(ചട്ടം 53)ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും പൊരുത്തപ്പെടുത്തി റീക്കൺസിലിയേഷൻ പത്രിക തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ തുകകളുടെ അടവ്, പിൻവലിക്കൽ എന്നിവയുടെ പരിശോധനയ്ക്കായി ബാങ്ക് ബുക്കും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പൊരുത്തപ്പെടുത്തൽ പത്രികകളും ലഭ്യമാക്കേണ്ടതാണ്. മുഴുവൻ ബാങ്ക് അക്കൗണ്ടുകളുടേയും സ്റ്റേറ്റ്മെന്റും റീക്കൺസിലിയേഷൻ പത്രികയും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (01/27.01.2025) ഏതാനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ മാത്രം ഹാജരാക്കുകയുണ്ടായി. റീക്കൺസിലിയേഷൻ പത്രികയുടെ അഭാവത്തിൽ ഹാജരാക്കിയ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം വർഷാന്ത്യ

ക്ലോസിംഗ് ബാലൻസും വാർഷിക ധനകാര്യ പത്രികയിലെ ക്ലോസിംഗ് ബാലൻസും (RP 40(B)) തമ്മിൽ യാതൊരു പൊരുത്തവുമില്ല.

സാമ്പത്തിക കണക്കുകളിലെ തെറ്റുകൾ തിരിച്ചറിയുന്നതിന് റീക്കൺസിലിയേഷൻ അനിവാര്യമായതിനാൽ സോഫ്റ്റ് വെയറിൽ ഓട്ടോ റീക്കൺസിലിയേഷൻ സൗകര്യം സജ്ജമാക്കുന്നതുവരെ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ മാന്വലായി ഓരോ മാസാവസാനവും വർഷാന്ത്യവും പാസ് ബുക്കുമായി പൊരുത്തപ്പെടുത്തൽ നടത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-56 ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിൽ KL29 Q -8563, KL29L-1189, KL29S-3076, KL29V 5560, KL29P-1737, KL29J-4794, KL29F-6699, KL29V-2559(JCB) എന്നീ വാഹനങ്ങളാണ് ഉള്ളത്.

എല്ലാ വാഹനങ്ങളുടെയും ലോഗ് ബുക്ക്, ഇന്ധന രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ 9/29.01.2025 മുഖേന ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ KL29 Q -8563 ,KL29L-1189, KL29S-3076, KL29F-6699 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്കുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

ഹാജരാക്കിയ ലോഗ് ബുക്കുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

I.) 05.05.1975-ലെ ജി ഒ (ആർ.റ്റി) നം.582/75/PW പ്രകാരം ഒരു വർഷത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

Ii.) KL29 F -6699- ഒഴികെ മറ്റു വാഹനങ്ങളുടെ പ്രതിമാസ ഇന്ധന ഉപഭോഗവും നീക്കിയിരിപ്പും കാണിക്കുന്ന സംക്ഷിപ്തം തയാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

Iii.) ഇന്ധന ചാർജ്ജ് അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ (ഫയൽ നം.TP2/PW2-2472/08 Vol II) പ്രകാരം മേൽപ്പറഞ്ഞ

വാഹനങ്ങൾക്കും ജനറേറ്ററുകൾക്കും ഇന്ധനം വാങ്ങുന്നതിനായി 2023-24 വർഷം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ലോഗ് ബുക്കിൽ ഇത് സംബന്ധിച്ച് കൃത്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലിക്കുന്നതിലെ വീഴ്ച സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 64/05.02.2025) ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ലോഗ് ബുക്കുകൾ സൂക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-57 ഫിസിയോതെറാപ്പി ഉപകരണങ്ങൾ അടിസ്ഥാന സൌകര്യമൊരുക്കാതെ വാങ്ങൽ നടത്തി

പ്രോജക്ട് നമ്പർ -S0543/24

പ്രോജക്ടിന്റെ പേര് - ആയുർവ്വേദ ആശുപത്രിയിൽ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ - 2,00,000/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്)

ചെലവ് -1,99,968/-(BRN No.23070347001101463892 /23.03.2024)

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനായി ട്രാവൻകൂർ റീഹാബ്സ് എന്ന സ്ഥാപനത്തിന് ഇൻസ്റ്റലേഷൻ ചാർജ്ജ് 3,000/- രൂപ ഉൾപ്പടെ ആകെ 19,9,968/- രൂപ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. 21.03.2024 ലെ ഇൻവോയ്സ് നം. A0094 പ്രകാരം ഈ ഉപകരണങ്ങൾ സ്റ്റോക്കിലും എടുത്തിട്ടുണ്ട്. എന്നാൽ 28.01.2025 ൽ ആയുർവ്വേദ ആശുപത്രിയിൽ നടത്തിയ ഭൌതിക പരിശോധനയിൽ പ്രസ്തുത ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ നടത്തുകയോ, ഫിസിയോതെറാപ്പിസ്ററിനെ നിയമിക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമായി. ഉപകരണങ്ങൾ ആശുപത്രിയിൽ ഡോക്ടർമാരുടെ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രിയിൽ നിലവിൽ പരിമിതമായ സൌകര്യങ്ങൾ മാത്രമാണുള്ളത്. കിടത്തിചികിത്സയുള്ള ആശുപത്രിയിൽ രോഗികളെ കിടത്തുന്നതിനോ ഡോക്ടർമാർക്ക് ഇരിക്കുന്നതിനോ മരുന്നുകൾ സൂക്ഷിക്കുന്നതിനോ വേണ്ടത്ര സൌകര്യങ്ങളില്ല.





ജെം-ൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമല്ലായിരുന്നതിനാൽ 17.02.2024-ന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുകയായ 1,99,968/- രൂപ ക്വാട്ട് ചെയ്ത ട്രാവൻകൂർ റീഹാബ്സ്- ന്റെ ടെണ്ടർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. വേണ്ടത്ര അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാതെ വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണവും, ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ചുള്ള വിവരങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/29.01.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിലെ താഴത്തെ നിലയിലെ സ്ഥലപരിമിതിയും ലിഫ്റ്റ് സൌകര്യം കെട്ടിടത്തിൽ ലഭ്യവുമല്ലാത്തതിനാലും, ഫിസിയോതെറാപ്പി ആവശ്യമായി വരുന്നത് പക്ഷാഘാതരോഗികൾക്കും, മറ്റ് രോഗങ്ങൾ മൂലം ചലനശേഷി കുറഞ്ഞവർക്കുമായതിനാലുമാണ് ഉപകരണങ്ങൾ മുകളിലത്തെ നിലയിലെ പരിമിതമായ സ്ഥലത്ത് സ്ഥാപിക്കാതിരുന്നത് എന്ന് അറിയിച്ചു. ഹാജരാക്കിയ വാറന്റി കാർഡ് പ്രകാരം ഇൻവോയ്സ് തീയതി (21.03.2024) മുതൽ 1 വർഷത്തേക്കാണ് വാറന്റി കാലാവധി.

വാറന്റി കാലാവധി പൂർത്തിയാകാറായിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 199968/- രൂപയിൽ ഇൻസ്റ്റലേഷനായി ചെലവഴിച്ച 3,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലാത്തതിനാൽ ബാക്കി 1,96,968/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫിസിയോതെറാപ്പി ഉപകരണങ്ങൾ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **1-58 ജീവനക്കാരുടെ എസ്.എൽ.ഐ. ഈടാക്കുന്നില്ല**

ജീവനക്കാരുടെ 2023-24 ലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ചുവടെ പേര് ചേർക്കുന്ന ജീവനക്കാരിൽ നിന്നും എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കിയിട്ടില്ല.

| ക്രമ നം. | ജീവനക്കാരുടെ പേര്/തസ്തിക | സ്കെയിൽ | അടിസ്ഥാന ശമ്പളം |
|---|---|---|---|
| 1 | ശ്രീമതി നിസ്സാമോൾ യു., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I | 37400-79000 | 46,700 |
| 2 | ശ്രീ.സന്ദീപ് എസ്.പി., ഓഫീസ് അറ്റൻഡന്റ് | 23000-50200 | 23,000 |

ശമ്പളത്തിന് അനുസൃതമായി എസ്.എൽ.ഐ പ്രീമിയം തുക ഈടാക്കാഞ്ഞതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.57/03.02.2025) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം ശ്രീമതി നിസ്സാമോൾ യു. 08.12.2022ന് കോതമംഗലം നഗരസഭയിൽ നിന്ന് കായംകുളം നഗരസഭയിൽ ജോയിൻ ചെയ്തതാണ്. (31.03.2028ൽ സേവനത്തിൽ നിന്നും വിരമിക്കും) എന്നാൽ എൽ.പി.സി-യിൽ എസ്.എൽ.ഐ വിഹിതം ഈടാക്കിയത് സംബന്ധിച്ച് രേഖപ്പെടുത്താതിരുന്നതിനാൽ അക്കൌണ്ട് വിവരങ്ങൾ ലഭ്യമല്ലായിരുന്നതിനാലാണ് വിഹിതം ഈടാക്കാഞ്ഞത് എന്നാണ് അറിയിച്ചിട്ടുള്ളത്. 27.07.2011 ൽ സർവ്വീസിൽ പ്രവേശിച്ച തൃപ്പൂണിതറ മുനിസിപ്പാലിറ്റിയിൽ എസ്.എൽ.ഐ വിഹിതം ഈടാക്കിയിട്ടുണ്ടോ എന്ന വിവരം രേഖാമൂലം അന്വേഷിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ശ്രീ.സന്ദീപ് എസ്.പി. 2024 ജനുവരി 10 ന് ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും, 2024 മെയ് 14 മുതൽ ശൂന്യവേതനാവധിയിലുമായിരുന്നു. 2025 ജനുവരി 20 ന് തിരികെ ജോലിയിൽ പ്രവേശിച്ച ടിയാളിന്റെ എസ്.എൽ.ഐ വിഹിതം ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പള സ്കെയിലിന് അനുസൃതമായി എസ്.എൽ.ഐ പ്രീമിയം ഈടാക്കേണ്ടതാണ്.

**<u>1-59 ഫണ്ട് ലഭ്യമായില്ല -ആധുനിക അറവുശാലാ നിർമ്മാണം അനന്തമായി നീളുന്നു</u>**

ഫയൽ നം.PW3-27359/17

കായംകുളം നഗരസഭയിൽ ആധുനിക അറവു ശാല നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതി പ്രകാരം പ്രോജക്ടുകൾ 2018 ജനുവരി 15 ന മുൻപ് സർക്കാരിലേക്ക് സമർപ്പിക്കണമെന്ന അറിയിപ്പിന്റെ അടിസ്ഥാനത്തിൽ നഗരസഭ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 16.01.2018 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ഡി പി ആർ തയ്യാറാക്കുന്നതിന് 07.02.2018 ൽ

താല്പര്യപത്രം ക്ഷണിച്ചു. നിലവിലെ അറവു ശാല നിൽക്കുന്ന സ്ഥലത്ത് പുതിയ സ്ലോട്ടർ ഹൌസ് നിർമ്മിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചത്.

15.03.2018 ൽ 3 താല്പര്യ പത്രങ്ങൾ ലഭിച്ചതിൽ പ്രോജക്ട് കോസ്റ്റിന്റെ (6,82,54,940 /-രൂപ) 1% കുറഞ്ഞ തുക രേഖപ്പെടുത്തിയ ഡോ.പി.വി.മോഹനൻ, Centre For Farming And Food Processing, Pallikkunnu, Kannur ന് ഡി പി ആർ തയ്യാറാക്കുന്നതിന് അനുമതി നല്കി.

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡി പി ആർ തയ്യാറാക്കിയതിന് 29.04.2021 ൽ സ്ഥാപനം 8,05,407/- രൂപയുടെ ബില്ല് സമർപ്പിച്ചു. 2020-21 ലെ പ്രോജക്ട് നം.464/21 പ്രകാരം 5 ലക്ഷം രൂപ അനുവദിക്കുന്നതിനും ബാക്കി 3,05,407/- രൂപ പുതിയ പ്രോജക്ട് പ്രകാരം അനുവദിക്കുന്നതിനും നഗരസഭ തീരുമാനിച്ചു. ഈ തുക സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.

2) ഡി പി ആർ പുതുക്കി സമർപ്പിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് സ്ഥാപനം പുതുക്കിയ ഡി പി ആർ സമർപ്പിക്കുകയും 2022-23 ലെ പ്രോജക്ട് നം. 166/23 പ്രകാരം 8,00,000/- രൂപ വകയിരുത്തിയതിൽ 17.10.2022 ൽ 7,24,866/- രൂപ സ്ഥാപനത്തിന് അനുവദിക്കുകയും ചെയ്തു. ഇപ്രകാരം ഒരേ പ്രവർത്തിയ്ക്ക് രണ്ടു പ്രാവശ്യം തുക അനുവദിച്ചിട്ടുണ്ടോ എന്നതിൽ വ്യക്തതയില്ല.

3) നിലവിൽ അറവു ശാല പ്രവർത്തിക്കുന്ന കെട്ടിടം അൺ ഫിറ്റ് ആണെന്ന് നഗരസഭാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തണമെന്ന് കിഫ്ബിയിൽ നിന്ന് നിർദ്ദേശം ലഭിച്ചിരുന്നു. എന്നാൽ അപ്രകാരമുള്ള നടപടികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സ്വീകരിച്ചിട്ടില്ല.

4) 14.08.2023 ലെ 19-ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ കൌൺസിൽ ഡി പി ആർ അംഗീകരിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിയ്ക്കുന്നതിനായി കൺസൽട്ടന്റിന് വൌച്ചർ നം.40/09/23 പ്രകാരം 2,75,000/- രൂപ അനുവദിയ്ക്കുകയും ചെയ്തു. അറവു ശാലാ നിർമ്മാണത്തിന്റെ സ്പെഷ്യൽ വെഹിക്കിളായി നിശ്ചയിക്കപ്പെട്ട IMPACT Kerala Limited -ൽ നിന്നും ഫണ്ട് ലഭിക്കുമ്പോൾ ഈ തുക റീ -ഇംബേഴ്സ് ചെയ്യാനുമാണ് മേൽ നമ്പർ തീരുമാനം. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പത്രം ലഭിച്ചിരുന്നോ എന്നും തുക റീ ഇംബേഴ്സ് ചെയ്തിട്ടുണ്ടോ എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

5) ഇംപാക്ട് കേരളയും കിഫ്ബിയുമായി 14.11.2023 ൽ നടത്തിയ ചർച്ചയിൽ, തിരിച്ചടവ് മാതൃകയിലുള്ള പദ്ധതികൾ മാത്രമാകും കിഫ്ബി ധനസഹായത്തോടെ ഇനി മേൽ നടപ്പിലാക്കുക എന്ന് തീരുമാനിച്ചതായി പ്രോജക്ട് ഡയറക്ടർ അറിയിച്ചതിനാലും (IMPACT Kerala Limited പ്രോജക്ട് ഡയറക്ടറുടെ 28.05.2023, 19.01.2024 IMPACT /149/2023-IT നമ്പർ കത്ത്) നിലവിൽ നഗരസഭയുടെ സാമ്പത്തിക സ്ഥിതി മോശമായതിനാലും ആധുനിക അറവു ശാല നിർമ്മിക്കുന്നതിന് വായ്പ എടുക്കുന്നതിന് നഗരസഭാ കൌൺസിൽ തീരുമാനിച്ചു (25.01.2024 ലെ 4-ാം നമ്പർ തീരുമാനം). എന്നാൽ ഓഡിറ്റ് കാലയളവിലും (02/2025) വായ്പ ലഭ്യമായിട്ടില്ല.

ആധുനിക അറവു ശാലാ നിർമ്മാണത്തിന് 2018 മുതൽ നടപടികൾ ആരംഭിച്ച് ഡി പി ആർ പുതുക്കി സമർപ്പിക്കുന്നതിന് 7,24,866/- രൂപയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ലഭിയ്ക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും 2,75,000/- രൂപയും ഉൾപ്പടെ ആകെ 9,99,866/-രൂപ ചെലവഴിച്ചെങ്കിലും ഇതുവരെ പദ്ധതി യാഥാർത്ഥ്യമായിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(നം.54/23-24/03.01.25) മറുപടി ലഭ്യമാക്കിയില്ല.

നിലവിലെ അറവു ശാല നിൽക്കുന്ന സ്ഥലത്ത് പ്രാകൃതമായ രീതിയിൽ തന്നെ അറവു മാടുകളെ വെട്ടി വിൽപ്പന നടത്തിവരുന്നു. ഇത് പാരിസ്ഥിതികവും ആരോഗ്യപരവുമായ നിരവധി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആധുനിക അറവുശാലയുടെ നിർമ്മാണം യാഥാർത്ഥ്യമാക്കുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നഗരസഭാ ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-60 സ്ട്രീറ്റ് ലൈൻ നീട്ടൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈൻ നീട്ടൽ.
പ്രോജക്ടിന്റെ നമ്പർ - S00167/24
നിർവ്വഹണ ഉദ്യോഗസ്ഥൻ - നഗരസഭാ സെക്രട്ടറി
ചെലവ് തുക - 5,72,559/- രൂപ (സി.എഫ്.സി ഗ്രാന്റ്)
ബൽ നം – C032484898767/29.3.24.

കെ.എസ്.ഇ.ബി. കൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 25.3.24-ലെ DB/Municipality/Street Light/ DW/ 2023-24/20 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ 24, 27, 28, 29, 30, 31, 32, 33, 34 എന്നീ വാർഡുകളിലെ സ്ട്രീറ്റ് ലൈൻ നീട്ടൽ പ്രവൃത്തികൾക്കായി തൻവർഷം 5,72,559/- രൂപ വൈദ്യുതി ബോർഡിൽ

നിക്ഷേപിച്ചിട്ടുണ്ട്. മേൽ പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ്, വൈദ്യുതി ബോർഡുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ, പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 21/30.1.25) നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. മേൽ രേഖകളുടെ അഭാവത്തിൽ 5,72,559/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-61 ചേരാവള്ളി യു.പി.എച്ച്.സിയ്ക്ക് രോഗനിർണ്ണയ സൗകര്യങ്ങൾ ഒരുക്കൽ -വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് – ചേരാവള്ളി യു.പി.എച്ച്.സിയ്ക്ക് മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങൽ
പ്രോജക്ട് നം – S00528/2024
നിർവ്വഹണം – നഗരസഭ സെക്രട്ടറി
ചെലവ് തുക – 1000000/- (ഹെൽത്ത് ഗ്രാന്റ് )
ബിൽ നം – C122344399621/28.12.23 – 5,00,000/-
ബിൽ നം – C32445854744/19.3.24 – 5,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിനായി മെഡിക്കൽ ഓഫീസർ, ചേരാവള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്ററിന്റെ അക്കൗണ്ടിലേയ്ക്ക് 10,00,000/- ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ടി തുകയുടെ വിനിയോഗവുമായി ബന്ധപ്പെട്ട ചെലവ് രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.53/4.2.2025) നൽകിയതിന് രേഖകൾ ഹാജരാക്കുവാൻ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. ചെലവ് രേഖകളുടേയും വിനിയോഗ സാക്ഷ്യപത്രത്തിന്റേയും അഭാവത്തിൽ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-62 എൻ എസ് ഡി പി മുഖേന ഭവന നിർമ്മാണം - ലോൺ ബാധ്യത തീർപ്പാക്കി - ഗുണഭോക്താക്കൾക്ക് ആശ്വാസകരമായ നടപടി

ഫയൽ നം.KMC/UPA/13304/KURDFC

കായംകുളം നഗരസഭ കുടുംബശ്രീ മുഖേന 1999-2000 കാലയളവിൽ ഭവന നിർമ്മാണത്തിനായി എൻ എസ് ഡി പി പദ്ധതി പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും 640 ഗുണഭോക്താക്കൾക്ക് 23,700/- വീതം ലോൺ നല്കിയിരുന്നു. ഒരു ഗുണഭോക്താവിന് 8,700 /-രൂപ നഗരസഭാ വിഹിതവും കെ യു ആർ ഡി എഫ് സി ലോൺ 15,000/- രൂപയും ചേർത്താണ് 23,700/- രൂപ അനുവദിച്ചത്.

143/- രൂപ വീതം ഗുണഭോക്താക്കൾ - 180 തവണയായി കുടുംബശ്രീയിൽ അടയ്ക്കേണ്ടതായിരുന്നുവെങ്കിലും അതിൽ വീഴ്ച വന്നതിനെ തുടർന്ന് 31.03.2023 ലെ കുടിശ്ശികയായ 1,27,64,346/- രൂപ തിരികെ അടയ്ക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു.

കെ.യു.ആർ.ഡി.എഫ്.സി.യ്ക്കുള്ള ലോൺ ബാധ്യത സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.50/23-24/03.02.25 ന് ഗുണഭോക്താക്കൾ തിരികെ അടച്ച തുകയിൽ 31,11,152/- രൂപ അക്കൌണ്ട് ട്രാൻസ്ഫർ മുഖേന കെ.യു.ആർ.ഡി.എഫ്.സി.ക്ക് നല്കുകയും (രസീത് നം.09.11.2023 ലെ 613/09.11.2023) പലിശ എഴുതി തള്ളുന്നതിന് തീരുമാനമാകുകയും ചെയ്തതായി മറുപടി ലഭ്യമാക്കി.

കുടിശ്ശിക ബാധ്യത എഴുതി തള്ളിയ കെ.യു.ആർ.ഡി.എഫ്.സി.യുടെ നടപടിക്ക് സർക്കാർ അംഗീകാരം നല്കുകയും രജിസ്റ്റർ പ്രകാരം 141 ഗുണഭോക്താക്കളുടെ ആധാരം തിരികെ നല്കിയിട്ടുമുണ്ട്. ഏതാനും ഗുണഭോക്താക്കൾ മരണപ്പെട്ടു പോയിട്ടുള്ളതിനാൽ അവരുടെ അനന്തരാവകാശികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ആധാരം തിരികെ നല്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. നിർദ്ധനരായ ഗുണഭോക്താക്കൾക്ക് ആശ്വാസകരമായ നടപടിയാണ് ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടായത്.

## 1-63 സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം പുനർ നിർണ്ണയിച്ചില്ല - പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കുടിശ്ശിക കോടികൾ

കേരള വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം നഗരസഭാ പരിധിയിൽ 712 പൊതു ടാപ്പുകളുടെ എണ്ണം കണക്കാക്കിയാണ് വെള്ളക്കരം പ്രതിമാസം ഡിമാന്റ് ചെയ്യുന്നത്. ഇപ്രകാരം ഓരോ മാസവും വാട്ടർ അതോറിറ്റി 12,95,781/- രൂപ ഡിമാന്റ് ചെയ്തുവരുന്നു. 31.03.2024 വരെയുള്ള ആകെ വെള്ളക്കരം കുടിശ്ശിക 12.56 കോടിയാണ്. 31.12.2024 ആയപ്പോൾ കുടിശ്ശിക 17.22 കോടിയായി ഉയർന്നിട്ടുണ്ട്. വെള്ളക്കരം കൃത്യമായി ഒടുക്കാത്തതിനാൽ പഴയ

ഇനത്തിൽത്തന്നെ 32.87 ലക്ഷം രൂപ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തിട്ടുണ്ട്. പൊതുടാപ്പുകളുടെ ഉപയോഗത്തിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നഗരസഭാ പരിധിയിൽ ജലജീവൻ മിഷൻ വഴി ധാരാളം ഗാർഹിക ടാപ്പുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആയതിനാൽ പൊതു ടാപ്പുകളുടെ ആവശ്യകത ഗണ്യമായി കുറഞ്ഞിട്ടുണ്ട്. എന്നാൽ പ്രവർത്തനക്ഷമമായ ടാപ്പുകൾ കണ്ടെത്താനായി കേരള വാട്ടർ അതോറിറ്റിയും കായംകുളം നഗരസഭയും ചേർന്ന് സംയുക്ത പരിശോധന നടത്തിയതായോ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിച്ചതായോ രേഖയില്ല. കൂടാതെ പ്രവർത്തനക്ഷമമല്ലാത്തതിനാൽ വിച്ഛേദിക്കേണ്ട ടാപ്പുകളുടെ എണ്ണം നിർണ്ണയിച്ചതായും രേഖയില്ല. വാട്ടർ അതോറിറ്റി നൽകുന്ന ബില്ലുകളിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണം കുറവ് ചെയ്തതിനു ശേഷമല്ല ബിൽ ഡിമാന്റ് ചെയ്തുവരുന്നത്. പൊതുടാപ്പുകളുടെ വെള്ളക്കരം (ബിൽ), അടവ് എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സ്ഥാപനത്തിൽ ലഭ്യമല്ല. മുൻ വർഷങ്ങളിൽ സർക്കാർ ഗ്രാന്റിൽ നിന്നും സോഴ്സ് ഡിഡക്ഷൻ വഴി വെള്ളക്കരം കുടിശ്ശിക ഉറവിടത്തിൽ കുറവ് ചെയ്തിരുന്നെങ്കിലും ഭീമമായ കുടിശ്ശിക വരാനുണ്ടായ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

വെള്ളക്കരത്തിന്റെ ബിൽ യഥാസമയം അടവാക്കാതെ ഭീമമായ കുടിശ്ശിക വരുത്തിയതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.46/03.02.2025) മറുപടി ഹാജരാക്കിയില്ല. സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമായ ടാപ്പുകൾക്കനുസൃതമായി വെള്ളക്കരം മുൻകാല പ്രാബല്യത്തോടെ പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക ക്രമീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. ബാധ്യത ക്രമീകരിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-64 ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് നഷ്ട പരിഹാരം ലഭിച്ചില്ല**

ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് പൊന്നും വിലയ്ക്കെടുക്കുന്ന 7 സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം നഗരസഭയ്ക്കാണെന്നും ആയതിന് നഷ്ട പരിഹാരത്തുക അനുവദിയ്ക്കണമെന്നും അറിയിച്ച് കൊണ്ട് നഗരസഭാ സെക്രട്ടറി എൽ.എ .എൻഎച്ച് 1 സ്പെഷ്യൽ തഹസീൽദാർക്ക് കത്ത് (13.12.2022 തീയതിയിലെ പി .ഡബ്ലി.യു 3-16003/21 നം കത്ത് ) നൽകിയിരുന്നു. ഇപ്രകാരം ചൂണ്ടിക്കാണിച്ച ഭൂമിയിൽ നഗരസഭയുടെ പേരിലുള്ളത് കായംകുളം വില്ലേജ് ബ്ലോക്ക്

നം.215ലുള്ള സർവ്വെ നമ്പർ 171/, .77 ആർസ് ഭൂമി, കായംകുളം വില്ലേജ് ബ്ലോക്ക് നമ്പർ 169 ലെ സർവ്വെ നമ്പർ85ലെ, 1.76 ആർസ് ഭൂമി, എന്നിവ മാത്രം നഗരസഭയുടെ പേരിലുള്ളതാണെന്നും കീരിക്കാട് വില്ലേജ് ബ്ലോക്ക് നമ്പർ 43, സർവ്വെ നമ്പർ 6 ലെ ആയുർവേദാശുപത്രി സ്ഥിതി ചെയ്യുന്ന കെട്ടിടം പുറമ്പോക്ക് ഭൂമിയിലുള്ളതാണെന്നും ഇവയുടെ അവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്നും അറിയിച്ച് എൽ. എ .എൻ.എച്ച് 1 സ്പെഷ്യൽ തഹസീൽദാർ നഗരസഭാസെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട് (മറ്റ് 4 സ്ഥലങ്ങളെ സംബന്ധിച്ച് പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടില്ല). ഇതിൻ പ്രകാരം പ്രസ്തുത ഭൂമികൾ നഗരസഭയുടേതാണെന്ന് തെളിയിക്കുന്ന രേഖകൾ സ്പെഷ്യൽ തഹസീൽദാർക്ക് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 58/3.2.2025) ലഭ്യമാക്കിയ മറുപടിയിൽ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഏറ്റെടുത്ത സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകളൊന്നും തന്നെ നഗരസഭയിൽ ലഭ്യമല്ല എന്നും സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കുന്നതിനായി വില്ലേജ് ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ് എന്നിവിടങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടി നൽകി. വസ്തു മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ളതാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കി നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്ന് നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-65 നഗരസഭാ സ്റ്റേഡിയം, ഗവ.ഐ.റ്റി.ഐ, ആധുനിക അറവ് ശാല എന്നിവയ്ക്കായി സ്ഥലമെടുപ്പ്- പൂർത്തിയായില്ല</u>

2013-14 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭാ സ്റ്റേഡിയത്തിന് സ്ഥലമെടുപ്പ്, ഗവ. ഐ റ്റി ഐയ്ക്ക് സ്ഥലമെടുപ്പ് ,ആധുനിക അറവ് ശാലയ്ക്ക് സ്ഥലമെടുപ്പ് എന്നിവയ്ക്കായി യഥാക്രമം 75 ലക്ഷം, 25 ലക്ഷം, 50 ലക്ഷം രൂപ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ജില്ലാകളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് ഫണ്ടിൽ നിക്ഷേപിച്ചിരുന്നു. 2014-15 വർഷത്തെ പ്രോജക്ട് നം. 69, 152, 160 ഇവ പ്രകാരം യഥാക്രമം 1.25 കോടി, 50 ലക്ഷം, 25 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിരുന്നു. എന്നാൽ പ്രദേശ വാസികളുടെ എതിർപ്പ് മൂലം സ്ഥലം ഏറ്റെടുക്കാൻ സാധിയ്ക്കാതെ വന്നതിനാൽ ഈ തുക കൂടി കളക്ടറുടെ വർക്ക് ഡെപ്പോസിറ്റ് അക്കൌണ്ടിൽ നിക്ഷേപിച്ചു.

ആധുനിക അറവ് ശാല സ്ഥലമെടുപ്പിനായി നിക്ഷേപിച്ച 51,24,383 രൂപയും നഗരസഭയിൽ ഗവ.ഐ.റ്റി.ഐ. സ്ഥലമെടുപ്പിനായി അനുവദിച്ച 75,00,000 രൂപ, സ്റ്റേഡിയം സ്ഥലമെടുപ്പിനായി അനുവദിച്ച 2 കോടി രൂപ ഉൾപ്പെടെ ആകെ 3,26,24,383 രൂപ സ്പെഷ്യൽ തഹസീൽദാരുടെ ഓഫീസിൽ അവശേഷിയ്ക്കുന്നതായി സ്പെഷ്യൽ തഹസീൽദാർ എൽ എ (ജനറൽ), ആലപ്പുഴ ജില്ലാകളക്ടർക്ക് അയച്ച കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ നിർമ്മാണ പ്രവൃത്തികൾക്കായി ഭൂമി

ഏറ്റെടുത്തതിന്റെയും കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/4.2.25)ലഭ്യമാക്കിയ മറുപടിയിൽ ഗവ.ഐ.റ്റി.ഐ. യുടെ നിർമ്മാണത്തിനായി സ്ഥലം ഉടമകൾ സ്ഥലം വിട്ട് നൽകുന്നതിന് സമ്മതമാണെന്ന് മുദ്രപ്പത്രത്തിൽ ഒപ്പിട്ട് സെക്രട്ടറിയ്ക്ക് നൽകിയിട്ടുണ്ടെന്നും ഐ.റ്റി.ഐ. യുടെ നിർമ്മാണത്തിനായി കളക്ടറുടെ വർക്ക് ഡെപ്പോസിറ്റിൽ നിക്ഷേപിച്ചിരുന്ന 75 ലക്ഷം രൂപ തിരികെ ലഭിയ്ക്കുന്നതിനായി കാനറാബാങ്കിൽ പുതിയ ബാങ്ക് അക്കൌണ്ട് തുടങ്ങിയതായും ട്രഷറി നിയന്ത്രണങ്ങൾ മൂലം 25 ലക്ഷം രൂപ സെക്രട്ടറിയ്ക്ക് അനുവദിച്ചതായും അറിയിച്ചു. മേൽ കെട്ടിടങ്ങൾക്കായുള്ള സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-66 എം സി എഫ് നിർമ്മാണം -ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവർത്തികൾ നടപ്പാക്കുന്നതിൽ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം. | So.330/24 |
| പേര് | നഗരസഭാ പരിധിയിൽ എയ്റോബിക്ക് ബിൻ, എം സി എഫ് നിർമ്മാണം |
| ഫയൽ നം. | PW1-12810/23 |
| അടങ്കൽ | 1614200(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>2255000(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>4030800(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>7900000 |
| ചെലവ് | 680906(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>1833535(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>2126875(സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>4641316 |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2022-23 ൽ രൂപീകരിച്ചതും(നം. 529/23) 2023-24 സ്പിൽ ഓവറായി നടപ്പാക്കിയതുമായ പദ്ധതിയാണ് നഗരസഭാ പരിധിയിൽ എയ്റോബിക്ക് ബിൻ, എം സി എഫ് നിർമ്മാണം എന്ന പ്രോജക്റ്റ് 79,00,000/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രോജക്റ്റിന് ടെൻഡർ ക്ഷണിച്ചതിൽ ശ്രീ.അഷ്റഫ് ഇം.എം. എന്ന കരാറുകാരന്റെ കുറഞ്ഞ തുകയായ 59,89,606.26 /- രൂപയുടെ ടെൻഡർ 13.06.23 ലെ 2-ാം നമ്പർ കൌൺസിൽ തീരുമാന പ്രകാരം അംഗീകരിച്ചു. എയ്റോബിക്ക് ബിന്നുകളുടെ നിർമ്മാണം 2024-25 കാലയളവിൽ പൂർത്തീകരിച്ചു.

എന്നാൽ എം.സി.എഫ്.ന്റെ കെട്ടിട നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ എന്ന് അവിടെ 30.01.2025 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ വ്യക്തമായി. ഇലക്ട്രിക്കൽ, മെക്കാനിക്കൽ പ്രവർത്തികൾ നടത്തിയിട്ടില്ല. നിർമ്മാണ പ്രവർത്തിയിലെ കാലതാമസത്തിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.36 / 23-24/31.01.25 ന് ഇനി എം സി എഫ് ന്റെ ഇലക്ട്രിക്കൽ വർക്കുകളാണ് പൂർത്തീകരിക്കാനുള്ളതെന്നും, ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെക്ക്നിക്കൽ സാങ്ഷൻ നല്കുന്നത് ജില്ലാ പഞ്ചായത്തിലെ ഇലക്ട്രിക്കൽ വിംഗാണെന്നും ആയത് നടപ്പാക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായും, അവിടെ നിന്നുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നതേ ഉള്ളൂ എന്നും മറുപടി ലഭ്യമാക്കി.

വൈദ്യുതീകരണത്തിന്റെ അഭാവത്തിൽ മെക്കാനിക്കൽ പ്രവർത്തികൾ നടപ്പാക്കുന്നതിലും വളരെ അധികം കാലതാമസം നേരിടുന്നുണ്ട്. നഗരസഭാ ഡമ്പിംഗ് യാർഡിൽ പ്രവർത്തിക്കുന്ന എം സി എഫ് സ്ഥലപരിമിതിയാൽ വളരെ അധികം ശോചനീയമായ അവസ്ഥയിലാണെന്ന് നേരിൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിരുന്നു. പുതിയ എം സി എഫ് ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

## 1-67 അമൃത് പദ്ധതി -പ്രവർത്തന പുരോഗതിയില്ല

കേരളത്തിലെ 93 നഗരസഭകളിലെയും എല്ലാ വീടുകളിലും സമ്പൂർണ്ണമായി കുടിവെള്ളം (Drink From Tap Water) എത്തിക്കുന്നതിനാണ് അമൃത് 2.0 പദ്ധതി ലക്ഷ്യമിടുന്നത്.

അമൃത് 2.0 പദ്ധതി പ്രകാരം കായംകുളം നഗരസഭയിലെ ജലക്ഷാമം അനുഭവിക്കുന്നവരുടെ എണ്ണം ലഘൂകരിയ്ക്കുന്നതിനും, ഗാർഹിക കണക്ഷൻ നല്കുകയും, ജലശുദ്ധീകരണം, പാർക്ക് നിർമ്മാണം തുടങ്ങിയ മേഖലകളിൽ പദ്ധതികൾ

നിർവ്വഹിക്കുന്നതിനുമായി നഗരസഭാ കൌൺസിൽ 02.03.2022 ൽ 9-ാം നമ്പരായി തീരുമാനമെടുത്തു. ഇതോടൊപ്പം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, തോടുകൾ, കായൽ എന്നിവയുടെ പുനരുദ്ധാരണം നടത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിനും അമൃത് മിഷനിൽ നിന്നും നിർദ്ദേശം ലഭിച്ചിരുന്നു. 27 .06.2022 ലെ 19/19 നമ്പർ തീരുമാന പ്രകാരം പൊതു കുളങ്ങളുടെ നവീകരണത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചു .

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

1) കുളങ്ങളുടെ നവീകരണം

അമൃത് സ്റ്റേറ്റ് മിഷൻ ഡയറകടറുടെ 06.01.2023 ലെ SMMU/96/2022-UPI നമ്പർ കത്ത് പ്രകാരം കായംകുളം നഗരസഭയ്ക്ക് 19.697 കോടി രൂപ അനുവദിച്ചതായും ടി തുകയിൽ 4% ജല സ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനും 1% ജലസ്രോതസ്സുകളുടെ സമീപം പാർക്ക് നിർമ്മിക്കുന്നതിനും വിനിയോഗിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു. ഇതിൻ പ്രകാരം കായംകുളം നഗരസഭാ പരിധിയിലുള്ള നാലു കുളങ്ങളുടെ നവീകരണം നടത്തുവാൻ ഡി പി ആർ തയ്യാറാക്കി PW3-11819/2021/10.07.2023 നമ്പർ കത്ത് പ്രകാരം അമൃത് സ്റ്റേറ്റ് മിഷൻ ഡയറക്ടർക്ക് അയച്ചു നല്കിയിരുന്നു. വിശദാംശം പട്ടികയിൽ.

| കുളത്തിന്റെ പേര് | വാർഡ് | എസ്റ്റിമേറ്റ് തുക |
|---|---|---|
| ഇടയോടിക്കാവ് അമ്പലക്കുളം | 19 | 21,60,000 |
| ഒതനാകുളം | 1 | 3,70,000 |
| പുന്നക്കുളം | 32 | 31,00,000 |
| ഇരട്ടക്കുളം | 35 | 9,50,000 |

ഫയൽ പരിശോധിച്ചതിൽ കുളങ്ങളുടെ പുനരുദ്ധാരണത്തിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചതായി കാണുന്നില്ല .

2) കുടിവെള്ള വിതരണം

അമൃത് 2.0 പദ്ധതി പ്രകാരമുള്ള കുടിവെള്ള വിതരണ ചുമതല കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ ആലപ്പുഴയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. GO(RT)No.2906/2012/LSGD/24.11.2022 പ്രകാരം കായംകുളം മുനിസിപ്പാലിറ്റിക്ക് സ്റ്റേറ്റ് വാട്ടർ ആക്ഷൻ പ്ലാൻ (SWAP-1) പ്രകാരം 19.897 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായി .

ഇതിൽ 19 ലക്ഷം രൂപ മെയിന്റനൻസ് തുകയും ബാക്കി 19.697 കോടി രൂപയാണ് പ്രോജക്ട് കോസ്റ്റ്. ഈ തുകയുടെ 12.5% തുകയായ 2,46,21,250/- രൂപ വിവിധ വർഷങ്ങളായി എൽ എസ് ജി ഡി വിഹിതമായി അടയ്ക്കേണ്ടതാണ്. 28-3-23 ലെ SMMU/18/2023/MFE നം കത്ത് പ്രകാരം അമൃത് മിഷൻ ഡയറക്ടറുടെ പേരിൽ ഉള്ള അക്കൗണ്ടിലേക്ക് ULB ഷെയർ നിക്ഷേപിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ട് പ്രകാരം 31,00,000 /- രൂപ ടൈഡ് ഫണ്ടിൽ നിന്നും അമൃത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

കുടിവെള്ള വിതരണത്തിനായി നിർവ്വഹിക്കാനുദ്ദേശിച്ച പ്രവർത്തികൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തി | അടങ്കൽ തുക |
|---|---|
| വിതരണ സംവിധാനത്തിന്റെ സർവ്വേ ജോലികൾ | 4,99,910/- |
| 12 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നത തല ജലസംഭരണി -കായംകുളം പി എച്ച് സെക്ഷൻ കോമ്പൌണ്ടിൽ | 5,23,30,660/- |
| പഴയതും കാലഹരണപ്പെട്ടതുമായ എ സി പൈപ്പ് ലൈനുകൾ പി വി സി പൈപ്പ് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കുന്നത് | 2,33,42,753/- |
| ഓരോ വാർഡിലും 100 പുതിയ വാട്ടർ കണക്ഷൻ എന്ന അനുപാതത്തിൽ മൊത്തം 44 വാർഡുകളിലേക്കുമായി 4400 പുതിയ വാട്ടർ കണക്ഷൻ | 5,82,10,472 /- |
| 300mm DI പമ്പിംഗ് മെയിൻ -പുതിയ ജലസംഭരണിയിലേക്കുള്ളത് | 1,66,28,262 /- |
| പൈപ്പുകൾ സ്ഥാപിക്കുവാനായി കുഴിച്ച LSGD റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തി | 43,43,778/- |
| പൈപ്പുകൾ സ്ഥാപിക്കുവാനായി കുഴിച്ച PWD റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തി | 51,47,846 /- |

| | |
|---|---|
| 12 MLD ജല ശുദ്ധീകരണ ശാലയുടെ അടിയന്തിര അറ്റകുറ്റ പ്രവർത്തികളും പമ്പ് സെറ്റ് മാറലും അനുബന്ധ അടിയന്തിര ഇലക്ട്രിക്കൽ പ്രവർത്തികളും | 56,99,265/- |
| PWD ക്ക് നല്കേണ്ട സൂപ്പർ വിഷൻ ചാർജ്ജ് | 7,20,698 /- |
| GST ചാർജ്ജ് ( 18% ) | 3,00,46,256/- |
| ആകെ | 19,69,69,900/- |

മേൽ പ്രവർത്തികളിൽ 12 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നത തല ജലസംഭരണി -കായംകുളം പി എച്ച് സെക്ഷൻ കോമ്പൌണ്ടിൽ എന്ന പ്രവർത്തിയുടെ മണ്ണ് പരിശോധന, വാട്ടർ അതോറിറ്റി മുഖേനയുള്ള ടെൻഡർ നടപടികൾ എന്നിവ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന ഓഡിറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1) കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിച്ചിട്ടില്ലാത്ത പക്ഷം ആയത് ലഭ്യമാകുന്നതിനും പ്രവർത്തി പൂർത്തീകരിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പദ്ധതിയുടെ ഭാഗമായ പാർക്ക് നിർമ്മാണം അനിവാര്യവും തുടർ സംരക്ഷണം ഉറപ്പുവരുത്താവുന്നതും ആണെങ്കിൽ മാത്രം നടപ്പാക്കാവുന്നതാണ്.

3) കായൽ ശുദ്ധീകരണം അനുവദനീയമായ പ്രവർത്തനമായതിനാൽ കായംകുളം നഗരസഭാ പരിധിയിലുള്ള കായൽ പ്രദേശങ്ങൾ ശുദ്ധീകരിക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

4) കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കുക, ഹൈവേ നിർമ്മാണം നടക്കുന്ന മേഖലകളിലുമുള്ള പൈപ്പ് ലൈൻ ക്രമീകരിക്കുക, ആവശ്യമായ എല്ലാ മേഖലകളിലും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക എന്നീ പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടില്ലാത്തതിനാൽ ആയതിലേക്കുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

## 1-68 ഡമ്പിംഗ് ഗ്രൌണ്ട് മാലിന്യം നീക്കം- രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

കായംകുളം നഗരസഭ വക ഡമ്പിംഗ് ഗ്രൌണ്ടിലെ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ ശ്രീ.രവീന്ദ്രൻ, വിപിൻ വിഹാർ എന്ന വ്യക്തിയുടെ കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ച് പ്രവൃത്തി ഏല്പിച്ചിരുന്നു. അംഗീകരിച്ച ക്വട്ടേഷൻ പ്രകാരം ഹിറ്റാച്ചി ഒരു മണിക്കൂർ പ്രവർത്തിപ്പിയ്ക്കുന്നതിന് 1900/- രൂപയും ഒരു ദിവസത്തെ ബാറ്റ ഇനത്തിൽ 2000/- രൂപയുമാണ് നൽകേണ്ടത്. 140 സൈസ് ഹിറ്റാച്ചി പ്രവർത്തിപ്പിച്ച് മാലിന്യം നീക്കം ചെയ്ത വകയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 13.03.2023ലെ 13ാം നമ്പർ തീരുമാനപ്രകാരം ശ്രീ.രവീന്ദ്രൻ, വിപിൻ വിഹാർ എന്ന വ്യക്തിക്ക് 253710/- രൂപ (18.04.2023ൽ, ചെക്ക് നം.2142987) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.മാലിന്യം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

I) ഡമ്പിംഗ് ഗ്രൌണ്ടിൽ മാലിന്യം ഒരു ഭാഗത്തേക്ക് നീക്കം ചെയ്യുന്നതിന് 121.5 മണിക്കൂർ പ്രവർത്തിച്ച വകയിൽ ബിൽ തുകയായ 2,53,710/- രൂപ അനുവദിക്കാവുന്നതാണ് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഹിറ്റാച്ചി എത്ര മണിക്കൂർ പ്രവർത്തിപ്പിച്ചു എന്നത് സാധൂകരിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

നഗരസഭ ഡമ്പിംഗ് ഗ്രൌണ്ടിൽ മാലിന്യം ഒരു ഭാഗത്തേക്ക് നീക്കം ചെയ്യുന്നതിന് 140 സൈസ് ഹിറ്റാച്ചി 10 ദിവസത്തേക്ക് വാടകയ്ക്ക് എടുക്കുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. ഹിറ്റാച്ചി 1 മണിക്കൂർ പ്രവർത്തിപ്പിക്കുന്നതിന് 1,900/- രൂപയും, 2,000/- രൂപ ബാറ്റയുമാണ് കരാറുകാരൻ ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഓരോ ദിവസവും ഹിറ്റാച്ചി എത്ര മണിക്കൂർ പ്രവർത്തിപ്പിച്ചു എന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. പകരം ഹിറ്റാച്ചി ഓരോ ദിവസവും ഓടിയ ദൂരം രേഖപ്പെടുത്തിയ സ്ലിപ്പുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്.

ഹിറ്റാച്ചി എത്ര മണിക്കൂർ പ്രവർത്തിപ്പിച്ചു എന്നതുമായി ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 2,53,710/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

II) <u>ആദായനികുതി ഈടാക്കിയില്ല</u>

1961 ലെ ആദായനികുതി നിയമം സെക്ഷൻ 194 (സി) പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ₹1,00,000/- രൂപയ്ക്ക് മുകളിലോ ഒറ്റത്തവണ ₹30,000 രൂപയ്ക്ക് മുകളിലോ പ്രതിഫലം നൽകുന്ന പ്രവൃത്തികളിൽ വ്യക്തികളിൽ നിന്നും 1% നിരക്കിലും സ്ഥാപനങ്ങളിൽ നിന്നും 2% നിരക്കിലും സ്രോതസ്സിൽ ആദായനികുതി ഈടാക്കേണ്ടതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തിക്ക് സ്രോതസ്സിൽ നിന്നും 2537/- രൂപ ആദായനികുതി ഇനത്തിൽ കുറവ് ചെയ്തതായി കാണുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.62/04/02/2025) ക്ക് മറുപടി ലഭ്യമാക്കിയില്ല. ഈടാക്കാനവശേഷിക്കുന്ന ആദായനികുതി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി അറിയിക്കേണ്ടതാണ്.

**1-69 ഗവ. ഗേൾസ് എച്ച് എസ് എസ് -കായംകുളം സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് തുക അനുവദിച്ചു- നാളിതുവരെ നിർമ്മാണം ആരംഭിച്ചില്ല**

കിഫ്ബി ഫണ്ടുപയോഗിച്ച് നഗരസഭയുടെ നിയന്ത്രണത്തിലുള്ള ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ Y-Shakh Consultancy Service ന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. എസ്റ്റിമേറ്റ് കോസ്റ്റിന്റെ 1.25% തുകയാണ് സ്ഥാപനം ആവശ്യപ്പെട്ടിരുന്നത്. ഇതിൻ പ്രകാരം എസ്റ്റിമേറ്റ് തുക 4150000/- രൂപയുടെ 1.25% തുകയായ 51875/- രൂപയും അതിന്റെ 18% ജി എസ് ടി തുകയായ 9335/-രൂപയും ഉൾപ്പെടെ 61210/- രൂപ തനത് ഫണ്ടിൽ നിന്ന് സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതിന്റെ യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നം.33/31.1.25) നൽകിയിതിന് മറുപടിയിൽ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭിച്ചിട്ടില്ലായെന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് സ്ട്രക്ചറൽ ഡിസൈൻ പ്രകാരമുള്ള കെട്ടിടം നിർമ്മിക്കുന്നതാണെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ ഗേൾസ് സ്കൂൾ കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈനിംഗിനായി ചെലവഴിച്ച 61210/- രൂപ (Rs.51875- ചെക്ക് നം.2137788/26.12.22, Rs.9335/- Cheque No. 2142878/24.7.23) യിൽ ഓഡിറ്റ് വർഷം ചെലവഴിച്ച 9,335/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-70 പി.എം.എ.വൈ ഭവന പദ്ധതി - ആദ്യഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമാണം ആരംഭിച്ചില്ല**

നഗരസഭ നടപ്പാക്കുന്ന പി.എം.എ.വൈ ഭവന പദ്ധതിയുടെ ആനുകൂല്യ വിതരണ രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ മുൻകാലങ്ങളിൽ ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, വാർഡ് നം. | ഡി.പി.ആർ നമ്പർ | കൈപ്പറ്റിയ തുക | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 01 | ശ്രീലത, ആനയടികിഴക്കതിൽ, വാർഡ് 22 | 01 | 40,000 | 25.2.2019 |
| 02 | ശശിധരൻ ജി, ഇഞ്ചിക്കൽ, വാർഡ്-36 | 03 | 40,000 | 28.11.2018 |
| 03 | പവന, പാലത്തിന്റെ വടക്കതിൽ, വാർഡ്-30 | 04 | 40,000 | 31.05.2019 |
| 04 | പ്രസന്ന, മഠത്തിൽ വടക്കതിൽ വാർഡ്- 18 | 04 | 40,000 | 27.04.2019 |
| 05 | റഹ്മത്, കനക്കിഴക്കതിൽ, വാർഡ്- 05 | 04 | 40,000 | 31.05.2019 |
| 06 | അജിത എസ്, ഐക്കര പടീറ്റതിൽ, വാർഡ് – 18 | 05 | 40,000 | 20.01.2022 |
| 07 | അമ്പിളി, വിളുത്തറ കിഴക്കതിൽ, വാർഡ് – 19 | 05 | 40,000 | 29.12.2021 |
| 08 | നസീറ, മൂത്തേരിൽ കിഴക്കതിൽ, വാർഡ് – 24 | 05 | 40,000 | 01.01.2022 |
| 09 | പ്രസന്ന, വലിയതറ കിഴക്കതിൽ, വാർഡ് – 23 | 05 | 40,000 | 01.01.2022 |

| | | | | |
|---|---|---|---|---|
| 10 | രാധാമണി, കൊട്ടേപടീറ്റതിൽ, വാർഡ് – 06 | 05 | 40,000 | 29.04.2022 |
| 11 | സരോജം, കളത്തിൽ പടീറ്റതിൽ, വാർഡ് – 16 | 06 | 40,000 | 16.12.2022 |
| 12 | ലക്ഷ്മിക്കുട്ടി, കോയിൽപറമ്പിൽ, വാർഡ് – 14 | 6 | 40,000 | 14.02.2023 |
| 13 | രതീഷ് രവി, കുറ്റിത്തറയിൽ, വാർഡ് – 17 | 6 | 40,000 | 21.06.2023 |

മേൽ പരാമർശിച്ച ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം നടത്താൻ തയ്യാറാകാത്ത പക്ഷം അവർ കൈപ്പറ്റിയ തുക പലിശ സഹിതം ഈടാക്കേണ്ടതുമാണ്.

## 1-71 മുനിസിപ്പൽ പെൻഷൻ ഫണ്ട് വിതരണത്തിലെ ന്യൂനതകൾ

കായംകുളം നഗരസഭയിൽ പെൻഷൻ ഫണ്ടിൽ നിന്നും റഗുലർ/കണ്ടിജന്റ്/ഫാമിലി പെൻഷൻ ഇനങ്ങളിൽ പെൻഷൻ വിതരണം സംബന്ധിച്ച രജിസ്റ്ററുകളും, ഫയലുകളും പരിശോധിച്ചതിൽ 61 റഗുലർ പെൻഷൻകാരും (17 ഫാമിലി പെൻഷൻകാർ ഉൾപ്പെടെ) 48 കണ്ടിജന്റ് പെൻഷൻകാരും (11 ഫാമിലി പെൻഷൻകാർ ഉൾപ്പടെ) നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നതായി വ്യക്തമായി .

രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ പെൻഷൻ വിതരണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) <u>പെൻഷൻകാരുടെ കൃത്യമായ ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല</u>

കായംകുളം നഗരസഭയിൽ നിന്നും റഗുലർ/കണ്ടിജന്റ് ഇനത്തിൽ പെൻഷൻ കൈപ്പറ്റുന്ന ജീവനക്കാരുടെ പേര് മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്, പി.പി.ഒ നമ്പർ, വിലാസം, വിരമിച്ച തസ്തിക, വാങ്ങുന്ന പെൻഷൻ, നോമിനി, ലൈഫ്

സർട്ടിഫിക്കറ്റ് ഹാജരാക്കിയ തീയതി, ബാങ്ക് അക്കൌണ്ട് നമ്പർ, ബ്രാഞ്ച് എന്നീ വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.1/23-24/6.3.25) നഗരസഭയിൽ പെൻഷൻ കൈപ്പറ്റുന്ന റഗുലർ/കണ്ടിജന്റ് വിഭാഗം പെൻഷൻകാരുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാതിരുന്നതും ഇന്റേണൽ വിജിലൻസ് ഓഫീസറുടെ നിർദ്ദേശ പ്രകാരം ഈ സാമ്പത്തിക വർഷം ഓഫീസിൽ ലഭ്യമായ ഫയലുകൾ വെച്ച് പെൻഷൻകാരുടെ വിവരങ്ങൾ ഫയലിൽ രേഖപ്പെടുത്തുകയാണ് ചെയ്തത് എന്ന് മറുപടി നൽകി. പെൻഷൻ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കേണ്ടതാണ്.

2) <u>ലൈഫ് സർട്ടിഫിക്കറ്റ് ഇല്ലാതെ പെൻഷൻ അനുവദിക്കുന്നു</u>

2023-24 വർഷം 48 കണ്ടിജന്റ് പെൻഷണർമാരിൽ 24 പേർ മാത്രമാണ് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കുന്നില്ല. കണ്ടിജന്റ് ഇനത്തിൽ പെൻഷൻ കൈപ്പറ്റുന്ന ജീവനക്കാരിൽ ഏതാനും പേരുടെ ലൈഫ് സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്, മറ്റുള്ളവർ രജിസ്റ്ററിൽ അവരുടെ പേര് ഉൾപ്പെടുന്ന പേജിൽ ഒപ്പ്/വിരലടയാളം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

നിലവിലും (05.03.2025 വരെ) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത കണ്ടിജന്റ് പെൻഷണർമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷണർ/ ഫാമിലി പെൻഷണർ | റിമാർക്ക്സ് |
|---|---|---|---|
| 1. | വിജയമ്മ എം. | പെൻഷണർ | |
| 2. | എം.നിർമ്മല | ഫാമിലി പെൻഷണർ | |
| 3. | തങ്കമ്മ റ്റി. | പെൻഷണർ | |
| 4. | പി.മണി | പെൻഷണർ | |
| 5. | കെ.ദേവയാനി | പെൻഷണർ | |

| | | | |
|---|---|---|---|
| 6. | അംബുജാക്ഷി | പെൻഷണർ | |
| 7. | കെ.പൊന്നമ്മ | പെൻഷണർ | |
| 8. | വി.കെ.ജലാലുദ്ദീൻകുട്ടി | പെൻഷണർ | |
| 9. | ക.ഒ.ബേബി | പെൻഷണർ | |
| 10. | വി.ജനാർദ്ദനൻ | പെൻഷണർ | |
| 11. | എ.തങ്കപ്പൻ | പെൻഷണർ | |
| 12. | ഹലീമ | ഫാമിലി പെൻഷണർ | |
| 13. | ജെ.മാർട്ടിൻ | പെൻഷണർ | |
| 14. | മുഹമ്മദ് സാലിഹ് | പെൻഷണർ | |
| 15. | എ.അബ്ദുള്ള | പെൻഷണർ | |
| 16. | എ.അബ്ദുൾ സലാം | പെൻഷണർ | |
| 17. | എൻ.ശിവൻ | പെൻഷണർ | |
| 18. | ജി.തങ്കപ്പൻ | പെൻഷണർ | |
| 19. | എ.ഭാനു | പെൻഷണർ | |
| 20. | പി.ഗോപാലൻ | പെൻഷണർ | |
| 21. | തോമസ് ഡിസിൽവ | പെൻഷണർ | |
| 22. | രാജമ്മ.എസ് | പെൻഷണർ | |
| 23. | എം.സുബൈദ | പെൻഷണർ | |
| 24. | രമാദേവി | ഫാമിലി പെൻഷണർ | |

| | | | |
|---|---|---|---|
| 25. | എം.ബി.സതിയമ്മ | പെൻഷണർ | |
| 26. | സി.വി.മാരിമുത്തു | പെൻഷണർ | |
| 27. | ലളിത കെ. | പെൻഷണർ | |
| 28. | റഷീദ ബീവി | ഫാമിലി പെൻഷണർ | |
| 29. | സുകുമാരി | ഫാമിലി പെൻഷണർ | |
| 30. | ലളിതാംബിക പി.സി. | ഫാമിലി പെൻഷണർ | |
| 31. | സുബൈദ | പെൻഷണർ | |
| 32. | ഇന്ദിര ജെ. | പെൻഷണർ | |
| 33. | സീനത്ത് പി. | പെൻഷണർ | |
| 34. | അനിൽകുമാർ ബി. | പെൻഷണർ | |
| 35. | ശാരദ കെ. | പെൻഷണർ | |
| 36. | രാധാ കെ. | പെൻഷണർ | |
| 37. | സിസ്റ്റിലശ്രീ വി.വി. | പെൻഷണർ | |
| 38. | രമേശൻ എൻ. | പെൻഷണർ | |
| 39. | കൃഷ്ണകുമാരി | ഫാമിലി പെൻഷണർ | മാർച്ച് 2024 മുതലാണ് പെൻഷൻ അനുവദിച്ച് തുടങ്ങിയത് |

റെഗുലർ ഇനത്തിൽ പെൻഷൻ കൈപ്പറ്റുന്ന പെൻഷണർമാരിൽ 2023-24 വർഷം ആകെയുള്ള 61 പേരിൽ 13 പേർ മാത്രമാണ് ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്.

നിലവിലും (05.03.2025 വരെ) ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത റെഗുലർ പെൻഷണർമാരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പെൻഷണർ/ഫാമിലി പെൻഷണർ | റിമാർക്ക്സ് |
|---|---|---|---|
| 1 | കെ.കെ.ജയലക്ഷ്മി | പെൻഷണർ | |
| 2 | പി.പി.സുബൈദ ബീവി | പെൻഷണർ | |
| 3 | ലീലാമ്മ ജോൺ | പെൻഷണർ | |
| 4 | റുഖിയ ബീവി | ഫാമിലി പെൻഷണർ | |
| 5 | രാധാമണി കെ | പെൻഷണർ | റിട്ടയർമെന്റ് തീയതി 30.04.2024 |

3) <u>ലൈഫ് സർട്ടിഫിക്കറ്റിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ല</u>

റഗുലർ/കണ്ടിജന്റ് ഇനത്തിൽ പെൻഷൻ കൈപ്പറ്റുന്നവർ ഹാജരാക്കിയ പല ലൈഫ് സർട്ടിഫിക്കറ്റിലും, പി.പി.ഒ. നമ്പർ, വിലാസം എന്നിവ രേഖപ്പെടുത്തുന്നില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (1/06.03.2025) കണ്ടിജന്റ് വിഭാഗം പെൻഷൻകാർക്ക് നിലവിൽ പി.പി.ഒ. നമ്പർ ഇല്ലായെന്നും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്ന് മറുപടി നല്കി.

<u>4) പെൻഷൻ വിതരണ വിവരം ലഭ്യമല്ല</u>

കായംകുളം നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ടായ യൂണിയൻ ബാങ്കിന്റെ കായംകുളം ശാഖയിലെ അക്കൗണ്ടിൽ (നമ്പർ 553602010009122) നിന്നുമാണ് പെൻഷൻ വിതരണം നടത്തുന്നത് . റഗുലർ / കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കണക്കാക്കി ഈ അക്കൗണ്ടിൽ നിന്നും ഒറ്റ ചെക്കായാണ് തുക പിൻവലിക്കുന്നത് . എന്നാൽ ഇതിൽ നിന്നും ഓരോ പെൻഷണറുടെയും അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആകുന്ന തുകയുടെ കൃത്യമായ വിതരണ വിവരം ലഭ്യമല്ല .

5) <u>കമ്മ്യൂട്ടേഷൻ കാലാവധി അവസാനിച്ചിട്ടും പെൻഷൻ പൂർണ്ണമായി പുന:സ്ഥാപിച്ചിട്ടില്ല</u>

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുക പത്ത് വർഷം കൊണ്ട് തിരികെ പിടിക്കേണ്ടതും അതിന് ശേഷം പൂർണ്ണതോതിലുള്ള പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണ്. എന്നാൽ കായംകുളം നഗരസഭയിലെ കണ്ടിജന്റ് പെൻഷൻകാരുടെ പെൻഷൻ ബുക്ക്, ഫയൽ എന്നിവ പരിശോധിച്ചതിൽ, പെൻഷൻ കമ്മ്യൂട്ടേഷൻ ചെയ്ത ചില പെൻഷൻകാർക്ക് കമ്മ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും പെൻഷൻ പൂർണ്ണതോതിൽ പുന:സ്ഥാപിച്ച് നൽകുന്നതായി കാണുന്നില്ല. തന്മൂലം ഇവർക്ക് അർഹമായ പെൻഷൻ ലഭിക്കാതിരിക്കുന്ന സാഹചര്യം നിലനിൽക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

**A) <u>എൻ.സരസമ്മ, കണ്ടിജന്റ് പെൻഷണർ</u>**

സേവനത്തിൽ നിന്നും വിരമിച്ച തീയതി - 31.12.2009

പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച മാസം - 19.03.2010

അടിസ്ഥാന പെൻഷനിൽ നിന്നും കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്ത തുടങ്ങിയ മാസം - 04/2010

അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും കുറവ് ചെയ്യുന്ന കമ്മ്യൂട്ടേഷൻ തുക – 2892/-

കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്യുന്നത് പൂർത്തിയാകുന്ന മാസം - 03/2020.

03/2020ൽ കമ്മ്യൂട്ടേഷൻ തിരിച്ചടവ് പൂർത്തിയാക്കി 04/2020 മുതൽ പൂർണ്ണ പെൻഷൻ നൽകേണ്ടതാണെങ്കിലും ഇപ്പോഴും അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും 2,892/- രൂപവീതം കുറവ് ചെയ്യുന്നത് തുടരുന്നു.

**B) <u>എം.സുബൈദ, കണ്ടിജന്റ് പെൻഷണർ</u>**

സേവനത്തിൽ നിന്നും വിരമിച്ച തീയതി - 31.10.2012

പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച മാസം - 04.03.2014

അടിസ്ഥാന പെൻഷനിൽ നിന്നും കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്ത തുടങ്ങിയ മാസം - 04/2014

അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും കുറവ് ചെയ്യുന്ന കമ്മ്യൂട്ടേഷൻ തുക – 1281/-

കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്യുന്നത് പൂർത്തിയാകുന്ന മാസം - 03/2024.

03/2024ൽ കമ്മ്യൂട്ടേഷൻ തിരിച്ചടവ് പൂർത്തിയാക്കി 04/2024 മുതൽ പൂർണ്ണ പെൻഷൻ നൽകേണ്ടതാണെങ്കിലും ഇപ്പോഴും അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും 1,281/- രൂപവീതം കുറവ് ചെയ്യുന്നത് തുടരുന്നു.

**C) എ.അബ്ദുള്ള, കണ്ടിജന്റ് പെൻഷണർ**

സേവനത്തിൽ നിന്നും വിരമിച്ച തീയതി - 30.04.2010

പെൻഷൻ കമ്മ്യൂട്ടേഷൻ അനുവദിച്ച മാസം - 18.03.2011

അടിസ്ഥാന പെൻഷനിൽ നിന്നും കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്തു തുടങ്ങിയ മാസം - 04/2011

അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും കുറവ് ചെയ്യുന്ന കമ്മ്യൂട്ടേഷൻ തുക – 2946/-

കമ്മ്യൂട്ടേഷൻ തുക കുറവ് ചെയ്യുന്നത് പൂർത്തിയാകുന്ന മാസം - 03/2021.

03/2021ൽ കമ്മ്യൂട്ടേഷൻ തിരിച്ചടവ് പൂർത്തിയാക്കി 04/2021 മുതൽ പൂർണ്ണ പെൻഷൻ നൽകേണ്ടതാണെങ്കിലും ഇപ്പോഴും അടിസ്ഥാന പെൻഷനിൽ നിന്നും ഓരോ മാസവും 2,946/- രൂപവീതം കുറവ് ചെയ്യുന്നത് തുടരുന്നു.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി (നം.1/06.03.2025) ക്ക് ലഭ്യമാക്കിയ മറുപടിയിൽ കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷം അധികം പിടിച്ച കമ്മ്യൂട്ടേഷൻ തുക അരിയറായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. റെഗുലർ/കണ്ടിജെന്റ് പെൻഷൻകാരുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷം എല്ലാ പെൻഷൻകാരുടെയും പെൻഷൻ പുന:സ്ഥാപിയ്ക്കുന്നതിന് ശ്രദ്ധിയ്ക്കേണ്ടതുമാണ്.

## 1-72 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യ സംസ്കരണം - ഒരു അവലോകനം

**ഹരിത കർമ്മ സേനയുടെ ലക്ഷ്യം**

സംസ്ഥാനത്തെ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാഹചര്യത്തിനനുസരിച്ച് മാലിന്യശേഖരണവും വികേന്ദ്രീകരിക്കുകയും അതോടൊപ്പം അവയിൽ നിന്ന് സ്ത്രീകൾക്ക് വരുമാനവും ഉണ്ടാക്കുക എന്നതാണ് പ്രധാനമായും ഇതിലൂടെ ഉദ്ദേശിക്കുന്നത്.

**<u>ഹരിത കർമ്മസേനയുടെ പ്രവർത്തനം</u>**

44 വാർഡുകളുള്ള നഗരസഭയുടെ ആകെ ജനസംഖ്യ 68634 ആണ്. ഓരോ വാർഡിലും ഓരോ ഹരിതകർമ്മ സേനാംഗത്തിനും ചുമതല നൽകിയിട്ടുണ്ടെങ്കിലും റീജിയണുകളായി മാലിന്യ ശേഖരണം ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടത്തി വരുന്നു. ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാസം തോറും ശരാശരി 12,000 രൂപ വീതം വേതനം ലഭിച്ച് വരുന്നുണ്ട്. ഇതിനായി വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

നഗരസഭയ്ക്ക് വരുമാന വർദ്ധനവിനായി തുണി സഞ്ചി യൂണിറ്റുണ്ടായിരുന്നെങ്കിലും ആയത് നിലവിൽ പ്രവർത്തിയ്ക്കുന്നില്ല. മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി ഹരിത മിത്രം ആപ്പ് വഴി കലണ്ടർ തയാറാക്കിയിട്ടുള്ളതാണ്. മുൻ കൂട്ടി തയാറാക്കിയ ഷെഡ്യൂൾ അനുസരിച്ചാണ് കളക്ഷൻ നടത്തുന്നത്.

**<u>പരിശീലനം</u>**

ഹരിത മിത്രം ആപ്പുമായി എല്ലാ വീടുകളും സ്ഥാപനങ്ങളും ലിങ്ക് ചെയ്യുന്നതിനായി കുടുംബശ്രീ പ്രവർത്തകർ, ആക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ ഉപയോഗപ്പെടുത്തി ഹരിതമിത്രം ക്യൂ ആർ എൻറോൾമെന്റ് നടത്തുകയും അജൈവ മാലിന്യങ്ങൾ ഹരിത കർമ്മ സേനയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബോധവത്ക്കരണം നടത്തുകയും വാർഡ് സഭ, വാർഡ് സാനിട്ടേഷൻ കമ്മറ്റി, മാലിന്യ മുക്ത നവ കേരളം ഫേസ് I എന്നിവ വഴി പൊതു ജനങ്ങളിൽ ടി വിവരം എത്തിയ്ക്കുകയും ചെയ്തിട്ടുണ്ട്.

**<u>മാലിന്യ ശേഖരണത്തിലെ കാര്യക്ഷമത</u>**

വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിയ്ക്കുന്ന അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിയ്ക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി നഗരസഭയിൽ സ്വാപ് ഷോപ്പ് (RRRസെന്റർ) പ്രവർത്തിച്ചിരുന്നു. ഹരിത കർമ്മസേനയ്ക്ക് പ്ലാസ്റ്റിക്ക് നൽകുന്നത് സംബന്ധിച്ച് ബോധവത്ക്കരണം നടത്തുകയും കൂടാതെ വാർഡ് സഭ, വാർഡ് സാനിട്ടേഷൻ കമ്മിറ്റി, ഹരിത കർമ്മസേന ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയ്ക്ക് നൽകുന്നതിന് നഗരസഭയും ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുള്ളതും ക്ലീൻ കേരള കമ്പനി വഴി ഹരിത കർമ്മസേന ശേഖരിയ്ക്കുന്ന പ്ലാസ്റ്റിക് ഉൾപ്പടെയുള്ള അജൈവ മാലിന്യങ്ങൾ നീക്കം ചെയ്ത് വരുന്നതുമാണ്. നഗരസഭയിലെ 44 വാർഡുകളുള്ളതിൽ 31 വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്. മിനി എം.സി.എഫുകളിൽ മാലിന്യം എത്തിയ്ക്കുന്നതിന് ഇലക്ട്രിക്

ഓട്ടോ, ട്രോളി എന്നീ സംവിധാനങ്ങൾ ഉണ്ട്. എം.സി.എഫ്., ആർ.ആർ.എഫ്. മുഖേന പ്രതിമാസം 21 ടൺ മാലിന്യം കൈകാര്യം ചെയ്ത് വരുന്നു.

**<u>മാലിന്യ നീക്കത്തിലെ അപര്യാപ്തത</u>**

നഗരസഭയ്ക്ക് 3 എം സി എഫുകളും 1 R R F ഉം ഉണ്ട്. ഹരിത കർമ്മ സേന കൺസോർഷ്യം, മാലിന്യം നീക്കം ചെയ്യുന്നതിലേയ്ക്ക് ക്ലീൻകേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ശരിയായ രീതിയിൽ മാലിന്യം നീക്കം ചെയ്യാത്തതിനാൽ എം.സി.എഫ്. പരിസരത്ത് മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥയാണുള്ളത്. നഗരസഭാ ഡമ്പിംഗ് യാർഡിൽ പ്രവർത്തിക്കുന്ന എം.സി.എഫ്. സ്ഥലപരിമിതിയാൽ വളരെ അധികം ശോചനീയമായ അവസ്ഥയിലാണെന്ന് നേരിൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിരുന്നു. മാലിന്യ ശേഖരണത്തിന് ശുചിത്വ മിഷൻ അംഗീകാരമുള്ള മറ്റൊരു ഏജൻസിയെ കൂടി ഉൾപ്പെടുത്തുന്നതിന് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ തീരുമാനം ബഹു. കൗൺസിൽ പരിഗണിയ്ക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതാണ്.

**<u>ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ അപര്യാപ്തത</u>**

2019 ൽ പണി കഴിപ്പിച്ച R R F നിൽവിൽ പ്രവർത്തിയിക്കുന്നുണ്ട്. R R F ൽ സ്ഥാപിച്ച ഷ്രെഡ്ഡിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തന ക്ഷമമല്ല. ശുചിത്വ മിഷൻ മേഖേന ഷ്രെഡ്ഡിംഗ് യൂണിറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ ഖരമാലിന്യ സംസ്കരണത്തിനായി പുതിയ പ്ലാന്റിന്റെ നിർമ്മാണം പുരോഗതിയിലാണ്.

**<u>കൺസോർഷ്യം</u>**

പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യാൻ കരാറിലേർപ്പെട്ടിട്ടുള്ള ക്ലീൻ കേരള കമ്പനിയിൽ നിന്ന് 31.1.24 വരെ നീക്കം ചെയ്ത മാലിന്യത്തിന്റെ തുക മാത്രമാണ് കൺസോർഷ്യത്തിന് ലഭിച്ചിട്ടുള്ളത്. ലഭിയ്ക്കാൻ ശേഷിയ്ക്കുന്ന തുകകൾ ക്ലീൻ കേരള കമ്പനിയിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

**<u>ഓഡിറ്റിന്റെ നിഗമനം / ശുപാർശ</u>**

പേപ്പർ, തുണി ക്യാരി ബാഗുകളുടെ ഉപയോഗം പ്രോത്സാഹിപ്പിയ്ക്കുക, കൺസോർഷ്യത്തിന്റെ കീഴിൽ ഇത്തരം കാരി ബാഗ് ഉത്പാദന യൂണിറ്റുകൾ ആരംഭിയ്ക്കുക, പുനരുപയോഗ യോഗ്യമല്ലാത്ത ലെഗസി മാലിന്യങ്ങളുടെ ഉത്പാദനവും ഉപയോഗവും നിർത്തലാക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക





R R F ന് സമീപം കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല- വരുമാന നഷ്ടം

2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ജോലി / തൊഴിൽ ചെയ്യുന്ന വ്യക്തികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പ്രഫഷണലുകൾ എന്നിവരിൽ നിന്നും ഒരു അർദ്ധവർഷം 1,250/- രൂപ നിരക്കിൽ തൊഴിൽ നികുതി / പ്രിസംറ്റീവ് ടാക്സ് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതുണ്ട്.

1) നഗരസഭ പരിധിയിലെ താഴെ സൂചിപ്പിക്കുന്ന ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും 2023-24 സാമ്പത്തിക വർഷം, 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായ ചാർട്ടഡ് അക്കൌണ്ടന്റ്മാരിൽ നിന്നും അർദ്ധവർഷം 1250/- രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചാർട്ടഡ് അക്കൌണ്ടന്റ് ഫേം / കമ്പനി | അർദ്ധ വർഷം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | അഭിലാഷ് കൃഷ്ണൻ & അസോസിയേറ്റ്സ് - അംബികുളങ്ങര ബിൽഡിങ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 2 | അനന്ത നായ്ക്കൻ, ഏവൂർ മുട്ടം റോഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 3 | സാജൻ & അസോസിയേറ്റ്സ് - കൊട്ടക്കാട്ട് ബിൽഡിംഗ്സ്, ഹെഡ് പോസ്റ്റ് ഓഫീസിന് എതിർവശം | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 4 | സന്ദീപ് സതീഷ് & അസോസിയേറ്റ്സ് - കൊട്ടുവള്ളിൽ ആർകേഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 5 | ജോഷി മോൻ & അസോസിയേറ്റ്സ് - കൊട്ടുവള്ളിൽ ആർകേഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 6 | വിഷ്ണു & കമ്പനി - പുതിയിടം | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 7 | രാജു പി.വൈ. & അസോസിയേറ്റ്സ് - കുറ്റിത്തെരുവ് മസ്ജിദിന് സമീപം | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| | ആകെ | | 17,500/- |

മേൽ സൂചിപ്പിച്ച ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യ്തീടാക്കാത്തതിനാൽ നഗരസഭയുടെ തനതു വരുമാനത്തിൽ 17,500/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:29-01-25) മറുപടി ലഭ്യമാക്കിയില്ല. നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ടി ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ 17,500/- രൂപ ഡിമാന്റ് ചെയ്യ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) നഗരസഭയുടെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 ലെ രണ്ട് അർദ്ധവർഷങ്ങളിലും 60 ദിവസത്തിൽ കൂടുതൽ നഗരസഭയിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ (എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം) താഴെ സൂചിപ്പിക്കുന്ന കരാറുകാരിൽ നിന്നും 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഒരു അർദ്ധവർഷത്തിൽ 1,250/- രൂപ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് / മേൽവിലാസം | ഈടാക്കേണ്ട തൊഴിൽ നികുതി |
|---|---|---|
| 1 | അബ്ദുൾ ലത്തീഫ്,<br>SSK മൻസിൽ, ചേരാവള്ളി | 1250x2=2500 |
| 2 | ഹുസ്സൈൻ അഹമ്മദ്,<br>വെളിയിൽ വീട് | 1250x2=2500 |
| 3, | ഹരികുമാർ,<br>ഇലക്ട്രിക്കൽ കോണ്ട്രാക്ടർ | 1250x2=2500 |
| 4, | അനസ്സ് എസ്.,<br>ന്യൂ ടെക്ക് അസോസിയേറ്റ്സ് | 1250x2=2500 |
| 5 | E.M.അഷറഫ്,<br>കൊല്ലംപറമ്പിൽ, | 1250x2=2500 |

| | | |
|---|---|---|
| 6 | മുഹമ്മദ് സാലിഹ്,<br>പൊന്നൂസ് കൺസ്ട്രക്ഷൻ | 1250x2=2500 |
| 7 | ശ്രീജി J.,<br>വെളിയിൽ ഹൌസ് | 1250x2=2500 |
| 8 | അനിമോൻ H.,<br>തുണ്ടയത്ത്, ചേരാവള്ളി | 1250x2=2500 |
| 9 | അബ്ദുൾ അസീസ്, ചേരാവള്ളി | 1250x2=2500 |
| 10 | മുഹമ്മദ് താഹ, കട്ടച്ചിറ | 1250x2=2500 |
| 11 | മുഹമ്മദ് സാദിഖ് | 1250x2=2500 |
| 12 | ഹാഷിം കോപ്രാപുരയിൽ | 1250x2=2500 |
| 13 | അൽഫിൻ എസ്., ബിസ്മി നിവാസ് | 1250x2=2500 |
| 14 | സുന്ദരേശൻ,<br>പ്രിയാ ഭവനം, ചേരാവള്ളി | 1250x2=2500 |
| 15 | ശശിധരൻ പിള്ള,<br>അംബാലയം, പത്തിയൂർ | 1250x2=2500 |
| 16 | നജീം എച്ച്., പുളിമൂട്ടിൽ | 1250x2=2500 |
| 17 | E.B.അഷറഫ്, കൊല്ലം പറമ്പിൽ, | 1250x2=2500 |
| 18 | ഷാരൂൺഷാ,<br>എസ്.എസ്. മൻസിൽ, ചേരാവള്ളി | 1250x2=2500 |
| ആകെ | | 45,000/- |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തീടാക്കാത്തതിനാൽ നഗരസഭയുടെ തനതു വരുമാനത്തിൽ 45,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/തീയതി:29.01.25) മറുപടി ലഭ്യമാക്കിയില്ല. ടി കരാറുകാരിൽ നിന്നും നിന്നും തൊഴിൽ നികുതിയിനത്തിൽ 45,000/- രൂപ ഡിമാന്റ് ചെയ്തീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ചാർട്ടഡ് അക്കൌണ്ടന്റ് ഫേമുകളിൽ നിന്നും 17,500/- രൂപയും, കരാറുകാരിൽ നിന്നും 45,000/- രൂപയും ഒട്ടാകെ 62,500/- രൂപ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കി രസീത് /ഡേ ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് മൂലം വരുമാന നഷ്ടം

2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭ പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ തുടർച്ചയായി 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ബാങ്കിങ് സ്ഥാപനങ്ങൾ/ ശാഖകൾ, സഹകരണ സംഘം, സഹകരണ ബാങ്കുകൾ, ഇൻഷൂറൻസ് കമ്പനികൾ, മറ്റ് ധനകാര്യ സ്ഥാപങ്ങൾ എന്നിവയിൽ നിന്നും ഒരു അർദ്ധവർഷം 1250/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള തൊഴിൽ നികുതി ചുമത്തൽ പൂർണ്ണമല്ല. നിരവധി സ്ഥാപങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ചയുണ്ടായി. നഗരസഭ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം 2023-24 വർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കേണ്ട സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്- | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| | കോട്ടുക്കുളങ്ങര ബ്രാഞ്ച് | | |
| 2 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്- കായംകുളം ബ്രാഞ്ച് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 3 | പത്തിയൂർ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്- കാകനാട് ബ്രാഞ്ച് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 4 | എരുവ കാഷ്യൂ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 5 | കേരളാ ഗ്രാമീൺ ബാങ്ക് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 6 | വ്യാപാരി വ്യവസായി കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 7 | കെ.എസ്.എഫ്.ഇ ബ്രാഞ്ച്-II | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 8 | സുന്ദരം ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 9 | സ്പന്ദന മൈക്രോ ഫിനാൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 10 | എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷൂറൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |

| | | | |
|---|---|---|---|
| 11 | റിലയൻസ് ജനറൽ ഇൻഷ്വറൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 12 | മഹീന്ദ്ര റൂറൽ ഹൌസിംഗ് ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 13 | ഗോകുലം ചിട്ടി ഫണ്ട് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 14 | റിച്ച് മാൻ ഫിൻവെസ്റ്റ് പ്രൈ.ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 15 | കായംകുളം വില്ലേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 16 | കായംകുളം അർബൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 17 | എച്ച്.ഡി.ബി ഫിനാൻഷ്യൽ സർവീസ് | ഒന്നാം അർദ്ധവർഷം | 1250x1=1250 |
| 18 | മധുരൈ മൈക്രോ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 19 | VERTEX സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 20 | ഓണാട്ടുക്കര വികസന സമിതി | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 21 | കോശമറ്റം ഫിനാൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 22 | പീപ്പിൾസ് അർബൻ ഇന്റഗ്രേറ്റഡ് ഫൌണ്ടേഷൻ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 23 | പുല്ലുക്കുളങ്ങര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 24 | കീരിക്കാട് ക്ഷീരോൽപാദക സഹ: സംഘം | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 25 | ഇൻഡി ട്രേഡ് മൈക്രോ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 26 | ഹരി ശ്രീ ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 27 | കൊച്ചുവീട്ടിൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 28 | അഹല്യ ഫിൻഫോറെക്സ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 29 | ഏട്ടുത്തറയിൽ ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 30 | മണിരത്ന ചിട്ട് ഫണ്ട് & ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 31 | KSRTC- എംപ്ലായീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 32 | സുപ്രാ പെസിഫിക്ക് ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 33 | എൽ.ഐ.സി ഇൻഷ്വറൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 34 | ബാങ്ക് ഓഫ് ബറോഡ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 35 | എച്ച്.ഡി.എഫ്.സി ഫിനാഷ്യൽ സർവീസസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 36 | റിച്ച് മാക്സ് ഫിൻവെസ്റ്റ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 37 | തമിഴ് നാട് മെർക്കൻഡയിൽ ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 38 | എട്ട്ത്തറയിൽ സമൃദ്ധി ഫിനാൻഷ്യൽ സർവീസസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 39 | കോട്ടക്ക് സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 40 | ഇൻഡ്യൻ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 41 | കേച്ചേരി ചിട്ട്സ് പ്രൈ. ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 42 | സത്തേൺ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് ആൻഡ് മൾട്ടി പർപ്പസ് സൊസൈറ്റി ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 43 | സത്രത്തിൽ ന്യൂ ഫൈനാൻസിയേഴ്സ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 44 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് | രണ്ട് അർദ്ധവർങ്ങളിലും | 1250x2=2500 |
| 45 | ഗോശ്രീ ഫിനാൻസ് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 46 | കെ.പി.സി ഓൾഡ് ഗോൾഡ് പർച്ചേസ് സ്റ്റോർ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 47 | നാഷണൽ ഇൻഷ്വറൻസ് കമ്പനി | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 48 | പാർവതി ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 49 | പാർവതി നിധി ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 50 | പഞ്ചാബ് നാഷണൽ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 51 | ഐ.സി.ഐ.സി.ഐ ബാങ്ക് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 52 | ധനലക്ഷ്മി ഗോൾഡ് ലോൺ | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 53 | അച്ചൂസ് ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |

| | | | |
|---|---|---|---|
| 54 | ധനലക്ഷ്മീ ബാങ്ക് ലിമിറ്റഡ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 55 | എസ്.ബി.ഐ ലൈഫ് ഇൻഷ്വറൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 56 | ശ്രീറാം ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 57 | മോത്തിലാൽ ഓസ് വാൾ സെക്യൂരിറ്റീസ് | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 58 | ചെങ്ങന്നൂർ നിധി ലിമിറ്റഡ് (13/53) | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| 59 | ചെമ്മണ്ണൂർ ക്രഡിറ്റ് & ഫിനാൻസ് (9/86) | രണ്ട് അർദ്ധവർഷങ്ങളിലും | 1250x2=2500 |
| ആകെ | | | 1,41,250/- |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീത് നമ്പർ സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം-04 തീയതി 28.01.25) ന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തിൽ 1,250/- രൂപ നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ 1,41,250/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രസീത്/ഡേബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**2-3 സ്വകാര്യ വണ്ടിത്താവളങ്ങൾ (Pay&Park) അനധികൃതമായി പ്രവർത്തിക്കുന്നു- ഫീസിനത്തിൽ നഷ്ടം**

1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(1) പ്രകാരം - നഗരസഭയിൽ നിന്നുള്ള ലൈസൻസ് കൂടാതെ ഒരു സ്വകാര്യ വണ്ടിത്താവളങ്ങളും തുറന്നു പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. ഇത് കൂടാതെ പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളിൽ നിന്നും സെക്ഷൻ 475(5) പ്രകാരം ഒരു വർഷത്തിൽ 3,000/- രൂപയിൽ കുറയാത്ത തുക ലൈസൻസ് ഫീസിനത്തിൽ ഈടാക്കേണ്ടതുണ്ട്. പ്രാദേശിക പരിശോധന നടത്തി ഓഡിറ്റ് കണ്ടെത്തിയ നഗരസഭ പരിധിയിൽ പ്രവർത്തനം നടത്തുന്ന താഴെ സൂചിപ്പിക്കുന്ന പേയ് & പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളുടെ വിവരങ്ങൾ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഇത് വളരെ ഗൌരവമേറിയ വിഷയമാണ്. 2023-24 വർഷത്തിൽ പേയ് & പാർക്ക് സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്ന് മാത്രമല്ല ടി അനധികൃത സ്ഥാപനങ്ങൾക്ക് എതിരെ യാതൊരു നിയമാനുസൃത നടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. നഗരസഭയുടെ ലൈസൻസ് ഇല്ലാതെ പേയ്& പാർക്ക് സ്ഥാപനങ്ങൾ നഗര പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്നത് മൂലം 2023-24 വർഷത്തിൽ ലൈസൻസ് ഫീസിനത്തിൽ നഗരസഭയുടെ തനത് വരുമാനത്തിൽ 24,000/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേയ് & പാർക്ക് സ്ഥാപനം | KMAആക്ട് 475 -പ്രകാരം ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|
| 1 | ശാസ്താ പറമ്പിൽ പേയ് & പാർക്ക് | 3,000/- |
| 2 | താലൂക്ക് ആശുപത്രിക്ക് എതിർവശം ഉള്ള പേയ് & പാർക്ക് | 3,000/- |
| 3 | Su Garden പേയ് & പാർക്ക്, ജിഡിഎം ഓഡിറ്റോറിയത്തിന് സമീപം | 3,000/- |
| 4 | പേയ് & പാർക്ക്, പെരിങ്ങല (കെട്ടിട നം: 15/54 ) | 3,000/- |
| | | |

| | | |
|---|---|---|
| 5 | റെയിവേ സ്റ്റേഷന് മുൻഭാഗത്തുള്ള പേയ് & പാർക്ക് (കെട്ടിട നം: 15/46 ) | 3,000/- |
| 6 | ഐശ്വര്യ പേയ് & പാർക്ക്, റെയിവേ സ്റ്റേഷന് മുൻവശം | 3,000/- |
| 7 | ചിട്ടയിൽ പേയ് & പാർക്ക് (കെട്ടിട നം: 15/151 ) | 3,000/- |
| 8 | അധികാരി പേയ് &പാർക്ക് (കെട്ടിട നം: 9/336) | 3,000/- |
| | ആകെ | 24,000/- |

അനധികൃതമായി നഗരസഭാ പരിധിയിൽ പ്രവർത്തനം നടത്തുന്ന ടി പേയ് & പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യതിന്റേയും, ലൈസൻസ് ഫീസ് ഈടാക്കിയതിന്റെയും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:06/29.01.2025) മറുപടി ലഭ്യമാക്കിയില്ല. ടി സ്ഥാപനങ്ങൾ നഗരസഭയുടെ അനുമതിയോട് കൂടിയാണ് പ്രവർത്തിക്കുന്നതെന്ന് നഗരസഭ ഉറപ്പുവരുത്തേണ്ടതും, 1994-ലെ കേരളാ മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 475(5) പ്രകാരം ഈടാക്കേണ്ട 3,000/- രൂപ നിരക്കിൽ ഓരോ പേയ്& പാർക്ക് (വണ്ടിത്താവളങ്ങൾ) സ്ഥാപനങ്ങളിൽ നിന്നും ഫീസ് ഈടാക്കിയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 വസ്തു നികുതി നിർണ്ണയത്തിൽ അപാകത – ഗണ്യമായ വരുമാന നഷ്ടം

2011 ലെ കേരള മുൻസിപ്പാലിറ്റി നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസൃതമായി അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതും നിയമാനുസൃത വർദ്ധനവും ഇളവും ചുമത്തേണ്ടതുമാണ്. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.2011 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/തസ്വഭവയിലെ നിർദ്ദേശ പ്രകാരം നഗരസഭയിലെ 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറ നിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയോടൊപ്പം 15% വർദ്ധനവ്

വരുത്തണമെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടങ്ങൾക്ക് ബാധകമായ നികുതിയും നിയമാനുസൃത വർദ്ധനവും ചുമത്തിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട ഉടമ, സ്ഥാപനത്തിന്റെ പേര് | വാർഡ്, കെട്ടിട നം., | വിസ്തീർണ്ണം (ച.മീ.) | ചുമത്തിയ നികുതി നിരക്ക്/ ച.മീ. | ചുമത്തിയ വർദ്ധനവ്/ ഇളവ് | ചുമത്തിയ അടിസ്ഥാന നികുതി | ചുമത്താൻ അവശേഷിക്കുന്നവ | ചുമത്തേണ്ട അടിസ്ഥാന നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|
| 1. | സീന/ അശ്വതി (കല്യാൺ ജ്വവലേഴ്സ്) | 33/512 | 37.28 | @80 | വഴി - 20% ഇളവ് - 5% | 3400 | ശീതീകരണം-10% | 3683 | 283 |
| | **ആകെ** | | **37.28** | | | | | | **283** |
| 2. | ഗോപാലകൃഷ്ണൻ / തുളസി (എൽമെക്സ് വെഡ്ഡിംഗ് കാസിൽ, എൽമെക്സ് ഗോൾഡ്, സിൽവർ & ഡയമണ്ട്) | 36/620 | 835 | @60 | വഴി - 20% ഇളവ് - 5% | 57114 | ശീതീകരണം -10% തറവിസ്തൃതി-15% വിസ്തീർണ്ണം - 80/ ച.മീ | 92017 | 34903 |
| | | 36/621 | 835 | @80 | വഴി - 20% ഇളവ് - 5% | 76152 | ശീതീകരണം -10% തറവിസ്തൃതി-15% | 92017 | 15865 |
| | **ആകെ** | | **1670** | | | | | | **50768** |
| 3. | കൃഷ്ണകുമാർ (ഭീമാ ജ്വവലേഴ്സ്) | 36/1700 | 185.72 | @120 | വഴി- 20% ശീതീകരണം-10% | 28972 | തറവിസ്തൃതി-15% | 32315 | 3343 |
| | | 36/1701 | 210.56 | @120 | | 32847 | | 36637 | 3790 |
| | | 36/1702 | 214.78 | @120 | | 33506 | | 37372 | 3866 |
| | **ആകെ** | | **611.06** | | | | | | **10999** |
| 4. | ബിജി സുരേഷ്, അപ്പു സുരേഷ് (റിലയൻസ്) | 36/1000 | 150.69 | @60 | വഴി- 20% | 10850 | ശീതീകരണം -10% വിസ്തീർണ്ണം - 80/ ച.മീ | 15672 | 4822 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 36/1001 | 239.05 | @80 | വഴി- 20% | 22949 | ശീതീകരണം -10% | 24861 | 1912 |
| | **ആകെ** | | **389.74** | | | | | | **6734** |
| 5. | സെക്രട്ടറി, അൽഫിദ ചാരിറ്റബിൾ ട്രസ്റ്റ് | 2/243 | 169 | @60 | വഴി- 20% | 12168 | വിസ്തീർണ്ണം - 80/ ച.മീ | 16224 | 4056 |
| | **ആകെ** | | **169** | | | | | | **4056** |
| 6. | സേതുനാഥൻ(മികാസ് കൺവെൻഷൻ സെന്റർ) | 22/88 | 3646.5 | @50 | വർദ്ധനവ് -45% മേഖല ഇളവ്-10% | 246139 | കെ.പി റോഡിന് സമീപം പ്രഥമ മേഖലയായതിനാൽ മേഖലാ ഇളവിന് അർഹതയില്ല | 264371 | 18232 |
| | **ആകെ** | | **3646.50** | | | | | | **18232** |
| 7. | താജുദ്ദീൻ (ഹിബ ഫ്യൂവൽസ് - പെട്രോൾ പമ്പ്) | 21/410 | 46.8 | @60 | വർദ്ധനവ് വഴി-20% ഇളവ്(കാലപ്പഴക്കം)-10% | 3089 | വിസ്തീർണ്ണം - 70/ ച.മീ | 3604 | 515 |
| | **ആകെ** | | **46.80** | | | | | | **515** |
| 8. | താഹിറ മജീദ് (മോർ സൂപ്പർ മാർക്കറ്റ്) | 15/277 | 115.34 | @60 | വർദ്ധനവ് വഴി-20% | 8304 | വിസ്തീർണ്ണം - 80/ ച.മീ ശീതീകരണം -10% തറവിസ്തൃതി-15% | 13379 | 5075 |
| | | 15/278 | 115.34 | @60 | വർദ്ധനവ് വഴി-20% | 8304 | വിസ്തീർണ്ണം - 80/ ച.മീ ശീതീകരണം -10% തറവിസ്തൃതി-15% | 13379 | 5075 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | 15/279 | 115.34 | @60 | വർദ്ധനവ് വഴി-20% | 8304 | വിസ്തീർണ്ണം - 80/ ച.മീ<br>ശീതീകരണം -10%<br>തറവിസ്തൃതി-15% | 13379 | 5075 |
| | | 15/280 | 115.34 | @60 | വർദ്ധനവ് വഴി-20% | 8304 | വിസ്തീർണ്ണം - 80/ ച.മീ<br>ശീതീകരണം -10%<br>തറവിസ്തൃതി-15% | 13379 | 5075 |
| | **ആകെ** | | **461.36** | | | | | | **20300** |
| 9. | അബ്ദുൾ റഷീദ്, ഷംല (റിലയൻസ് റീറ്റെയിൽ മാൾ) | 15/744 | 400.60 | @120 | വർദ്ധനവ് വഴി-20%<br>തറവിസ്തൃതി-15% | 64897 | ശീതീകരണം -10% | 69704 | 4807 |
| | | 15/745 | 399.17 | @120 | വർദ്ധനവ് വഴി-20%<br>തറവിസ്തൃതി-15% | 64666 | ശീതീകരണം -10% | 69455 | 4789 |
| | | 15/746 | 400.60 | @120 | വർദ്ധനവ് വഴി-20%<br>തറവിസ്തൃതി-15% | 64897 | ശീതീകരണം -10% | 69704 | 4807 |
| | | 15/747 | 399.17 | @120 | വർദ്ധനവ് വഴി-20%<br>തറവിസ്തൃതി-15% | 64666 | ശീതീകരണം -10% | 69455 | 4789 |
| | **ആകെ** | | **1599.54** | | | | | | **19192** |
| 10. | അബ്ദുൾ സമീർ/ ഫാത്തിമ ബീവി (ആറ്റിൻകര ഇലക്ട്രോണിക്സ്) | 15/705 | 435.79 | @120 | വർദ്ധനവ് വഴി-20%<br>തറവിസ്തൃതി-15% | 70598 | ശീതീകരണം -10% | 75827 | 5229 |
| | **ആകെ** | | **435.79** | | | | | | **5229** |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 11. | ജോൺസൺ.സി. വർഗ്ഗീസ് (നന്ദിലത്ത് ജി-മാർട്ട്) | 15/791 | 338.61 | @120 | വർദ്ധനവ് വഴി-20% തറവിസ്തൃതി-15% | 54855 | ശീതീകരണം -10% | 58918 | 4063 |
| | | 15/792 | 390.8 | @120 | വർദ്ധനവ് വഴി-20% തറവിസ്തൃതി-15% | 63310 | ശീതീകരണം -10% | 67999 | 4689 |
| | | 15/793 | 390.8 | @120 | വർദ്ധനവ് വഴി-20% തറവിസ്തൃതി-15% | 63310 | ശീതീകരണം -10% | 67999 | 4689 |
| | **ആകെ** | | **1120.21** | | | | | | **13441** |
| | **ഒട്ടാകെ** | | | | | | | | **149749** |

മേൽ പട്ടിക പ്രകാരം ക്രമ നം.1 മുതൽ 11 വരെയുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ 1,49,749/- രൂപയുടെ കുറവുണ്ടായി. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (27/30.01.2025) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പുനർനിർണ്ണയിച്ച് നഷ്ടം ഈടാക്കി അറിയിക്കേണ്ടതാണ്.

## <u>2-5 കെ-സ്മാർട്ട് മുഖേന വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്</u>

2011 ലെ കേരള മുൻസിപ്പാലിറ്റി നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസൃതമായി അവയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതും നിയമാനുസൃത വർദ്ധനവും ഇളവും വരുത്തേണ്ടതുമാണ്. എന്നാൽ താഴെപ്പറയുന്ന വാണിജ്യ കെട്ടിടത്തിന് ബാധകമായ നികുതിയും നിയമാനുസൃത വർദ്ധനവും ചുമത്തിയതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട ഉടമ, സ്ഥാപനത്തിന്റെ പേര് | വാർഡ്, കെട്ടിട നം., | വിസ്തീർണ്ണം (ച.മീ.) | ചുമത്തേണ്ട നികുതി (/ ച.മീ.) | ചുമത്തേണ്ട വർദ്ധനവ്/ ഇളവ് | ചുമത്തേണ്ട ആകെ നികുതി | ചുമത്തിയ നികുതി | അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|---|---|---|
| 1. | ജോൺ മത്തായി | 15/825 | 1270.74 | @100 | വർദ്ധനവ് - 20%(വഴി) | 127074+ 57183 | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | (മാക്സ് വെഡ്ഡിംഗ് കളക്ഷൻ) | | | വർദ്ധനവ്-15% (തറനിർമ്മിതി) വർദ്ധനവ്-10% (ശീതീകരണം) ആകെ വർദ്ധനവ് -45% ഇളവ് - ഇല്ല | | | |
| | **ആകെ** | | **1270.74** | 127074 | 57183 | 184257 | 167274 | **(*)16983/-** |

(*)നികുതി പ്രാബല്യം - 2023-24 2nd Half

അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/01.02.2025) മറുപടി ഹാജരാക്കിയില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് അറിയിക്കാത്തപക്ഷം സെക്രട്ടറിയുടെ ബാധ്യതയായിരിക്കുന്നതാണ്.

**2-6 പിഴപ്പലിശ ഈടാക്കാത്തതിനാൽ വിനോദനികുതി ഇനത്തിൽ നഗരസഭയ്ക്ക് 24,454/- രൂപയുടെ നഷ്ടം**

കായംകുളം നഗരസഭാ പരിധിയിൽ 3 സ്ക്രീനുകളിലായി എസ്.വി സിനിമാസ് എന്ന സിനിമ തിയറ്റർ കോംപ്ലക്സ് (XXXVI/1641) പ്രവർത്തിച്ച വരുന്നുണ്ട്. 1994 ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 269 പ്രകാരം വിനോദ നികുതി പിരിച്ചെടുക്കേണ്ട ഉത്തരവാദിത്വം നഗരസഭയിൽ നിക്ഷിപ്തമാണ്. ചരക്ക് സേവനനികുതി (ജി.എസ്.റ്റി) ഏർപ്പെടുത്തിയ ശേഷം തീയേറ്റർ ഉടമകൾ ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരവും ഒടുക്കേണ്ടതായിട്ടുണ്ട്. സ.ഉ(കൈ)112/2019/ത.സ്വ.ഭ.വ./ 31-08-2019 പ്രകാരം നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപയ്ക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്.

കേരള മുൻസിപ്പാലിറ്റി നിയമം 282 പ്രകാരം നിയമാനുസൃതമായ ഏതെങ്കിലും തുക അത് നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അത് നൽകേണ്ടതായ തീയതി മുതൽ നിയമാനുസൃത പിഴ (പ്രതിമാസം രണ്ട് ശതമാനം)വസൂലാക്കേണ്ടതാണ്. എന്നാൽ തീയറ്ററിൽ നിന്നും ലഭ്യമാക്കിയ ഡി.സി.ആർ, തുക അടവാക്കൽ എന്നിവ പരിശോധിച്ചതിൽ മേൽ നിർദ്ദേശപ്രകാരമുള്ള തീയതിയ്ക്ക് ശേഷമാണ് മിക്ക മാസങ്ങളിലും വിനോദ നികുതി ഒടുക്കിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ഒടുക്കിയ വിനോദ നികുതി | ഒടുക്കിയ തീയതി | പിഴ പലിശ ഒടുക്കേണ്ട മാസങ്ങൾ | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| മാർച്ച് 2023 | 36890 | 03.04.2023 | 0 | 0 |
| ഏപ്രിൽ 2023 | 56855 | 5.6.2023 | 1 | 1137 |
| മെയ് 2023 | 202233 | 5.6.2023 | 1 | 4044 |
| ജൂൺ 2023 | 47592 | 5.7.2023 | 1 | 952 |
| ജൂലൈ 2023 | 53075 | 5.8.2023 | 1 | 1061 |
| ആഗസ്റ്റ് 2023 | 170441 | 5.9.2023 | 1 | 3408 |
| സെപ്റ്റംബർ 2023 | 115069 | 5.10.2023 | 1 | 2301 |
| ഒക്ടോബർ 2023 | 142325 | 8.11.2023 | 1 | 2846 |

| | | | | |
|---|---|---|---|---|
| നവംബർ 2023 | 87843 | 6.12.2023 | 1 | 1757 |
| ഡിസംബർ 2023 | 110199 | 5.1.2024 | 1 | 2202 |
| ജനുവരി 2023 | 84885 | 8.2.2024 | 1 | 1698 |
| ഫെബ്രുവരി 2023 | 152431 | 6.3.2024 | 1 | 3048 |
| **ആകെ** | | | | **24454/-** |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/29.01.2025) മറുപടി ഹാജരാക്കിയില്ല. നഗരസഭയ്ക്ക് പിഴയിനത്തിൽ ലഭിക്കേണ്ട വരുമാനം ഈടാക്കി അറിയിക്കേണ്ടതാണ്.

**2-7 അനുമതിയില്ലാതെ നിർമ്മിച്ച ടർഫ്/ഇൻഡോർ കോർട്ടുകളുടെ പെർമിറ്റ് ഫീസ്/റെഗുലറൈസേഷൻ ഫീസ് ഈടാക്കിയില്ല, നഗരസഭയ്ക്ക് വരുമാന നഷ്ടം**

കെട്ടിട നിർമ്മാണ ചട്ടങ്ങൾ (KMBR 2019) ചട്ടം 1.37 പ്രകാരം ഇൻഡോർ സ്റ്റേഡിയങ്ങളും സ്പോർട്സ് ടർഫുകളും നിർമ്മിക്കുന്നതിന് പെർമിറ്റ് എടുക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. സ.ഉ.(കൈ)നം.97/2024/ത.സ്വ.ഭ.വ/30.07.2024 പ്രകാരം നഗരസഭാ പരിധിയിലെ ഇത്തരം നിർമ്മിതികൾക്ക് ച.മീറ്ററിന് 100/- രൂപ നിരക്കിൽ പെർമിറ്റ് ഫീസ് ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും പെർമിറ്റ് എടുക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, വിലാസം | വിസ്തൃതി | ഉടമയുടെ പേര് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | KCC ബാഡ്മിന്റൺ സ്റ്റേഡിയം | 213 ച.മീറ്റർ | പ്രസിഡന്റ് KCC ട്രസ്റ്റ് |
| 2 | KICK OFF ഫുട്ബോൾ ടർഫ് | 784 ച.മീറ്റർ | ആദിൽ |
| 3 | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് | 275 ച.മീറ്റർ | പ്രസിഡന്റ് YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് (കെട്ടിട ഉടമ-ദിൽഷാദ്) |
| 4 | ഗാലക്സികോ സ്പോർട്സ് ഹബ് (വോളിബോൾ, ക്രിക്കറ്റ് ടർഫ്), കെ.പി.എ.സി ജംഗ്ഷന് സമീപം | ലഭ്യമല്ല | ലഭ്യമല്ല |

മേൽ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങൾ പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഫയലും ഫീസ് ഒടുക്കിയ രേഖകളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/29.01.2025) മറുപടി ഹാജരാക്കിയില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളുടെ വിസ്തൃതി, അനുബന്ധ കെട്ടിടങ്ങളുടെ തറവിസ്തൃതി, ഉടമയുടെ പേര്, വഴി സൌകര്യം, മേഖല ഏർപ്പെടുത്തിയിരിക്കുന്ന സൌകര്യങ്ങൾ എന്നിവ LID&EW വിഭാഗം മുഖാന്തിരം അന്വേഷണം നടത്തി അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതും ലഭ്യമാക്കിയില്ല. പെർമിറ്റ് എടുക്കാതിരുന്നതിനാൽ ക്രമ നം. 1 മുതൽ 3 വരെയുള്ള ടർഫ് / ഇൻഡോർ കോർട്ടുകളുടെ വിസ്തൃതി പ്രകാരം ക്രമ നം.1 ന് 21,300/- രൂപയും ക്രമ നം. 2 ന് 78,400/- ക്രമ നം. 3 ന് 27,500/ രൂപയുമുൾപ്പെടെ ആകെ 1,27,200/- രൂപ പെർമിറ്റ് ഫീസായി പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കി പെർമിറ്റ് നൽകേണ്ടതായിരുന്നു. എന്നാൽ നഗരസഭയുടെ അനുമതിയില്ലാതെ നിർമ്മാണം പൂർത്തിയാക്കി നിലവിൽ പ്രവർത്തിച്ചു വരുന്നതിനാൽ കേരള മുൻസിപ്പൽ ബിൽഡിംഗ് റൂൾസ് 2019 ചട്ടം 95(4) പ്രകാരം ഈടാക്കേണ്ടിയിരുന്ന

പെർമിറ്റ് ഫീസിന്റെ രണ്ട് മടങ്ങ് തുക കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കി അനധികൃത നിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്. ഇപ്രകാരം കോമ്പൗണ്ടിംഗ് ഫീസിനത്തിൽ മേൽ പട്ടികയിലെ ക്രമ നം. 1 ന് 42,600/- രൂപയും ക്രമ നം.2 ന് 1,56,800/- രൂപയും ക്രമ നം. 3 ന് 55,000/- രൂപയും ഉൾപ്പെടെ ആകെ 2,54,400/- രൂപ കോമ്പൗണ്ടിംഗ് ഫീസിനത്തിൽ ഈടാക്കി ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 2-8 സ്പോർട്സ് ടർഫുകൾ/ ഇൻഡോർ സ്റ്റേഡിയങ്ങൾ വസ്തുനികുതി ചുമത്തിയില്ല- വരുമാന നഷ്ടം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം നമ്പർ നൽകാൻ കഴിയാത്ത അനധികൃത നിർമ്മിതികൾക്ക് യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തി മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതാണ്. സഞ്ചയ പരിശോധിച്ചതിൽ നഗരസഭാ പരിധിയിൽ അനധികൃത നിർമ്മാണം നടത്തി പ്രവർത്തിച്ചു വരുന്ന താഴെ സൂചിപ്പിക്കുന്ന , ടർഫുകളുടെയും,ബാഡ്മിന്റൺ ഇൻഡോർ കോർട്ടുകളുടെയും വസ്തുനികുതി നിർണ്ണയിച്ചീടാക്കുന്നതായി രേഖയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര്, വിലാസം | വിസ്തൃതി | ഉടമയുടെ പേര് | കെട്ടിട നം. |
|---|---|---|---|---|
| 1 | KCC ബാഡ്മിന്റൺ സ്റ്റേഡിയം | 213 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | പ്രസിഡന്റ് KCC ട്രസ്റ്റ് | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2 | KICK OFF ഫുട്ബോൾ ടർഫ് | 784 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | ആദിൽ | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 3 | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് | 275 ച.മീറ്റർ (2022-23 ഓഡിറ്റ് റിപ്പോർട്ട്) | പ്രസിഡന്റ് YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് (കെട്ടിട ഉടമ- ദിൽഷാദ്) | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 4 | ഗാലക്സികോ സ്പോർട്സ് ഹബ് (വോളിബോൾ, ക്രിക്കറ്റ് ടർഫ്), കെ.പി.എ.സി ജംഗ്ഷന് സമീപം | ലഭ്യമല്ല | ലഭ്യമല്ല | വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |

മേൽ പട്ടികയിലെ ക്രമ നം.1, ക്രമ നം.2, ക്രമ നം. 3 എന്നീ ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് വർഷത്തിലും ഇവയുടെ വസ്തുനികുതി ഈടാക്കുന്നതിന് നഗരസഭ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല എന്നത് ഗൌരവമേറിയ വിഷയമാണ്.

അനധികൃതമായി നിർമ്മിച്ച് പ്രവർത്തനം നടത്തുന്ന മേൽ സൂചിപ്പിച്ച ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി അസസ്സ് ചെയ്യുന്നതിന്, ഉടമകൾക്ക് നഗരസഭ നോട്ടീസ് നൽകുകയോ, കെട്ടിടം അസസ്സ് ചെയ്ത് നമ്പർ ലഭിക്കുന്നതിന് ഉടമകൾ നഗരസഭയിൽ അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. അനധികൃത നിർമ്മാണങ്ങൾക്ക് ആ നിലയിൽ യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കാൻ നഗരസഭ ശ്രമിച്ചിട്ടില്ല. ടർഫ്/ ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതി അസസ്സ് ചെയ്തതിന്റെയും, മേൽ പട്ടികയിലെ ക്രമ നം.4 ലെ ടർഫിന്റെ തറവിസ്തീർണ്ണം കണക്കാക്കി വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സ.ഉ. (അച്ചടി) നം.25/2023/LSGD/5-4-2023 പ്രകാരം നിലവിൽ സ്പോർട്സ് ടർഫുകൾക്ക് / ബാഡ്മിന്റൺ കോർട്ടുകൾക്ക് വസ്തുനികുതി

നിരക്കുകളുടെ പരിധികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം നഗരസഭ പരിധിയിലെ സ്പോർട്സ് ടർഫുകൾക്ക് 2023-24 മുതൽ ചതുരശ്രമീറ്ററിന് 45 രൂപയായി വസ്തുനികുതി നിരക്ക് നിശ്ചയിച്ച് നഗരസഭ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. (കൗൺസിൽ തീരുമാനം നം.1/21.08.2023). 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം മേൽസൂചിപ്പിച്ച അനധികൃത നിർമ്മിതികൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി വസ്തുനികുതി ഈടാക്കാത്തത് മൂലം നഗരസഭയ്ക്ക് 2023-24 വർഷം 2,06,064/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

<u>നിയമാനുസൃത നിർമ്മിതിയ്ക്കു ബാധകമായ വസ്തുനികുതിയുടെ വിവരം</u>

| | നികുതി നിർണ്ണയിക്കേണ്ടത് (ടർഫ് / ബാഡ്മിന്റൺ കോർട്ട്) | | |
|---|---|---|---|
| | KCC ബാഡ്മിന്റൺ സ്റ്റേഡിയം | KICK OFF ഫുട്ബോൾ ടർഫ് | YWT ബാഡ്മിന്റൺ ഇൻഡോർ കോർട്ട് |
| തറ വിസ്തീർണ്ണം | 213 ച.മീറ്റർ | 784ച.മീറ്റർ | 275 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി @ ₹ 45/ $M^2$ | 9585 | 35280 | 12375 |
| മേഖല(പ്രഥമം) വർദ്ധനവ് / ഇളവ് -ഇല്ല | - | - | - |
| വഴി സൌകര്യം 20% വർദ്ധനവ് ( റോഡിന്റെ വീതി 5 മീറ്ററിൽ കൂടുതൽ) | 1917 | 7056 | 2475 |
| ആകെ വസ്തു നികുതി | 11502 | 42336 | 14850 |

നിയമാനുസൃത നിർമ്മിതിക്കു ബാധകമായ ആകെ വസ്തുനികുതി = 11502+ 42336+ 14850 = 68,688/-

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തുനികുതി= 68688×3= 2,06,064/- രൂപ

നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ ഉണ്ടായ ആകെ നഷ്ടം - 2,06,064/-രൂപ

2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടും വസ്തുനികുതി അസസ്സ് ചെയ്തീടാക്കുന്നതിൽ നഗരസഭയുടെ ഭാഗത്ത് ഗുരുതര വീഴ്ച്ച സംഭവിച്ചത് മൂലം 2022-23 റിപ്പോർട്ടിൽ പരമർശിച്ചിട്ടുള്ള ടർഫ് / ബാഡ്മിന്റൺ കോർട്ടുകളുടെ വസ്തുനികുതിയിനത്തിൽ മാത്രം നഗരസഭയ്ക്ക് 2023-24 വർഷം 2,06,064/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. മേൽ പട്ടികയിലെ ക്രമ നം. 4 ലെ ഗാലക്സികോ സ്പോർട്സ് ഹബ് എന്ന അനധികൃതമായി നിർമ്മിച്ചു പ്രവർത്തിക്കുന്ന ടർഫിന് കേരള മുനിസിപ്പാലിറ്റി നിയമത്തിലെ സെക്ഷൻ 242(1) പ്രകാരം യു.എ നമ്പർ നൽകി രജിസ്റ്ററിൽ രേഖപ്പെടുത്തി, തറ വിസ്തീർണ്ണം കണക്കാക്കി മേൽ പട്ടികയിലെ മറ്റ് മൂന്ന് നിർമ്മിതികളിൽ നിന്നും ഡിമാന്റ് ചെയ്യുന്നത് പോലെ മൂന്നിരട്ടി വസ്തുനികുതി ഈടാക്കേണ്ടതും മേൽ പട്ടികയിൽ സൂചിപ്പിച്ച നാല് അനധികൃത നിർമ്മിതികളിൽ നിന്നും സെക്ഷൻ 242(1) പ്രകാരം മൂന്നിരട്ടി വസ്തുനികുതി ഈടാക്കിയ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം ഈ ഇനത്തിൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. 22.03.2023 ലെ സ.ഉ(കൈ) നം: 7/2023/തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളിലും വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം ഉണ്ടാകുന്നതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 വർഷത്തെ കുടിശ്ശിക ഉടമസ്ഥരിൽ നിന്നും ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ - അധികം ചെലവഴിച്ച തുക നിരാകരിക്കുന്നു

പ്രോജക്ടിന്റെ പേര് - വിവിധ വാർഡുകളിലേയ്ക്ക് എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ

പ്രോജക്ടിന്റെ നമ്പർ - S0 0198/24

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 4,90,000/- (തനത് ഫണ്ട്)

ചെലവ് തുക - 4,85,496/- (ചെക്ക് നം.146159/27.9.23)

2022-23 വർഷം അംഗീകാരം ലഭിച്ച മേൽ സ്പിൽ ഓവർ പദ്ധതി പ്രകാരം വിവിധ വാർഡുകളിലെ തെരുവ് വിളക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനായി ബി.ഐ.എസ് മുദ്രയുള്ള 30W LED Light (Crompton / Havells), Clamp എന്നിവയ്ക്കായി 27.3.23-ൽ ടെണ്ടർ ക്ഷണിച്ചതിനെ തുടർന്ന് താഴെപറയുന്ന സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയുണ്ടായി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ക്വോട്ട് ചെയ്ത ഉപകരണം, നിരക്ക് |
|---|---|---|
| 1 | എ.ബി.ബി.എസ് എന്റർപ്രൈസ്, കാർത്തികപ്പള്ളി | Havells 30W LED - 1549/-<br>ക്ലാമ്പ് - 399 |
| 2 | എസ്.കെ ലൈറ്റ്സ്, ആദിനാട് | Havells 30W LED - 1636/-<br>Cropton 30W LED - 1446/-<br>ക്ലാമ്പ് - 350/- |
| 3 | ഫോണിക്സ് എൽ.ഇ.ഡി വയനാട് | Havells 30W LED - 2428/-<br>ക്ലാമ്പ് - നിരക്ക് രേഖപ്പെടുത്തിയില്ല. |
| 4 | ലമ്പോർ സൊല്യൂഷൻസ്, മരട് | ലൈറ്റ് ഇനം വ്യക്തമാക്കിയില്ല - 1865/-<br>ക്ലാമ്പ് - 313/- |

| | | |
|---|---|---|
| 5 | കെ.വി.എം അസോസിയേറ്റ്സ്, തേവലക്കര | Havells 30W LED - 1662/-<br>ക്ലാമ്പ് - 290/- |

ഹാവൽസ് ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറും ക്രോംപ്ടൺ ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ടെണ്ടറും അംഗീകരിച്ച് തീരുമാനിച്ചുവെന്നാണ് നഗരസഭാ കൗൺസിലിന്റെ 27.6.2023-ലെ 21-ാം നമ്പർ തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ക്രോംപ്ടൺ ലൈറ്റിന് ഒരു സ്ഥാപനം മാത്രമാണ് നിരക്ക് ക്വോട്ട് ചെയ്തതെന്ന കാരണത്താൽ ആയത് ഒഴിവാക്കി ഹാവൽസ് ലൈറ്റിന് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത എ.ബി.ബി.എസ് എന്റർപ്രൈസ്, കാർത്തികപ്പള്ളി നിന്നും വാങ്ങുവാൻ സെക്രട്ടറി ഫയലിൽ നിർദ്ദേശിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിൽ നിന്നും 264 എണ്ണം LED Light, Clamp എന്നിവ വാങ്ങിയിട്ടുണ്ട്.

27.3.23-ൽ പുറപ്പെടുവിച്ച ടെണ്ടർ നോട്ടീസിൽ ബി.ഐ.എസ് മുദ്രയുള്ള 30W LED Light (Crompton / Havells), Clamp എന്നിവയുടെ നിരക്ക് രേഖപ്പെടുത്തി ടെണ്ടർ സമർപ്പിക്കുവാനാണ് നിർദ്ദേശിച്ചിരുന്നത്. ഇതിൻപ്രകാരമാണ് മേൽ സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (Cropton 30W LED – 1446/- ക്ലാമ്പ് - 350/-) എസ്.കെ ലൈറ്റ്സ്, ആദിനാട് എന്ന സ്ഥാപനത്തിൽ നിന്നും ഗുണനിലവാരമുള്ളതും താരതമ്യേന കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തതുമായ ക്രോംപ്ടൺ ലൈറ്റ് വാങ്ങുന്നതായിരുന്നു ഉചിതം. ടെണ്ടറിൽ ഒരു ലൈറ്റിനും ക്ലാമ്പിനും കൂടി 1948/- രൂപയാണ് എ.ബി.ബി.എസ് എന്റർപ്രൈസ് ക്വോട്ട് ചെയ്തിരുന്നതെങ്കിലും ടാക്സ് ഇൻവോയ്സിൽ 1,839/- രൂപയായി നിരക്ക് കുറച്ചിട്ടുണ്ട്. എന്നിരുന്നാലും എസ്.കെ ലൈറ്റ്സ്, ആദിനാട് ക്വോട്ട് ചെയ്ത നിരക്കുമായി (1796) താരതമ്യപ്പെടുത്തുമ്പോൾ 43/- രൂപയുടെ വ്യത്യാസമുണ്ട്.

ഒരോ വാർഡിന്റേയും ചുമതലയുള്ള മരാമത്ത് വിഭാഗം ഓവർസീയർമാർ ലൈറ്റുകൾ (ഒരു വാർഡിലേയ്ക്ക് 6 എണ്ണം വീതം) കൈപ്പറ്റിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവ ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നതു സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.വിതരണ രേഖകളുടെ അഭാവത്തിൽ ആകെ ചെലവ് തുകയായ 4,85,496 രൂപയിൽ നിന്നും 11,352/- രൂപ കുറച്ചുള്ള തുകയായ 4,74,144 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/31.1.25) മറുപടി ലഭ്യമാക്കിയില്ല.

## 3-2 ഗവ.യു.പി.എസ്. കൃഷ്ണപുരം കെട്ടിടം അറ്റകുറ്റപ്പണി പാതിവഴിയിൽ

| | |
|---|---|
| പ്രോജക്ട് നം. | S0315/24 |
| പ്രവൃത്തിയുടെ പേര് | ഗവ.യു.പി.എസ്. കെട്ടിടം മെയിന്റനൻസ് |
| അടങ്കൽ | 6,00,000 രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവഴിച്ച തുക | 4,65,786 രൂപ ബിൽ നം. 35/11.1.24 |
| ഇ എം ബുക്ക് നം. | 8081/22 |
| പി എ സി | 5,07,562/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നാസർ കെ. |

കൃഷ്ണപുരം യു.പി.എസിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സ്കൂളിൽ ഇൻറർലോക്ക് ഇടുക, പെയിന്റിംഗ്, ഡ്രെയിനേജ് നിർമ്മാണം എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. ടി പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ ഇനം 13.47.1 പ്രകാരം ക്ലാസ്സ് റൂമുകൾ പ്രവർത്തിക്കുന്ന രണ്ട് ഹാളുകളുടെയും പെയിന്റിംഗ്, ഓട നിർമ്മാണം, ഇന്റർലോക്കിംഗ് തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതിൽ ഹാളുകളുടെ പെയിന്റിംഗ് 780.071 Sqm ചെയ്തതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഭൌതിക പരിശോധന നടത്തിയിതിൽ 12.47 Sq M ൽ ഭാഗത്ത് പുതിയ പെയിന്റിംഗ് വർക്ക് നടത്തിയിട്ടില്ല (11.52sqM ഭിത്തിയിൽ ആർട്ട് വർക്ക് ചെയ്തിട്ടുള്ളതായും 0.945 Sqm ഭിത്തി നോട്ടീസ് ബോർഡുമാണ്). എന്നാൽ പെയിന്റ് ചെയ്തിട്ടില്ലാത്ത ഈ ഭാഗം കുറവ് ചെയ്യാതെയാണ് മെഷർമെന്റ് എടുത്തിട്ടുള്ളത്. വിശദാംശം ചുവടെചേർക്കുന്നു.

| ഇനം | നിരക്ക് | എം ബുക്ക് പ്രകാരം | കുറവ് ചെയ്യേണ്ട | ചെയ്ത പ്രവൃത്തിയുടെ | നൽകേണ്ട തുക | നൽകിയ തുക | അധികം നൽകിയ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | ചെയ്ത പ്രവൃത്തിയുടെ അളവ് | അളവ് | അളവ് | | | തുക |
| 13.47.1: New Work (Two Or More Cots Applied @ 1.43 Litre | 190 | 780.071 | 12.47sqm | 767.601 | 145844 | 148213 | 2369 |

മേൽ പരാമർശിച്ച പ്രകാരം കരാറുകാരന് പെയിന്റിംഗ് ഇനത്തിൽ 2,369 രൂപ അധികം നൽകിയിട്ടുണ്ട്.

സ്കൂൾ കോമ്പൌണ്ടിൽ വെള്ളം കെട്ടി നിൽക്കാതിരിക്കുന്നതിന് ഓട നിർമ്മിച്ചിട്ടുണ്ടെങ്കിലും ഈ ഓടയുടെ അവസാന ഭാഗം മൂടുകയോ റോഡിനോട് ചേർന്നുള്ള പ്രധാന ഓടയുമായി കൂട്ടിച്ചേർക്കുകയോ ചെയ്തിട്ടില്ല. അതിനാൽ സ്കൂൾ പരിസരത്ത് തന്നെ വെള്ളം കെട്ടി നിൽക്കുന്ന അവസ്ഥയാണ്. ഹാളുകളുടെ ഭിത്തി പെയിന്റ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പല ഭാഗത്തും പെയിന്റിംഗ് ഭിത്തിയിൽ നിന്ന് അടർന്ന് മാറിയ നിലയിലാണുള്ളത്. 7.12.22 ൽ ആരംഭിച്ച ഈ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. ഇതിൻ പ്രകാരം 7. 9.2023 ൽ (ഗ്രേസ് പീരിയഡ് ഉൾപ്പടെ) പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. 10.10.23 ൽ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെടുകയും പൂർത്തീകരണ കാലാവധി നീട്ടി നൽകുകയും ചെയ്തു. ഇപ്രകാരം സപ്ലിമെന്ററി എഗ്രിമെന്റ് ചമയ്ക്കാനുണ്ടായ കാരണം വ്യക്തമല്ല. പാർട്ട് ബില്ലായാണ് തുക നൽകിയിട്ടുള്ളത് എങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതായും അതിനാൽ റിട്ടൻഷനായി പിടിച്ച തുക തിരികെ നൽകണമെന്നും ആവശ്യപ്പെട്ട് കരാറുകാരൻ 4.8.23 ൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയതിന്റെ

അടിസ്ഥാനത്തിൽ റിട്ടൻഷനായി പിടിച്ചിരുന്ന 9,868 രൂപ 24.7.24 ൽ ചെക്ക് നം. 005454 പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കാതെ തന്നെ റിട്ടൻഷൻ തുക കരാറുകാരന് തിരികെ നൽകാനുണ്ടായ കാരണവും വ്യക്തമല്ല. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/31.1.2025) ലഭ്യമാക്കിയ മറുപടിയിൽ പെയിന്റ് ചെയ്ത ഏരിയ എടുത്തിനുശേഷം ചിത്രങ്ങളുടെ അളവ് കുറവ് ചെയ്യാൻ വിട്ട് പോയതാണ് എന്നും ഓട നിർമ്മാണം നടത്തിയതിനു ശേഷം സ്കൂൾ പരിസരത്ത് വെള്ളക്കെട്ട് വന്നിട്ടില്ലാത്തതാണ് എന്നും സ്കൂൾ അധികൃതർ തന്നെ മതിൽ പൊളിച്ച് അവശിഷ്ടങ്ങൾ കൂട്ടിയിട്ടതാണ് എന്നും ഓടയുടെ അവസാന ഭാഗം റോഡിലെ കൾവർട്ടുമായി കൂട്ടിമുട്ടിച്ചിട്ടുള്ളതായും അറിയിച്ചു. കൂടാതെ ഓട മൂടുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയതായും പ്രവൃത്തി പൂർത്തീകരിച്ചതായും അറിയിച്ചു. എന്നാൽ ഭൌതിക പരിശോധനയിൽ ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും പെയിന്റിംഗ് നടത്തിയിതിൽ അപാകതകൾ ഉള്ളതായും കണ്ടു. അതിനാൽ ആകെ ചെലവ് തുകയിൽ നിന്ന് പെയിന്റംഗ് ഇനത്തിൽ അധികം ചെലവഴിച്ച

2,369/- രൂപ കഴിച്ചുള്ള 4,63,417/- രൂപ (465786- 2369) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.





ഭിത്തിയിലെ പെയിന്റിംഗ് ഇളകിയ നിലയിൽ

**3-3 അങ്കണവാടി നവീകരണം -പെയിന്റിംഗ് ഇനത്തിൽ തുക അധികം ചെലവഴിച്ചു**

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ടിന്റെ പേര്: അങ്കണവാടി നവീകരണം വാർഡ് 9

പ്രോജക്ട് നം. 227/24

കരാറുകാരൻ: നജീം എച്ച്.

അടങ്കൽ : 1,50,000

ചെലവഴിച്ച തുക : 1,35,853 രൂപ

ബിൽ നം. 47/22.1.24

നഗരസഭയിലെ വാർഡ് 9 ലെ അങ്കണവാടി നവീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടിലെ എസ്റ്റിമേറ്റ്, ഇ .എം ബുക്ക്(നം. Estt. 82805/ 2022) എന്നിവ പ്രകാരം ഇനം 13.1.1 ൽ ഉൾപ്പെടുത്തി 75 മീറ്റർ നീളത്തിലും 1.050 മീറ്റർ വീതിയിലും കോമ്പൌണ്ട് വാൾ പ്ലാസ്റ്റർ ചെയ്തിട്ടുണ്ട്. ഇനം 13.44.1 പ്രകാരം ഫിനിഷിംഗ് വാൾ വിത്ത് വാട്ടർ പ്രൂഫിംഗ് സിമന്റ് സിമന്റ് പെയിന്റ് ... എന്ന ഇനം 101 മീറ്റർ നീളത്തിലും 1.5 മീറ്റർ വീതിയിലും ചെയ്തിട്ടുണ്ട്. പെയിന്റിംഗ് നടത്തിയ പ്രതലമായി 75 മീറ്റർ നീളത്തിലും 1.050 വീതിയിലും അങ്കണവാടിയും 26 മീറ്റർ നീളവും .450വീതിയും അൺ ഡിഫൈന്ഡ് എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇതേ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഇനം 14.64.1 ആയി ഫിനിഷിംഗ് വാൾ വിത്ത് വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് ഓഫ് റിക്വയർഡ് ഷേഡ് ഓൾഡ് വർക്ക് എന്ന ഇനം കോമ്പൌണ്ട് വാളിൽ ( 2x75x1.2(180sqm) ) ചെയ്തിട്ടുണ്ട്. ഇത് പ്രകാരം കോമ്പൌണ്ട് വാൾ രണ്ട് പ്രാവശ്യം പെയിന്റ് ചെയ്തിട്ടുള്ളതായി കാണുന്നു. കൂടാതെ കോമ്പൌണ്ട് വാളിന്റെ ഒരു വശം മാത്രമേ പ്ലാസ്റ്റർ ചെയ്തിട്ടുള്ളൂവെങ്കിലും രണ്ട് വശത്തും പെയിന്റ് ചെയ്തതായി കാണിച്ചിരിക്കുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 56/3.2.25)മറുപടി നൽകിയില്ല. ഇപ്രകാരം കോമ്പൌണ്ട് വാളിൽ പുതിയ പ്രതലത്തിലേയ്ക്കുള്ള പെയിന്റിംഗും പഴയ പ്രതലത്തിലേയ്ക്കുള്ള പെയിന്റിംഗും ഒരേ സമയം ചെയ്യുന്നതിനായി എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റിലെ ഇനം 13.44.1 പ്രകാരം 75 മീറ്റർ നീളത്തിലും 1.050 മീറ്റർ വീതിയിലും അതായത് 78.75 Sqm ൽ 122.72/Sq (112.08 /Sqm+Tender Variation9.5% Above) നിരക്കിൽ പെയിന്റിംഗിനായി ചെലവഴിച്ച 9,664 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## <u>3-4 ഫിസിയോതെറാപ്പി ഉപകരണങ്ങൾ അടിസ്ഥാന സൌകര്യമൊരുക്കാതെ വാങ്ങൽ നടത്തി</u>

പ്രോജക്ട് നമ്പർ -S0543/24

പ്രോജക്ടിന്റെ പേര് - ആയുർവ്വേദ ആശുപത്രിയിൽ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

അടങ്കൽ - 2,00,000/-(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് )

ചെലവ് -1,99,968/-(BRN No.23070347001101463892 /23.03.2024)

മേൽ പ്രോജക്ടിൽ ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങുന്നതിനായി ട്രാവൻകൂർ റീഹാബ്സ് എന്ന സ്ഥാപനത്തിന് ഇൻസ്റ്റലേഷൻ ചാർജ്ജ് 3,000/- രൂപ ഉൾപ്പടെ ആകെ 1,99,968/- രൂപ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. 21.03.2024 ലെ ഇൻവോയ്സ് നം. A0094 പ്രകാരം ഈ ഉപകരണങ്ങൾ സ്റ്റോക്കിലും എടുത്തിട്ടുണ്ട്. എന്നാൽ 28.01.2025 ൽ ആയുർവ്വേദ ആശുപത്രിയിൽ നടത്തിയ ഭൌതിക പരിശോധനയിൽ പ്രസ്തുത ഉപകരണങ്ങളുടെ ഇൻസ്റ്റലേഷൻ നടത്തുകയോ, ഫിസിയോതെറാപ്പിസ്ററിനെ നിയമിക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമായി. ഉപകരണങ്ങൾ ആശുപത്രിയിൽ ഡോക്ടർമാരുടെ റൂമിൽ സൂക്ഷിച്ചിരിക്കുകയാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന ആയുർവേദ ആശുപത്രിയിൽ നിലവിൽ പരിമിതമായ സൌകര്യങ്ങൾ മാത്രമാണുള്ളത്. കിടത്തിചികിത്സയുള്ള ആശുപത്രിയിൽ രോഗികളെ കിടത്തുന്നതിനോ ഡോക്ടർമാർക്ക് ഇരിക്കുന്നതിനോ മരുന്നുകൾ സൂക്ഷിക്കുന്നതിനോ വേണ്ടത്ര സൌകര്യങ്ങളില്ല.





ജെം-ൽ പ്രസ്തുത ഉപകരണങ്ങൾ ലഭ്യമല്ലായിരുന്നതിനാൽ 17.02.2024-ന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ തുകയായ 1,99,968/- രൂപ ക്വാട്ട് ചെയ്ത ട്രാവൻകൂർ റീഹാബ്സ്- ന്റെ ടെണ്ടർ അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വേണ്ടത്ര അടിസ്ഥാന സൈകര്യങ്ങൾ ഒരുക്കാതെ വാങ്ങൽ നടത്തിയത് സംബന്ധിച്ച് വിശദീകരണവും, ഉപകരണങ്ങളുടെ വാറന്റി സംബന്ധിച്ചുള്ള വിവരങ്ങളും ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം നം. 5/29.01.2025 ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഇപ്പോൾ ആശുപത്രി പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിലെ താഴത്തെ നിലയിലെ സ്ഥലപരിമിതിയും ലിഫ്റ്റ് സൌകര്യം കെട്ടിടത്തിൽ ലഭ്യവുമല്ലത്തതിനാലും, ഫിസിയോതെറാപ്പി ആവശ്യമായി വരുന്നത് പക്ഷാഘാതരോഗികൾക്കും, മറ്റ് രോഗങ്ങൾ മൂലം ചലനശേഷി കുറഞ്ഞവർക്കുമായതിനാലുമാണ് ഉപകരണങ്ങൾ മുകളിലത്തെ നിലയിലെ പരിമിതമായ

സ്ഥലത്ത് സ്ഥാപിക്കാതിരുന്നത് എന്ന് അറിയിച്ചു. ഹാജരാക്കിയ വാറന്റി കാർഡ് പ്രകാരം ഇൻവോയ്സ് തീയതി (21.03.2024) മുതൽ 1 വർഷത്തേക്കാണ് വാറന്റി കാലാവധി.

വാറന്റി കാലാവധി പൂർത്തിയാകാറായിട്ടും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്കു ചെലവായ 1,99,968/- രൂപയിൽ ഇൻസ്റ്റലേഷനായി ചെലവഴിച്ച 3,000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലാത്തതിനാൽ ബാക്കി 1,96,968/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഫിസിയോതെറാപ്പി ഉപകരണങ്ങൾ സ്ഥാപിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം: 696/29-03-24 | 5,72,559 | 0 | 5,72,559 |

| | | | | | |
|---|---|---|---|---|---|
| | | CFC-Untied | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭ ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ പി.എം.എ.വൈ ലൈഫ് ഭവന പദ്ധതി | 111/2018/ LSGD/Dtd 21.02.2019 | 5,80,00,000 | 4,00,13,334 | 38,66,666 | - | *3,61,46,668 |
| വെജിറ്റബിൾ മാർക്കറ്റ് കെട്ടിട നിർമ്മാണം (KURDFC) | ലഭ്യമല്ല | ലഭ്യമല്ല | 1,53,13,873 | 77,54,578 | - | 75,59,295 |

*ജി.ഒ. പ്രോജക്ട് മുഖേന അടവാക്കിയ 38,66,666/- രൂപ ബാധ്യതയിൽ നിന്ന് കുറവ് വരുത്താതിരുന്നതിനാൽ പ്രസ്തുത തുക കൂടി ചേർന്ന തുകയാണ് വാർഷിക കണക്ക് ബി-5 ൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽ പട്ടികയിൽ യഥാർത്ഥ തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | | 2016-17 | 4.7(1) | ഐ.ടി.ഐ സ്ഥലമെടുപ്പ് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| 2004-05 | 2-17 | 2016-17 | 4-7(2) | സ്റ്റേഡിയം സ്ഥലമെടുപ്പ് | മറുപടി സമർപ്പിച്ചിട്ടുണ്ട് |
| | 2-19 | 2016-07 | 4-7(3) | അറവുശാല സ്ഥലമെടുപ്പ് | മറുപടി സമർപ്പിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

1.ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുക

ഇല്ല.

2. <u>സർചാർജ്ജ് നടപടികളുടെ വിവരം</u>

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 26,84,08,340/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 27,30,76,932/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 879400/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 26385/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7530700/- |

**(ബി) <u>നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 2-1 | 62,500/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-2 | 1,41,250/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-3 | 24,000/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |

| | | | |
|---|---|---|---|
| 2-4 | 1,49,749/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-5 | 16,983/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-6 | 24,454/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-7 | 2,54,400/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 2-8 | 2,06,064/- | | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 3-1 | | 11,352/- | ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി |
| 3-2 | | 2,369/- | ശ്രീമതി ആര്യാശങ്കർ എം.<br>എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 9,664/- | ശ്രീ.വിനുരാജ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 3,000/- | ഡോ.അജിത ഐ.റ്റി.<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) |
| ആകെ | 8,79,400/- | 26385/- | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 6,61,760/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-29 | 4,63,417/- | ശ്രീമതി. ആര്യാശങ്കർ എം.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-30 | 3,74,000/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-31 | 6,95,622/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-33 | 4,74,144/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-35(1) | 47800 | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-35(2) | 3,87,140/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-45 | 70,000/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-49 | 10,45,783/- | ഡോ.ഷാജി എസ്., മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-50 | 10,18,712/- | ഡോ.ഷാജി എസ്., മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-51 | 1,09,750/- | ഡോ.ഷാജി എസ്., മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി |
| 1-53 | 1,50,000/- | ശ്രീ.സുനിൽ ചന്ദ്രൻ,<br>പ്രിൻസിപ്പൾ,<br>ഗവ: ബോയ്സ് ഹയർ സെക്കൻററി സ്കൂൾ,<br>കായംകുളം |

| | | |
|---|---|---|
| 1- 57 | 1,96,968/- | ഡോ.അജിത ഐ.റ്റി.<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 1-60 | 5,72,559 | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-61 | 10,00,000/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-68 | 2,53,710/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| 1-69 | 9,335/- | ശ്രീ.സനിൽ എസ്., മുനിസിപ്പൽ സെക്രട്ടറി |
| ആകെ | 75,30,700/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നം. | തുക | ഇന വിവരം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-47 | 35,081/- | GST-TDS | ശ്രീ.സുനിൽ ചന്ദ്രൻ, പ്രിൻസിപ്പൾ, ഗവ: ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കായംകുളം |
| 1-48 | 12,000/- | IT-TDS | ശ്രീ.സുനിൽ ചന്ദ്രൻ,പ്രിൻസിപ്പൾ, ഗവ: ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, കായംകുളം |
| 1-68 | 2,537/- | IT-TDS | ശ്രീ.സനിൽ എസ്. മുനിസിപ്പൽ സെക്രട്ടറി |
| ആകെ | 49,618/- | | |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സനിൽ എസ്.<br>മുനിസിപ്പൽ സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി<br>കായംകുളം നഗരസഭ | ശ്രീനന്ദനം<br>കല്ലുംമൂട്<br>കൃഷ്ണപുരം, കായംകുളം |
| ശ്രീ.സുനിൽ ചന്ദ്രൻ,<br>പ്രിൻസിപ്പൾ | പ്രിൻസിപ്പൾ,<br>ഗവ: ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ,<br>കായംകുളം | ബിന്ദു മന്ദിരം, കുരിയാത്തി,<br>പനക്കോട് പി.ഒ.,<br>നെടുമങ്ങാട് |
| ഡോ.ഷാജി എസ്.<br>മെഡിക്കൽ ഓഫീസർ<br>താലൂക്ക് ആശുപത്രി | താലൂക്ക് ആശുപത്രി<br>കായംകുളം | ചന്ദനം<br>ഇടക്കൊച്ചി,<br>ഡോ.അംബേദ്ക്കർ റോഡ്,<br>എറണാകുളം |
| ഡോ.അജിത ഐ.റ്റി.<br>മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ. ജില്ലാ ആയുർവേദ ആശുപത്രി, വർക്കല | മൌക്തികം,<br>TC48/667(1),<br>അമ്പലത്തറ,<br>പൂന്തുറ പി.ഒ.,<br>തിരുവനന്തപുരം-695010 |

| നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വിനു രാജ്, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൊച്ചിൻ കോർപ്പറേഷൻ | ഹാബിറ്റാറ്റ് ഡിസ്ട്രിക്റ്റ് ആയുർവേദ ഹോസ്പിറ്റലിന് എതിർവശം വർക്കല പി.ഒ., തിരുവനന്തപുരം |
| ശ്രീമതി ആര്യാ ശങ്കർ എം.എസ്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, റാന്നി ബ്ലോക്ക് പഞ്ചായത്ത് | മഞ്ചിമ/റ്റി സി66/2214(2) കോളിയൂർ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1971-72 മുതൽ 1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.1985 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.1985 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.1985 |

| | |
|---|---|
| 1983-84 | എൽ.എഫ്.എ.5-375/86/31.10.1986 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.1986 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.1990 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.1990 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/ 21.11.1990 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.1993 |
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.1993 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.1996 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.1998 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/ 07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/ 01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/ 12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/ 07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/ 11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/ 01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/ 09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/ 15.02.07 |
| 2001-02(വരവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09 |

| | |
|---|---|
| 2001-02(ചെലവ്) | എൽ.എഫ്.എ.4-1030/03/11.12.03/ 09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/ 10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/ 01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/ 10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/ 01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/ 01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/ 06.02.2010 |
| 2007-08 To 2009-10 | എൽ.എഫ്.എ.എം1-1094/12/ 25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1-1306/2014/ 23.08.14/04.02.15 |
| 2012-13 | എൽ.എഫ്.എ.എം1-634/2015/ 08.05.15/05.06.15 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.എം.1/1079/ 15/07.09.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.എം.1/848/ 16/01.08.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.ജി.എ5-169/ 17/14.02.17/ 17.02.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.ജി.എ5-1262/17/24.10.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-ജി.എ5-266/24.05.2019 |
| 2018-19 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ.8-15/2020/ 08.06.2020 |

| | |
|---|---|
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-369/2022/31.03.2022 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-370/2022/03.07.2022 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-414/2023/11.04.2023 |
| 2022-23 | നം.കെ.എസ്.എ-എ.എൽ.പി/ജിഎ8-76/2024/23.03.2024 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 30-07-2024 and submitted on 31-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kayamkulam Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of Kayamkulam Municipality as on 31-03-2024

**Date: 27/03/2025** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kayamkulam Municipality for the Year 2023-2024.

### 1.Major Observations

1. The financial statements for the year ended on 31-03-2024 are subject to uncertainty to some extent, particularly regarding the position of assets and liabilities, due to the integration challenges encountered during the transition from Sankya software to K-Smart application. The non adaptability issues related to porting of data from K-Smart to sankya are detailed in the audit report as separate paragraphs.
2. There is huge arrears in Street water charge, but not included in the AFS

### 2.Other Observations

1. Finance Commission grant - income and expenditure amounts are not matching
2. All statements are not included in AFS
3. Demand is not recorded at the time of origination
4. The accuracy of the liabilities included in B-4 schedule was not explained

5. Amounts included in the head Capital Work in Progress are not converted into assets
6. DCB Registers and Annual Accounts are not matching
7. Loan liability not shown as asset
8. Various Liabilities - No records to ensure accuracy
9. Absence of documents to ensure correctness of refundable deposits like security deposit, EMD etc.
10. Advances are included in the AFS as payment

11. A negative figure is included as a liability on stale cheques
12. Store related information not available.
13. Reconciliation of Bank accounts are not done.
14. Expenditure on various welfare schemes and Ayyankali Urban Employment Scheme are not included in the AFS.
15. Amounts paid in advance for administrative expenses(AUEGS) are not included in the AFS
16. Classification, valuation and accounting of municipal assets are not up to date
17. Loan liability is inaccurate.
18. Development Fund (General, SCP) expenditure amount is not matching with Sulekha expenditure Statement.

19. Bank Account Statement, Bank Book and Reconciliation Statements are not fully furnished, accuracy of year-end closing amounts could not be ensured

Senior Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കായംകുളം മുൻസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്